14 -ാം കേരള നിയമസഭ

22 -ാം സമ്മേളനം

20-January-2021,Wednesday

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങ**ൾ**

[ ആകെ ചോദ്യങ്ങ**ൾ** : **391** ]

| **മറുപടി ന**ൽ**കുന്ന മന്ത്രിമാ**ർ | **ചോദ്യം നമ്പ**ർ |
|---|---|
| മുഖ്യമന്ത്രി | : 1879 മുത**ൽ** 2259 വരെ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 2037 മുത**ൽ** 2042 വരെ |
| റവന്യൂവും ഭവനനി**ർ**മ്മാണവും വകുപ്പുമന്ത്രി | : 2041 |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : 2050 മുത**ൽ** 2214 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : 2215 മുത**ൽ** 2258 വരെ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : 2226 |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : 2260 മുത**ൽ** 2273 വരെ |

## കോവിഡ് തടയുന്നതിനുള്ള നടപടികൾ

**1879.**

ശ്രീ. പി കെ അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് തടയുന്നതിന്റെ ഭാഗമായി മാസ്ക് ധരിക്കാത്തവരി**ൽ**നിന്ന് 30 .12.2020 വരെ എന്ത് തുക പിരിച്ചെടുത്തു;

( ബി )

അതേ മാതൃകയിൽ സാമൂഹ്യ അകലം പാലിക്കാതെ യാത്ര ചെയ്തവരിൽ നിന്ന് എന്തെങ്കിലും തുക ഈടാക്കിയിരുന്നോ; എങ്കിൽ 30.12.2020 വരെ എന്ത് തുക പിരിച്ചെടുത്തു;

( സി )

കെ.എസ്.ആ**ർ**.ടി.സി ബസ്സിൽ മാത്രം യാത്രക്കാർ സാമൂഹ്യ അകലം പാലിക്കുന്നതിൽ കോവിഡ് പ്രോട്ടോക്കോളി**ൽ** ഇളവ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കെ.എസ്.ആ**ർ**.ടി.സി ബസ്സുകളിൽ മാത്രം എപ്രകാരമാണ് യാത്രക്കാരെ ചേർത്തിരുത്തിയുള്ള യാത്ര കോവിഡ് പ്രോട്ടോക്കോളിന് വിധേയമായിട്ടെന്ന് വ്യക്തമാക്കുമോ?

## അടിസ്ഥാന മേഖലകളിലെ വികസനം

**1880.**
ശ്രീ. തിരുവഞ്ചൂ**ർ** രാധാകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

അടിസ്ഥാന മേഖലകളിൽ വികസനം ഉണ്ടാക്കുന്നതിന് സംസ്ഥാനം ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ടെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

( ബി )

ഉൽപാദന മേഖലകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും നമുക്ക് അനുയോജ്യമായ പുതിയ വ്യവസായ മേഖലകളിലേക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ ;

( സി )

മാറുന്ന സാഹചര്യത്തിൽ സംസ്ഥാനം കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട വളർച്ചാ മേഖലകൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

( ഡി )

ആയതിന്റെ അടിസ്ഥാനത്തിലാണോ സർക്കാർ കഴിഞ്ഞ നാലര വർഷവും പ്രവർത്തിച്ചത്; അതിന്റെ ഗുണഫലം സംസ്ഥാനത്ത് ദൃശ്യമാണോ; വിശദമാക്കുമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

**1881.**
ശ്രീ. വി.ജോയി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തിയതിനുശേഷം എത്ര സർവ്വീസ് സംഘടനകൾ പുതുതായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

( ബി )

അത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ പേരുവിവരങ്ങൾ വ്യക്തമാക്കാമോ?

## വിധവാ പെൻഷൻ

**1882.**
ശ്രീ . ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് വിധവാ പെൻഷൻ വാങ്ങുന്ന സ്ത്രീകൾ വർഷാവർഷം പുനർവിവാഹിതരല്ല എന്ന് അറിയിക്കുന്ന സാക്ഷ്യപത്രം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ടോ - വിശദാംശങ്ങൾ അറിയിക്കാമോ;

( ബി )

60 വയസ്സ് കഴിഞ്ഞ,വിധവാ പെൻഷൻ വാങ്ങുന്നവ**ർ**ക്ക് വാർദ്ധക്യകാല പെൻഷ**ൻ** സ്കീമിലേക്കു മാറാ**ൻ**

അവസരം നൽകുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

( സി )

പ്രസ്തുത സാക്ഷ്യപത്രം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതിന് പകരം ജനപ്രതിനിധികൾക്ക് സാക്ഷ്യപ്പെടുത്തുവാൻ ഉത്തരവാദിത്വം നൽകുന്ന കാര്യം പരിഗണിക്കുകയാണെങ്കിൽ അത് ജനങ്ങൾക്ക് ഏറെ ഉപകാരപ്പെടുമെന്നതിനാൽ സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമോ - വിശദമാക്കാമോ?

## സാമ്പത്തിക സംവരണം

**1883.**

ശ്രീമതി ഇ. എസ്. ബിജിമോ**ൾ**

ശ്രീ. കെ. രാജ**ൻ**

ശ്രീമതി സി. കെ. ആശ

ശ്രീ . മുഹമ്മദ് മുഹസി**ൻ** പി . : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയ 10% സംവരണം നടപ്പിലാക്കിത്തുടങ്ങിയോ; വ്യക്തമാക്കുമോ;

( ബി )

ഇതുവരെ ഏതെല്ലാം മേഖലകളിലാണ് സാമ്പത്തിക സംവരണം നടപ്പിലാക്കിയത് എന്നറിയിക്കുമോ;

( സി )

മൊത്തം ഒഴിവുകളിൽ 10% സംവരണമാണോ അതോ മറ്റ് സംവരണ ആനുകൂല്യം കഴിച്ചുള്ള ഒഴിവുകളിലെ 10% ആണോ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

( ഡി )

ഇതുവരെ ഏതൊക്കെ തസ്തികകളിലേക്കുള്ള നിയമനത്തിനാണ് പ്രസ്തുത സംവരണം നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

( ഇ )

വിദ്യാഭ്യാസ രംഗത്ത് അഡ്മിഷനുകൾക്ക് മുന്നോക്ക സംവരണം നടപ്പിലാക്കിത്തുടങ്ങിയോ എന്നും ഏതൊക്കെ മേഖലയിലുള്ള അഡ്മിഷനുകൾക്ക് എന്നു മുതലാണ് നടപ്പിലാക്കിയതെന്നും അറിയിക്കാമോ?

## അങ്കമാലി-ശബരി റെയിൽവേ ലൈൻ പദ്ധതി

**1884.**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനം ചെയ്യുന്ന അങ്കമാലി-ശബരി റെയിൽവേ ലൈൻ പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

( ബി )

നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിനുകൂടി പ്രയോജനം ചെയ്യുന്ന ഈ പദ്ധതി മലയോര മേഖലയിലെ ജനങ്ങൾക്കുകൂടി പ്രയോജനം ചെയ്യുംവിധം എരുമേലിയിൽ നിന്നും പുനലൂർ വരെ നീട്ടുന്നതിന് സാദ്ധ്യതാപഠനം നടത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സാക്ഷ്യപത്രം

**1885.**
ശ്രീ . ജി .എസ് .ജയലാ**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സാമ്പത്തികമായി പിന്നോക്കം നി**ൽ**ക്കുന്ന മുന്നോക്ക വിഭാഗങ്ങ**ൾ**ക്ക് സംസ്ഥാന സ**ർ**ക്കാ**ർ** നിയമനങ്ങളി**ൽ** സംവരണം ലഭിക്കുന്നതിന് സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സ**ർ**ട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അ**ർ**ഹതാമാനദണ്ഡങ്ങ**ൾ** എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

**1886.**
ശ്രീ. എസ്. ശ**ർ**മ്മ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
വൈപ്പിൻ നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്രപേർക്ക് സുരക്ഷിതഭവനം ഒരുക്കുന്നതിന് കഴിഞ്ഞുവെന്ന് വിശദമാക്കാമോ;
( ബി )
ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## സ്പ്രിംക്ലർ കമ്പനിയുമായുള്ള കരാർ

**1887.**
ശ്രീ .പി. കെ. ബഷീ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാന സർക്കാർ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സ്പ്രിംഗ്ളർ എന്ന അമേരിക്കൻ കമ്പനിയുമായി ഉണ്ടാക്കിയ കരാ**ർ** പ്രകാരം എത്ര കോവിഡ് രോഗികളുടെ എന്തെല്ലാം വ്യക്തി വിവരങ്ങളാണ് കൈമാറിയത്;
( ബി )
എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ തീരുമാനിക്കുകയോ പരിശോധന നടത്താൻ കമ്മീഷനെ നിയോഗിക്കുകയോ ചെയ്തിട്ടുണ്ടോ; വെളിപ്പെടുത്താമോ;
( സി )
ഒരു വിദേശ കമ്പനിയുമായി കരാർ ഉണ്ടാക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ജനസാന്ത്വനം പദ്ധതി

**1888.**
ശ്രീ . മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;
( ബി )
ഈ പദ്ധതിയിലേയ്ക്ക് ആകെ എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷകൾ തീർപ്പാക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്; വ്യക്തമാക്കാമോ?

## ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ

**1889.**
ശ്രീ .പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്ഘാടനം ചെയ്യുന്നതും എന്നാൽ മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ചതുമായ വൻകിട പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;
( ബി )
ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് ഉദ്ഘാടനം ചെയ്ത വൻകിട പദ്ധതികൾ ഏതെല്ലാമാണ്; ഇനിയും ഉദ്ഘാടനം ചെയ്യാത്തതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;
( സി )
ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വൻകിട പദ്ധതികൾക്കായി ആകെ എത്ര തുക ഇതിനകം വിനിയോഗിച്ചിട്ടുണ്ട്; ഇനി എത്ര തുക ഇതിനായി മാറ്റിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;
( ഡി )
ഇത്തരം പദ്ധതികളുടെ നടത്തിപ്പിനോ അല്ലെങ്കിൽ പ്രോജക്റ്റ് തയാറാക്കുന്നതിനോ കൺസൾട്ടൻസികളെ നിയമിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം കൺസൾട്ടൻസികളായിരുന്നുവെന്നും ഓരോ പദ്ധതിക്കുമായി കൺസൾട്ടൻസി ഫീസ് ഇനത്തിൽ എത്ര തുക നൽകിയെന്നും വെളിപ്പെടുത്തുമോ?

## കൊല്ലംജില്ലയിലെ എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ നിയമനം

**1890.**
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ കൊല്ലം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;
( ബി )

പ്രസ്തുത ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാ**ൻ** നടപടികൾ സ്വീകരിക്കുമോ;

( സി )

കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥിരം ഡ്രൈവർ തസ്തിക അവസാനമായി അനുവദിച്ചത് എന്നാണെന്ന് അറിയിക്കുമോ; സ്ഥിരം ഡ്രൈവർ തസ്തിക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## സിവിൽ പോലീസ് ഓഫീസർ

**1892.**

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലെ (കാറ്റഗറി നമ്പർ 657/2017) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി ഉത്തരവാക്കിയ ടെമ്പററി ട്രെയിനിങ് പ**ർ**പ്പസ് വേക്കൻസികൾ എത്രയാണെന്നറിയിക്കാമോ;

( ബി )

പ്രസ്തുത വേക്കൻസികൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

## പി.എസ്.സി യിലെ തസ്തിക സൃഷ്ടിക്കൽ

**1893.**

ശ്രീ . സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തിലെ അഭ്യസ്തവിദ്യരായ ലക്ഷോപലക്ഷം യുവജനങ്ങളുടെ ജോലിയെന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ സഹായിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.ക്ക് ജോലിഭാരത്തിനനുസൃതമായി ജീവനക്കാരില്ലെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

കോവിഡ് പ്രതിസന്ധി നേരിട്ട കാലയളവിൽ ആരോഗ്യമേഖലയിൽ ഡോക്ടർമാർ, നേഴ്സ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ യുദ്ധകാലാടിസ്ഥാനത്തിൽ സെലക്ഷൻ നടപടികൾ പൂർത്തിയാക്കി നിയമിക്കുവാൻ പരിശ്രമിച്ച പി.എസ്.സി.ക്ക് സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിച്ച് നൽകുവാൻ സർക്കാർ തയ്യാറാകുമോ;

( സി )

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും തസ്തികകൾ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുള്ള ഏതെങ്കിലും പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

## ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റ് തസ്തിക

**1894.**

ശ്രീ . ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തിലെ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിൽ നാളിതുവരെ ടൈപ്പിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ പേരുകളിൽ താൽക്കാലിക/ദിവസ വേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നുണ്ടെങ്കിലും പല ഗ്രാമപഞ്ചായത്തുകളും ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കണമെന്ന തീരുമാനമെടുത്ത് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

( ബി )

പ്രസ്തുത വിവരം പഞ്ചായത്ത് ഡയറക്ടറുടെ 14.05.2018-ലെ ഇ10-21788/2014 നമ്പറായി അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ വിശദമായി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

( സി )

ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

( ഡി )

ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച 120/ഇപിഎ1/15/തസ്വഭവ തീയ്യതി 21.12.2012. 14.05.2018 ലെ 3941931/2019-EPA/LSGDനമ്പർ ഫയലുകളിന്മേലുള്ള തീരുമാനം ലഭ്യമാക്കാമോ?

## ഹെഡ്ക്വാർട്ടേഴ്സ് തസ്തികകളിൽ സ്ഥലംമാറ്റ നിയമനം

**1895.**
പ്രൊഫ . കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ജില്ലാ തലത്തിൽ ഓഫീസുകളില്ലാത്ത വകുപ്പുകളിലെ ക്ലാർക്ക് തസ്തികകളിലെ ഒഴിവുകൾ ഹെഡ്ക്വാർട്ടേഴ്സ് തസ്തികകളായി പരിഗണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

ഹെഡ്ക്വാർട്ടേഴ്സ് നിയമനം മാത്രമുള്ള ഇത്തരം വകുപ്പുകളിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം, ജില്ലാ തല സ്ഥലംമാറ്റം എന്നിവ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( സി )

ഉണ്ടെങ്കിൽ പ്രസ്തുത വകുപ്പുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഉത്തരവുകളിൽ ആവശ്യമായ ഇളവുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം

**1896.**
ശ്രീ . ടി . എ . അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ അംഗീകരിക്കപ്പെട്ട തസ്തികകളുടെ എണ്ണം (കേഡർ സ്ട്രെങ്ത്) എത്രയാണ്;

( ബി )

നിലവിൽ പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ തിരിച്ചുള്ള കണക്ക് ഉൾപ്പെടെ നൽകാമോ;

( സി )

നിലവിൽ പൊതുഭരണ വകുപ്പിലെ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ കേഡർ സ്ട്രെങ്ത് പ്രകാരമുള്ള ജീവനക്കാരുണ്ടോ; ഇല്ലെങ്കിൽ ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## ഇ ഓഫീസ്

**1897.**

ശ്രീ .കെ .എ**ൻ** .എ. ഖാദ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലെയും ഫയൽ നീക്കം 'ഇ ഓഫീസ്' അധിഷ്ഠിതമായ ഓൺലൈൻ സംവിധാനത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇത്തരത്തിൽ ഓൺലൈൻ അധിഷ്ഠിത ഫയൽനീക്കം ഇനി നടപ്പിലാക്കാനുള്ളത്; വിശദാംശങ്ങൾ നൽകുമോ;

( ബി )

ഇത്തരത്തിൽ ഓൺലൈൻ അധിഷ്ഠിത ഫയൽനീക്കം നടപ്പിലാക്കിയ വകുപ്പുകളിലെല്ലാം ഓഫീസുകളിലെ ഫയലുകളുടെ സ്ഥിതി പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കാനാവുമോ; ഇല്ലെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇത്തരം സംവിധാനം ഇനി ഏർപ്പെടുത്താനുള്ളത്;

( സി )

പൊതുജനങ്ങൾ വളരെയധികം ആശ്രയിക്കുന്ന പ്രധാനപ്പെട്ട എല്ലാ ഓഫീസികളിലെയും ഫയൽ നീക്കം ഓൺലൈനായി തിരയുന്നതിന് സംവിധാനം ഏർപ്പെടുത്താൻ ഉടൻ നിർദ്ദേശം നൽകാമോ?

## എക്സൈസ് ഡ്രൈവർ തസ്തികയിലെ നിയമനം

**1898.**

ശ്രീ. എ**ൽ**ദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാന എക്സൈസ് വകുപ്പിൽ ഡ്രൈവർ നിയമനം നടത്തുന്നതിനുള്ള കാറ്റഗറി നമ്പർ 659/17 ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്നും അറിയിക്കാമോ ;

( ബി )

എക്സൈസ് ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

**1899.**
ശ്രീ . ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അവസാനമായി ഡി.എ. അനുവദിച്ചത് എന്നാണെന്നറിയിക്കുമോ;
( ബി )
ജീവനക്കാർക്ക് കുടിശ്ശികയുള്ള ഡി.എ. നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന്; എത്ര ശതമാനമെന്ന് അറിയിക്കുമോ;
( സി )
ജീവനക്കാർക്ക് യഥാസമയം ഡി.എ. അനുവദിക്കാത്ത മറ്റൊരു കാലഘട്ടം സമീപകാലത്ത് കേരളത്തിലുണ്ടായിട്ടുണ്ടോ; യഥാസമയം ഡി.എ. വർദ്ധിപ്പിച്ചു നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;
( ഡി )
ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ സാധിക്കുമോ; ഇതിന് വേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

## പി.എസ്.സി. നിയമന തസ്തികകളുടെ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള കൈമാറ്റം

**1900.**
ശ്രീ. റോജി എം. ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;
( ബി )
നേരിട്ട് നിയമനം നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേക്ക്, പി.എസ്.സി.വഴി നിയമനം നടന്നുവരുന്ന സർക്കാർ വകുപ്പിലെ ജീവനക്കാരെയും തസ്തികകളെയും കൈമാറുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;
( സി )
പ്രസ്തുത നിലപാടിൽ നിന്നും സർക്കാർ പിന്തിരിയാനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

## പൂർണ്ണമായ ദിവസങ്ങളിൽ ജോലി ചെയ്യാനാവാത്ത ജീവനക്കാരുടെ ശമ്പളം

**1901.**
ശ്രീ. കെ എം ഷാജി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഗവഃ/ബോർഡ്/കോർപ്പറേഷൻ എന്നിവടങ്ങളിൽ ജോലി എടുക്കുന്ന നിരവധി ആരോഗ്യ പ്രശ്നങ്ങളാൽ ഓരോ മാസവും പൂർണ്ണമായ ദിവസങ്ങളിൽ ജോലി ചെയ്യാനാവാത്ത ജീവനക്കാരുടെ ശമ്പളം, കൃത്യമായ

ദിവസം ജോലി നോക്കുന്ന മറ്റുള്ളവർക്കൊപ്പം പ്രതിമാസശമ്പളം നൽകുന്നതിൽ എന്താണ് തടസ്സമെന്നു വ്യക്തമാക്കുമോ;

( ബി )

ഇത്തരത്തിൽ ജോലി എടുക്കുന്ന തന്റേതായ കാരണങ്ങളല്ലാത്ത വിവിധ രോഗത്തിന് അടിമപ്പെട്ട് കഴിയുന്ന ഇക്കൂട്ടർക്ക് ജോലി എടുത്ത പ്രതിമാസ ശമ്പളം വിതരണം ചെയ്യുന്നതിൽ സർക്കാരിന് നയംമാറ്റം ഉണ്ടായിട്ടുണ്ടോ;

( സി )

ഇല്ലെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലംവരെ ഇത്തരക്കാരുടെ ശമ്പളം പൂർണ്ണമായും മാസ ജോലി നോക്കുന്നവരുടേതിനനുബന്ധമായി (സപ്ലിമെന്ററി ബിൽ) തയ്യാറാക്കി നൽകി വന്ന രീതിയിൽ വരുത്തിയ മാറ്റം സ്വകാര്യ മേഖലയെപ്പോലും വെല്ലുവിളിക്കുന്നതാണെന്ന് അറിവുള്ളതാണോ;

( ഡി )

സർക്കാർ തീരുമാനത്തിനെതിരെ ഉദ്യോഗസ്ഥ തീരുമാനമാണ് നടപ്പിലാക്കുന്നതെങ്കിൽ കെ.എസ്.ആർ.ടി.സി.യിലെ ഇത്തരം തീരുമാനം സ്വമേധയാ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥ വൃന്ദത്തെ സർക്കാർ തീരുമാനം ലംഘിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ വകുപ്പ് മേധാവിക്ക് കനത്ത ജാഗ്രതാ നിർദ്ദേശം നല്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## <u>സാമൂഹിക സന്നദ്ധസേന വകുപ്പ്</u>

**1902.**
ശ്രീ . സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സാമൂഹിക സന്നദ്ധസേന എന്ന വകുപ്പ് സ്ഥാപിതമായതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെ; പ്രസ്തുത വകുപ്പിന് സ്വന്തമായി ഓഫീസും സംവിധാനവുമുണ്ടോ; എത്ര പേർ ഈ വകുപ്പിൽ ജോലി നോക്കുന്നു; ഡെപ്യൂട്ടേഷനിൽ എത്ര പേർ; കോൺട്രാക്ട് വ്യവസ്ഥയിലെത്ര; ഇവരുടെ സേവനവേതനവ്യവസ്ഥകൾ; എന്നിവ വിവരിക്കുമോ;

( ബി )

പ്രസ്തുത വകുപ്പിൽ നിയോഗിച്ചിട്ടുള്ളവർക്ക് ഒരു വർഷത്തോളമായി ശമ്പളം ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

( സി )

പ്രസ്തുത വകുപ്പിലെ സ്റ്റാഫുകൾക്ക് ശമ്പളം നൽകുന്നത് ഏത് ഫണ്ടിൽ നിന്നാണ് എന്ന് വ്യക്തമാക്കുമോ?

## <u>സർക്കാർ ജീവനക്കാരുടെ ശൂന്യവേതനാവധി</u>

**1903.**
ശ്രീ . അബ്ദുൽ ഹമീദ്.പി . : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മെച്ചപ്പെട്ട ജോലിയിൽ ഏർപ്പെടുന്നതിനോ വിദേശത്തുള്ള പങ്കാളിയോടൊപ്പം താമസിക്കുന്നതിനോ അനുവദിച്ചു വന്നിരുന്ന ശൂന്യവേതനാവധി

പരമാവധി അഞ്ച് വർഷം മാത്രമായി ചുരുക്കിക്കൊണ്ട 5.11.2020 ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;
( ബി )
നിലവിൽ അഞ്ചു വർഷത്തിലധികമായി ശൂന്യവേതനാവധിയിൽ തുടരുന്ന ജീവനക്കാർക്ക് ഇതിനകം അനുവദിച്ച കാലയളവ് വരെ അവധിയിൽ തുടരുന്നതിനു അനുമതിയുണ്ടാകുമോ എന്നറിയിക്കുമോ;
( സി )
ഇതു സംബന്ധിച്ച് 30.12.2020 ന് ഇറങ്ങിയ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രവാസികൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ഡി )
സർക്കാർ അവധി അനുവദിക്കുമെന്ന പ്രതീക്ഷയിൽ അവധി നീട്ടാൻ വേണ്ടി കാത്തിരിക്കുന്ന പ്രവാസികളായ സർക്കാർ ജീവനക്കാർക്ക് പെട്ടെന്നുണ്ടായ തീരുമാനം പ്രയാസം ഉണ്ടാകുമെന്നതിനാൽ അർഹമായ കേസുകളിൽ ശൂന്യവേതനാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സെക്രട്ടേറിയേറ്റിൽ തീർപ്പാക്കുവാനുള്ള ഫയലുകൾ

**1904.**
ശ്രീ. അ**ൻ**വ**ർ** സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ആദ്യമായി മുഖ്യമന്ത്രി സെക്രട്ടേറിയേറ്റ് ജീവനക്കാരെ അഭിസംബോധന ചെയ്തപ്പോൾ ഓരോ ഫയലും ഓരോ ജീവിതമാണെന്ന് അവരെ ഉൽബോധിപ്പിച്ചുവെങ്കിലും തദനുസൃതമായി ഫയൽ തീർപ്പാക്കുന്നതിന് ഒരു വിഭാഗം ജീവനക്കാർ ശുഷ്കാന്തി കാണിക്കുന്നില്ലായെന്നത് ശ്രദ്ധയി**ൽ** പെട്ടിട്ടുണ്ടോ;
( ബി )
31.12.2020 ലെ കണക്കനുസരിച്ച് സെക്രട്ടേറിയേറ്റിൽ എത്ര ഫയലുകളാണ് തീർപ്പാക്കുവാനുള്ളത് ; വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകുമോ ?

## തീരദേശ പരിപാലന പ്ലാൻ

**1905.**
ശ്രീ. എസ്. ശ**ർ**മ്മ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2019 - ലെ തീരദേശ വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നതിനായി കേന്ദ്രഭൗമശാസ്ത്ര പഠന കേന്ദ്രത്തെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;
( ബി )
1:25000, 1:4000 എന്നീ സ്കെയിലുകളിലുള്ള കരട് തീരദേശപരിപാലന പ്ലാനുകൾ സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കകം തന്നെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;
( സി )
എങ്കിൽ, ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ?

## കൽപ്പറ്റ മണ്ഡലത്തിലെ നൂറുദിന കർമ്മപരിപാടി

**1906.**
ശ്രീ .സി .കെ .ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി ; വിശദമാക്കാമോ ?

## വർക്കല മണ്ഡലത്തിൽ ലൈഫ് പദ്ധതി

**1907.**
ശ്രീ. വി.ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
വർക്കല മണ്ഡലത്തിലെ വർക്കല മുനിസിപ്പാലിറ്റിയിലും വെട്ടൂർ, ചെമ്മരുതി, ഇലകമൺ, നാവായിക്കുളം, ഇടവ, പള്ളിക്കൽ, മടവൂർ ഗ്രാമപഞ്ചായത്തുകളിലും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;
( ബി )
അവയിൽ പൂർത്തിയായവ എത്രയെന്ന് തദ്ദേശ സ്ഥാപനങ്ങൾ വേർതിരിച്ച് വ്യക്തമാക്കാമോ;
( സി )
വർക്കല മണ്ഡലത്തിൽ ലൈഫ് പദ്ധതി മുഖേന വീട് ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾ രൂപീകരണം

**1908.**
ശ്രീ . അബ്ദുൽ ഹമീദ് .പി . : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട വിവിധ പൊതുമേഖല സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയായോ എന്നറിയിക്കാമോ;
( ബി )
പി.എസ്.സി. വഴി നിയമനം നടത്താൻ ഉത്തരവായിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിലേയും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;
( സി )
ഏതെങ്കിലും പൊതുമേഖല സ്ഥാപനത്തിൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വരുത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## റീബിൽഡ് കേരള

**1909.**

ശ്രീ. എസ്. രാജേന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

റീബിൽഡ് കേരളയിൽ ഉൾപ്പെട്ടിട്ടുള്ള ദേവികുളം നിയോജക മണ്ഡലത്തിലെ റോഡ്, പാലം തുടങ്ങിയ നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

( ബി )

പ്രസ്തുത പദ്ധതികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ ?

## ആശ്രിത നിയമനം

**1910.**

പ്രൊഫ . കെ. യു. അരുണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

( ബി )

പ്രസ്തുത താമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

( സി )

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ?

## സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ

**1911.**

ശ്രീ. വി .ഡി. സതീശ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതുമൂലം സംസ്ഥാനത്ത് ഇതിനകം എത്ര സ്റ്റാർട്ടപ്പുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തു;

( ബി )

മൂലധനത്തിന്റെ അഭാവമാണ് സ്റ്റാർട്ടപ്പുകൾ നേരിടുന്ന പ്രധാന വെല്ലുവിളി എന്നതിനാൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ തലത്തിൽ നടത്തുന്നത്;

( സി )

സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സി. യും, കെ.എസ്.ഐ.ഡി.സി. യും കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ പണം നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിനകം ധനസഹായം നൽകി എന്ന് വെളിപ്പെടുത്താമോ;

( ഡി )

വൻകിട കമ്പനികൾ സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നേടുന്നതിനായി സ്റ്റാർട്ടപ്പുകൾ രൂപീകരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്

എന്നറിയിക്കാമോ?

## ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം

**1912.**
ശ്രീ. വി.ജോയി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നല്കുന്നതിൽ സംവരണം ഏർപ്പെടുത്തണമെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
അത്തരത്തിൽ കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഹയർസെക്കന്ററി അധ്യാപകരുടെ പി.എസ്.സി. നിയമനം

**1913.**
ശ്രീ . പി . ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2020 ജനുവരി മുതൽ നാളിതുവരെ പി.എസ്.സി. നിയമന ശുപാർശ ലഭിച്ച എത്ര ഹയർ സെക്കന്ററി അധ്യാപകർക്കാണ് നിയമന ഉത്തരവ് നൽകിയിട്ടുള്ളതെന്നറിയിക്കാമോ;
( ബി )
നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നിയമനം നൽകി എന്ന് ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടും ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് കിട്ടിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുവാൻ തയ്യാറാകുമോ;
( സി )
10.12.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം എൽ.പി.എസ്.എ/യു. പി.എസ്.എ/എച്ച്.എസ്.എ അധ്യാപക തസ്തികകളിൽ നിബന്ധനകൾക്ക് വിധേയമായി നിയമന ഉത്തരവ് നൽകിയപ്പോൾ ഹയർ സെക്കന്ററി അധ്യാപകർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

## പി.എസ്.സി-യുടെ എൽ.ഡി. ക്ലാർക്ക് (വിവിധ വകുപ്പ്) റാങ്ക് ലിസ്റ്റ്

**1914.**
ശ്രീ . ഷാഫി പറമ്പി**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.യിൽ എത്തുന്ന ഒഴിവുകളിൽ യഥാസമയം നിയമന ശുപാർശ ചെയ്യുന്നതിൽ കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;
( ബി )

ആശ്രിത നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പല വകുപ്പുകളിലും ഒഴിവുകൾ നീക്കിവെയ്ക്കുന്നതായുള്ള എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വിവിധ വകുപ്പുകളുടെ പരസ്യം

**1915.**
ശ്രീ . കെ. സി . ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2019-20, 2020-21 വർഷങ്ങളിൽ ഇതുവരെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പരസ്യത്തിനായി എത്രകോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;
( ബി )
പരസ്യം നൽകുന്ന ചുമതല പി.ആർ.ഡി. യിൽ നിന്നും സ്വകാര്യ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണ്?

## മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ

**1916.**
ശ്രീ . ഐ .സി .ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
മുഖ്യമന്ത്രിക്ക് നിലവിൽ എത്ര ഉപദേഷ്ടാക്കളുണ്ട്; അവർ ആരൊക്കെയാണ്;
( ബി )
ഉപദേഷ്ടാക്കളിൽ ശമ്പളം കൈപ്പറ്റുന്നവർ ആരൊക്കെ; അവർ ഓരോരുത്തർക്കും ശമ്പളവും മറ്റാനുകൂല്യ ഇനത്തിലും ഇതിനകം എന്ത് തുക ചെലവഴിച്ചു;
( സി )
ശമ്പളം പറ്റാത്ത ഉപദേഷ്ടാക്കൾ ആരൊക്കെ; അവർ ഓരോരുത്തർക്കും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ;
( ഡി )
ഉപദേഷ്ടാക്കാൾ ഓരോരുത്തരുടെയും വാഹനത്തിന് പെട്രോൾ/ഡീസൽ ഇനത്തിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു ?

## റീബിൽഡ് കേരളയ്ക്കുള്ള വിദേശ വായ്പ

**1917.**
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
റീബിൽഡ് കേരളയ്ക്ക് എത്ര വിദേശരാഷ്ട്രങ്ങളിൽ നിന്ന് വായ്പ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;
( ബി )

ഇത്തരം വിദേശവായ്പകളിലൂടെ നാളിതുവരെ എത്ര കോടി രൂപ സമാഹരിക്കാ**ൻ** കഴിഞ്ഞിട്ടുണ്ട്;

( സി )

പുതിയതായി എന്തെങ്കിലും പദ്ധതി കൂട്ടിച്ചേ**ർ**ക്കാ**ൻ** സ**ർ**ക്കാ**ർ** ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കൊച്ചി മണ്ഡലം - റീബിൽഡ് കേരള പദ്ധതി

**1918.**

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

റീബി**ൽ**ഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കൊച്ചി നിയോജക മണ്ഡലത്തിൽ എത്ര കോടിയുടെ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്;

( ബി )

ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചു; വ്യക്തമാക്കുമോ;

( സി )

പൂർത്തീകരിക്കാത്ത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## ദുരിതാശ്വാസക്യാമ്പുകളിലേക്ക് ഇന്ധനം നൽകിയ വകയിലെ തുക

**1919.**

ശ്രീ. റോജി എം. ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

2018-ലെ മഹാപ്രളയത്തിൽ ദുരന്തനിവാരണത്തിന് എറണാകുളം ജില്ലയിലെ വിവിധ ക്യാമ്പുകളിലേക്ക് ഇന്ധനം നൽകിയ വകയിലെ തുക അനുവദിച്ചു കിട്ടുന്നതിന് എറണാകുളം ജില്ല കളക്ടർ മുമ്പാകെ മെസ്സേ**ർ**സ് പ്രിയാസ്, അഡ്ഹോക് ഡീലർ, ഇന്ത്യൻ ഓയിൽ കമ്പനി ലിമിറ്റഡ്, പൊങ്ങം സമർപ്പിച്ച അപേക്ഷ ശ്രദ്ധയി**ൽ**പ്പെട്ടിട്ടുണ്ടോ; എങ്കി**ൽ** 25 മാസം പിന്നിട്ടിട്ടും പ്രസ്തുത തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

( ബി )

മു**ൻ**കൂ**ർ** അനുവാദമില്ലാതെയും കീഴ്വഴക്കം ഇല്ലാതെയും ഒരു ദുരന്തം നേരിടുന്നതിന് സർക്കാരിന്റെയും ഉത്തരവാദപ്പെട്ട ജനപ്രതിനിധികളുടേയും ആവശ്യപ്രകാരവും പ്രളയബാധിതരെ സഹായിക്കുവാൻ മുന്നോട്ടുവന്ന ഇത്തരം സ്ഥാപനങ്ങളെ ബാലിശമായ കാരണം പറഞ്ഞ് ബില്ല് വൈകിപ്പിക്കുന്നതിന്റെ കാരണം സർക്കാർ വിശദമായി പരിശോധിച്ച് പരിഹാരനടപടി സ്വീകരിക്കുമോ;

( സി )

എറണാകുളം ജില്ലയിലെ പ്രളയദുരിതാശ്വാസ തട്ടിപ്പുമായി ഇതിന് ബന്ധമുണ്ടോ എന്നും ഇവരുടെ അപേക്ഷയി**ൽ** മറ്റാരെങ്കിലും പണം കൈപ്പറ്റിയിട്ടുണ്ടോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

( ഡി )

പ്രസ്തുത വിഷയത്തിൽ അപേക്ഷകന് പണം നൽകുന്നതിന് നേരിടുന്ന തടസ്സം എന്താണെന്ന്

വ്യക്തമാക്കാമോ;

( ഇ )

പ്രകൃതിദുരന്ത സമയത്ത് കേരളം പകച്ചുനിന്നപ്പോൾ പ്രളയബാധിതരെ സഹായിക്കാൻ മുമ്പോട്ടുവന്ന ഇവരുടെ മനോവീര്യം തകർക്കുന്നതരത്തിലുള്ള ഉദ്യോഗസ്ഥനടപടി പുനഃപരിശോധിച്ച് മാനുഷികപരിഗണന നൽകി വിഷയം തീർപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## കൊല്ലം ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

**1920.**

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊല്ലം ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വെളിപ്പെടുത്തുമോ;

( ബി )

പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതിയുടെ വിശദാംശങ്ങൾ നൽകുമോ;

( സി )

പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ആർക്കാണെന്ന വിവരം വെളിപ്പെടുത്തുമോ?

## പാലക്കാട് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും അനുവദിച്ച തുക

**1921.**

ശ്രീ . കെ .ഡി .പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും രോഗചികിത്സയ്ക്കുള്ള ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം, നിരസിച്ച അപേക്ഷകളുടെ എണ്ണം, അംഗീകരിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

## സനലിന്റെ കുടുംബത്തിന് നൽകിയ സഹായങ്ങൾ

**1922.**

ശ്രീ . എം . വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

5.11.2018 ൽ നെയ്യാറ്റിൻകര കൊടങ്ങാവിള വച്ച് അന്നത്തെ നെയ്യാറ്റിൻകര ഡി.വൈ.എസ്.പി അപകടത്തിൽപ്പെടുത്തിയ സനലിന്റെ കുടുംബത്തിന് സർക്കാർ നൽകിയ സഹായങ്ങൾ വ്യക്തമാക്കാമോ; ടി സനലിന്റെ ഭാര്യ ശ്രീമതി വിജിയ്ക്ക് സർക്കാർ ജോലി നൽകുമെന്ന് സർക്കാർ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ;

( ബി )

സനലിന്റെ ഭാര്യ വിജിയ്ക്ക് സർക്കാർ ജോലി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക വിതരണം

**1923.**
ശ്രീ വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക വിതരണം ചെയ്തുവെന്നും എത്രപേർക്കാണ് വിതരണം ചെയ്തത് എന്നും അറിയിക്കാമോ;
( ബി )
പ്രസ്തുത കണക്കുകൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാണോ; എങ്കിൽ ബേപ്പൂർ നിയോജകമണ്ഡലത്തിലെ കണക്കുകൾ ലഭ്യമാക്കാമോ?

## വിഷ്ണുവിന്റെ കുടുംബത്തിനുള്ള ധനസഹായം

**1924.**
ശ്രീ . ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ജല അതോറിറ്റിയുടെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിനായി വെട്ടിപൊളിച്ചിട്ട പൊതുമരാമത്ത് റോഡിലെ കുഴിയിൽ വീണ് മരണപ്പെട്ട എറണാകുളം ജില്ലയിൽ രാമേശ്വരം വില്ലേജിലെ പള്ളുരുത്തി മാരമ്പള്ളി റോഡ് പുത്തൻവേലിപ്പറമ്പിൽ (മരോട്ടിക്കപ്പറമ്പ്) ശശിയുടെ മകൻ 23 വയസ്സുള്ള പി. എസ്. വിഷ്ണുവിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കുന്നതിനായി 29.07.2020 ന് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;
( ബി )
ഇതു സംബന്ധിച്ച 223/A3/DRF/2020 നമ്പർ ഫയലിൽ ധനസഹായം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം വ്യക്തമാക്കാമോ;
( സി )
പ്രസ്തുത ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

## റീ-ബിൽഡ് കേരള പദ്ധതി

**1925.**
ശ്രീ . പി . കെ . ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതു വരെ അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇതിൽ ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## എൻഡോസൾഫാൻ ദുരിതബാധിതർ

**1926.**

ശ്രീ എ**ൻ**. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഒരു വർഷം മുൻപ് സെക്രട്ടേറിയറ്റിന് മുന്നിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാർ നടത്തിയ പട്ടിണി സമരം ഒത്തുതീർക്കുന്നതിന്റെ ഭാഗമായി നടത്തിയ ചർച്ചയിൽ നൽകിയ വാഗ്ദാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

( ബി )

പ്രസ്തുത വാഗ്ദാനങ്ങൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പാലിച്ചതും പാലിക്കാൻ ബാക്കിയുള്ളതുമായ വാഗ്ദാനങ്ങൾ വേർതിരിച്ച് വിശദമാക്കാമോ;

( സി )

2017ലെ പ്രത്യേക മെഡിക്കൽ ക്യാംപിൽ നിന്നു കണ്ടെത്തിയ അർഹരായ മുഴുവൻ ദുരിതബാധിതരെയും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും അവർക്ക് സൗജന്യ ചികിത്സയും മറ്റു സൗകര്യങ്ങളും നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

( ഡി )

2017 ജനുവരി 10ലെ സുപ്രീംകോടതി വിധി എന്തായിരുന്നുവെന്നും പ്രസ്തുത വിധിയിൽ പറഞ്ഞ ആനുകൂല്യങ്ങൾ ദുരിതബാധിതർക്ക് നൽകിയോയെന്നും വ്യക്തമാക്കാമോ;

( ഇ )

ദുരിതബാധിതർക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുക എത്രയാണെന്നും ഇത് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ?

## രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പേരുമാറ്റം

**1927.**

ശ്രീ. സി. ദിവാകര**ൻ**

ശ്രീ. ഇ കെ വിജയ**ൻ**

ശ്രീ. എ**ൽ**ദോ എബ്രഹാം

ശ്രീ. വി. ആ**ർ**. സുനി**ൽ** കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പുതിയ കാമ്പസിന് ആ**ർ**.എസ്.എസ്. നേതാവും സൈദ്ധാന്തികനുമായ മാധവ സദാശിവ ഗോൾവാൾക്കറുടെ പേര് നല്കാമെന്ന കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രിയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

പരീക്ഷണങ്ങൾ, തെളിവുകൾ, നിഗമനങ്ങൾ എന്നിവയിലൂന്നിയുള്ള യുക്തിസഹമായ ചിന്താരീതിയായ ശാസ്ത്രബോധത്തിന്റെ അടിത്തറയിൽ പിറന്ന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക്,

ഗോൾവാൾക്കറുടെ പേരിടത്തക്ക തരത്തിൽ ഏതെങ്കിലും ഇടപെടലുകൾ ശാസ്ത്രരംഗത്ത് അദ്ദേഹം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

( സി )

ശാസ്ത്രത്തേക്കാൾ വലുതാണ് വിശ്വാസമെന്ന് ചിന്തിക്കുന്ന കേന്ദ്രമന്ത്രിമാരും കേന്ദ്രം ഭരിക്കുന്ന കക്ഷിയും മുന്നോട്ടുവയ്ക്കുന്ന ഇത്തരം തീരുമാനങ്ങൾ ആര്യഭട്ടന്റെയും ഭാസ്കരന്റെയും ശാസ്ത്രപാരമ്പര്യത്തെ തന്നെ ചോദ്യം ചെയ്യുന്നതല്ലേയെന്ന് വ്യക്തമാക്കുമോ;

( ഡി )

പ്രസ്തുത വ്യക്തിയുടെ പേര് മഹത്തായ ശാസ്ത്രപാരമ്പര്യമുള്ള ഒരു സ്ഥാപനത്തിന് ഇടുന്നതിനെ പ്രതിരോധിക്കുന്നതിനും അതിൽ നിന്ന് കേന്ദ്രസർക്കാരിനെ പിന്തിരിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കാമോ?

## കൊച്ചി മെട്രോ റെയിൽ രണ്ടാം ഘട്ടം

**1928.**

ശ്രീ. വി. പി. സജീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊച്ചി മെട്രോ റെയിൽ രണ്ടാം ഘട്ടം കാക്കനാട് ഇൻഫോപാർക്ക് സെക്കന്റ് ഫെയ്സ് പ്രദേശമായ പിണർമുണ്ടയിലേക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

( ബി )

നിലവിലുള്ള അലൈൻമെന്റ് വിശദമാക്കാമോ?

## നോർക്ക ഡിപ്പാർട്ടമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി. പി.ആർ.ഇ.എം.) പദ്ധതി

**1929.**

ശ്രീ . കെ. സി . ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

2019-20, 2020-21 (2021 ജനുവരി ഒന്നു വരെ) സാമ്പത്തിക വർഷങ്ങളിൽ മടങ്ങി വരുന്ന പ്രവാസികൾക്കായുള്ള നോർക്ക ഡിപ്പാർട്ടമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി. പി.ആർ.ഇ.എം.) പദ്ധതി പ്രകാരം എത്ര പേർക്ക് വായ്പ നൽകിയെന്നും, ഇതിലേയ്ക്കായി സബ്സിഡിയിനത്തിൽ നോർക്ക എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

( ബി )

2020-21 സാമ്പത്തിക വർഷം ഇതിലേയ്ക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## നോർക്ക ബിസിനസ് ഫെലിസിറ്റേഷൻ സെന്റർ

**1930.**

ശ്രീ . കെ. സി . ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചോ;

( ബി )

ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

( സി )

പ്രവാസി ഡിവിഡന്റ് പദ്ധതിയും പ്രവാസി ചിട്ടി പദ്ധതിയും ഏതു ഘട്ടത്തിലാണെന്നും ഓരോ പദ്ധതിയിലും എത്രപേർ വീതം അംഗത്വം സ്വീകരിച്ചുവെന്നറിയുമോ; വെളിപ്പെടുത്തുമോ?

## ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് ആനുകൂല്യങ്ങൾ

**1931.**

ശ്രീ . കെ. സി . ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

വിദേശത്തുനിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് ആനുകൂല്യം നൽകാൻ സഹായകമായ ഏതെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

( ബി )

ഉണ്ടെങ്കിൽ ആ പദ്ധതി പ്രകാരം എത്രപേർക്ക് സഹായം നൽകിയെന്നും ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

## പ്രവാസി ക്ഷേമനിധി

**1932.**

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോതമംഗലം താലൂക്കിൽ എത്രപേർ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

( ബി )

അംഗങ്ങളായിട്ടുള്ള എല്ലാപേർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

( സി )

നിലവിൽ അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ ചേരുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

( ഡി )

കോവിഡ് മഹാമാരിയുടെ പശ്ചാത്തലം ഉൾപ്പെടെയുള്ള കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ഒറ്റത്തവണ തുക അടച്ച് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

## പ്രവാസി ക്ഷേമം

**1933.**
ശ്രീ . മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കോവിഡ് വ്യാപനത്തെ തുടർന്ന് വിദേശ രാജ്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനും മറ്റ് സഹായങ്ങൾ നൽകുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിരുന്നു;
( ബി )
പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രവാസികൾക്ക് വേണ്ടി ഈ പ്രതിസന്ധി ഘട്ടത്തിൽ മറ്റ് ഏതെല്ലാം ഇനത്തിലാണ് സർക്കാരിന് ചെലവ് വന്നിട്ടുള്ളത്; ആകെ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ?

## <u>ചെങ്ങന്നൂരിൽ നോർക്കയുടെ ആഫീസ്</u>

**1934.**
ശ്രീ. സജി ചെറിയാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കേരളത്തിൽ പ്രവാസികൾ ധാരാളമുള്ള മദ്ധ്യതിരുവിതാംകൂർ മേഖലയായ ചെങ്ങന്നൂരിൽ നോർക്കയുടെ ഓഫീസ് പ്രവർത്തനം ആരംഭിച്ചാൽ കാര്യങ്ങൾ വേഗത്തിൽ സാധിക്കുന്നതിന് പ്രവാസികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ ഇക്കാര്യം സർക്കാർ പരിഗണനയിൽ ഉൾപ്പെടുത്തുമോ?

## <u>പ്രവാസികൾക്കായി ആരംഭിച്ചിട്ടുള്ള പദ്ധതികൾ</u>

**1935.**
ശ്രീ . വി .എസ്. ശിവകുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രവാസികൾക്കായി എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;
( ബി )
ഇതിൽ എത്ര പദ്ധതികളാണ് നാളിതുവരെ ആരംഭിച്ചിട്ടുള്ളത്;
( സി )
ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാനുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

## <u>പ്രവാസി ലീഗൽ എയ്ഡ് സെൽ</u>

**1936.**
ശ്രീ . കെ. സി . ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവാസി ലീഗൽ എയ്ഡ് സെൽ പ്രവർത്തനമാരംഭിച്ചോ; ആരംഭിച്ചുവെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

( ബി )

പ്രവാസി സംഘടനകൾക്ക് ധനസഹായത്തിനുള്ള പദ്ധതികൾ വഴി ഏതെല്ലാം സംഘടനകൾക്ക് എത്ര വീതം സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

## പ്രവാസികൾക്കായുള്ള ഗാർഡൻ ഓഫ് ലൈഫ് പദ്ധതി

**1937.**

ശ്രീ. തിരുവഞ്ചൂ**ർ** രാധാകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

( ബി )

വിദേശത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള മലയാളി കുടുംബങ്ങളിലെ വയോജനങ്ങൾക്ക് വേണ്ടി 'ഗാർഡൻ ഓഫ് ലൈഫ് പദ്ധതി' നടപ്പിലാക്കും എന്ന പ്രഖ്യാപനം പ്രവർത്തികമാക്കിയിട്ടുണ്ടോ;

( സി )

ഇതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഇവർക്ക് അഞ്ച് ഏക്കർ ഭൂമി ലഭ്യമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

## പ്രവാസികൾക്കായുളള പ്രഖ്യാപനങ്ങൾ

**1938.**

ശ്രീ . എ**ൻ** . ഷംസുദീ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

2016-ലെ മുഖ്യമന്ത്രിയുടെ ദുബായ് സന്ദർശനവേളയിൽ പ്രവാസികൾക്കായി നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശം നൽകുമോ;

( ബി )

ഇതിൽ ഏതെല്ലാം പ്രഖ്യാപനങ്ങൾ നടപ്പിലായി എന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമായിട്ടുണ്ട് എന്നുമുളള വിശദവിവരം ലഭ്യമാക്കുമോ?

## തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കുളള പദ്ധതികൾ.

**1939.**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് പ്രതിസന്ധിമൂലം ജോലി നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ പ്രവാസികളുടെ കൃത്യമായ കണക്ക് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

( ബി )

തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ പ്രവാസികൾക്ക് നാട്ടിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നോർക്ക വഴി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

( സി )

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയവരെ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് കണക്കെടുപ്പ് നടത്താനും ഇവർക്ക് പുനരധിവാസ പദ്ധതി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ?

## <u>പ്രവാസികൾക്ക് സഹായം</u>

**1940.**

ശ്രീ . മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പ്രവാസലോകത്ത് കോവിഡ് വ്യാപനത്തെ തുടർന്ന് പ്രയാസമനുഭവിക്കേണ്ടി വന്ന മലയാളികൾക്ക് ആശ്വാസമെത്തിയ്ക്കുന്നതിനും പ്രവാസി സംഘടനകളെ ഏകോപിപ്പിക്കുന്നതിനും അവരുടെ സഹായം ഉറപ്പുവരു<u>ത്തു</u>ന്നതിനും കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

( ബി )

ഈ മഹാമാരിയിൽ പ്രതിസന്ധി നേരിട്ട പ്രവാസികളെ സഹായിക്കുന്നതിന് ലോക കേരളസഭ വഴി എന്തെല്ലാം നേട്ടങ്ങൾ സാധ്യമായിട്ടുണ്ട്; ലോക കേരളസഭയിലെ അംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ സംസ്ഥാന സർക്കാരിന് വേണ്ടി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്; ഇതിനായി എത്ര അംഗങ്ങളുടെ സഹായമഭ്യർത്ഥിച്ചിരുന്നു; വ്യക്തമാക്കുമോ?

## <u>ലോക കേരളസഭയുടെ റീജിയണൽ മീറ്റിംഗ്</u>

**1941.**

ശ്രീ. വി .ഡി. സതീശ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

2019-ൽ ലോക കേരള സഭയുടെ റീജിയണൽ മീറ്റിംഗ് ദുബായിൽ വച്ച് നടത്തിയിരുന്നോ; പ്രസ്തുത മീറ്റിംഗിൽ സംസ്ഥാനത്ത് നിന്നുള്ള എത്ര ഉദ്യോഗസ്ഥർ പങ്കെടു<u>ത്തു</u>വെന്ന് വെളിപ്പെടുത്താമോ;

( ബി )

ഇവർക്കായുള്ള വിമാന ടിക്കറ്റ്, വിസ, ഡി.എ., താമസചെലവ്, ഭക്ഷണം എന്നീ ഇനങ്ങളിൽ സർക്കാരിന് എന്ത് തുക ചെലവായെന്ന് അറിയിക്കാമോ;

( സി )

റീജിയണൽ മീറ്റിംഗിന്റെ മുന്നോടിയായി നോർക്കയിലെ ഉദ്യോഗസ്ഥർ ദുബായ് സന്ദർശിച്ചിരുന്നോ; എങ്കിൽ എത്ര പേരെന്നും അവരുടെ വിമാന ടിക്കറ്റ്, വിസ, ഡി.എ., താമസചെലവ്, ഭക്ഷണം എന്നീ ഇനങ്ങളിൽ എന്ത് തുക ചെലവായെന്നും വ്യക്തമാക്കാമോ?

## ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് നടപടി

**1942.**
ശ്രീ. പി കെ അബ്ദു റബ്ബ്

ശ്രീ . മഞ്ഞളാംകുഴി അലി

പ്രൊഫ . ആബിദ് ഹുസൈ**ൻ** തങ്ങ**ൾ**

ശ്രീ . അബ്ദു**ൽ** ഹമീദ് .പി . : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്ത് ഗുണ്ടാ-ലഹരിമരുന്നു മാഫിയ, വട്ടിപ്പലിശ സംഘങ്ങൾ വ്യാപകമാണെന്ന് ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;
( ബി )
ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

## സ്വർണ്ണക്കടത്ത് കേസ് പ്രതികളുടെ ചോദ്യം ചെയ്യൽ

**1943.**
ശ്രീ. പി. ടി. തോമസ്

ശ്രീ . എ**ൽ**ദോസ് പി. കുന്നപ്പിള്ളി**ൽ**

ശ്രീ . സണ്ണി ജോസഫ്

ശ്രീ . ഐ .സി .ബാലകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സ്വർണ്ണക്കടത്ത് കേസിലെ പ്രതികളായ സ്വപ്ന സുരേഷിനെയും സരിത്തിനെയും എൻഫോഴ്സ്മെന്റ് ജയിലിൽ ചോദ്യം ചെയ്യുമ്പോൾ അവർ പറയുന്നത് കേൾക്കുവാൻ കഴിയുന്ന അകലത്തിൽ ജയിൽ അധികൃതർ നിൽക്കരുതെന്ന് എറണാകുളം സെഷൻസ് കോടതി നിർദ്ദേശിച്ചിരുന്നോ;
( ബി )
പ്രസ്തുത വിധിയെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നോ;
( സി )
ജയിലിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രതികളെ ചോദ്യം ചെയ്യുമ്പോൾ ജയിലധികൃതരുടെ സാന്നിദ്ധ്യം അനിവാര്യമാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കി**ൽ** ഏത് സാഹചര്യത്തിലെന്ന് വ്യക്തമാക്കുമോ ?

## പോലീസ് സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ/സിംകാർഡ് വിതരണം

**1944.**
ശ്രീ . സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്തെ പോലീസ് സേനയിൽ സർക്കാർ ചെലവിൽ മൊബൈൽ ഫോൺ/സിംകാർഡ് വിതരണം നടത്തിയിരുന്നോ; എങ്കിൽ എപ്പോൾ; വാങ്ങിയവയെല്ലാം ഒരേ ഇനത്തിലും ഉപയോഗത്തിലും പെട്ടതായിരുന്നോ;

( ബി )

ഏതുതലം മുതൽ ഏതുതലം വരെയുള്ള സേനാംഗങ്ങൾക്കാണ് ഇവ ലഭ്യമാക്കിയത്; എത്ര വീതം;

( സി )

സർക്കാർ ഇവ ഏതെങ്കിലും ടെലിഫോൺ കമ്പനികളിൽ നിന്നാണോ വാങ്ങിയത്; ഇവ വാങ്ങിയതിന് സ്വീകരിച്ച മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കുമോ; ഇവ വാങ്ങുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തിയത്;

( ഡി )

ഇവ അടിയന്തരമായി ഈ വിഭാഗക്കാർക്ക് മാത്രം വാങ്ങി നൽകുന്നതിന് തിടുക്കം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ?

## പില്ല്യൻ ട്രാവലേഴ്സിന്റെ ഫോട്ടോ

**1945.**

ശ്രീ. പി കെ അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പോലീസുകാർ സ്വകാര്യ മൊബൈൽ ഫോണുകളിൽ തെരുവോരങ്ങളിലെ ടൂ വീലർകളിൽ ഹെൽമറ്റ് ധരിക്കാത്ത പോലീസിലേതൊഴികെയുള്ള പില്ല്യൻ ട്രാവലേഴ്സിന്റെ ഫോട്ടോ അവരുടെ അനുമതിയോ അറിവോ ഇല്ലാതെ എടുത്ത് പിഴ ചുമത്തുന്നതിന് അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

( ബി )

ഇത്തരം ചിത്രങ്ങൾ അധികമായി പകർത്തുന്ന പോലീസുകാർക്ക് എന്തെങ്കിലും അധിക ഇൻസെന്റീവ് പ്രഖ്യാപിച്ച് വകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ രഹസ്യ നിർദ്ദേശം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

( സി )

ഇവർക്ക് സ്വകാര്യ മൊബൈൽ ഫോണിൽ കൗമാരക്കാരുടെയും ഭർത്താക്കൻമാരുടെ ഒപ്പം യാത്ര ചെയ്യുന്ന സ്ത്രീകളായ പില്ല്യൻ ട്രാവലേഴ്സിന്റെ ഫോട്ടോ എടുത്ത് ഷെയർ ചെയ്യുന്നതിന് നിയമപരമായി അനുവാദം ഉണ്ടോ; എങ്കിൽ നിയമത്തിലെ ഏത് ഉപവാക്യം പ്രകാരം; പകർപ്പ് ലഭ്യമാക്കുമോ;

( ഡി )

ഇല്ലെങ്കിൽ ഇതിന് അധികാരം നൽകുന്നത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

( ഇ )

ജനത്തെ സാമ്പത്തികമായി പിഴയടിച്ച് കൊള്ളയടിക്കാനും പൊതുജനങ്ങളുടെ സ്വകാര്യതയി**ൽ** പോലീസുകാരെ ഉപയോഗിച്ച് കടന്നകയറുകയും ചെയ്യുന്ന സർക്കാർ നീക്കം ഉപേക്ഷിക്കുമോ എന്ന് അറിയിക്കുമോ?

## പോലീസിന്റെ കാര്യക്ഷമത

**1946.**
ശ്രീ . ടി . എ . അഹമ്മദ് കബീ**ർ**

ശ്രീ . സി. മമ്മൂട്ടി

ശ്രീ. പി കെ അബ്ദു റബ്ബ്

ശ്രീ . എം . ഉമ്മ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കുറ്റകൃത്യങ്ങൾ തടയുന്നതിനും കേസ്സുകൾ തെളിയിക്കുന്നതിനും പോലീസിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;
( ബി )
കാര്യശേഷി ഇല്ലാത്തവരെയും ക്രിമിനൽ, അഴിമതിക്കേസുകളിൽ ഉൾപ്പെട്ടവരെയും പോലീസ് വകുപ്പിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ;
( സി )
ഇക്കാര്യത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

## ശബ്ദസന്ദേശം ചോർന്നതിനെ കുറിച്ചുള്ള അന്വേഷണം

**1947.**
ശ്രീ. തിരുവഞ്ചൂ**ർ** രാധാകൃഷ്ണ**ൻ**

ശ്രീ. എ . പി . അനി**ൽ** കുമാ**ർ**

ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
മുഖ്യമന്ത്രിക്കെതിരെ മൊഴി നൽകുവാൻ സമ്മർദ്ദം ഉണ്ടെന്ന രീതിയിൽ ജയിലിൽ കഴിയുന്ന സ്വർണ്ണക്കടത്ത് കേസിലെ പ്രതി സ്വപ്ന സുരേഷിന്റെ ശബ്ദരേഖ പുറത്ത് വന്നിരുന്നോ;
( ബി )
ശബ്ദസന്ദേശം ചോർന്നതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ജയിൽ ഡി.ജി.പി ആവശ്യപ്പെട്ടിരുന്നോ;
( സി )
അതിന്റെ ഭാഗമായി ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ?

## പോലീസ് വകുപ്പിലെ പ്രമോഷൻ

**1948.**
ശ്രീ .പി. കെ. ബഷീ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2011 പോലീസ് ആക്ട് ഭേദഗതി ചെയ്തതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞ വസ്തുതകൾക്ക് വിരുദ്ധമായി ചെറിയ കുറ്റങ്ങളുടെ പേരിൽ പോലീസ് ഉദ്യോഗസ്ഥരുടെ പ്രമോഷൻ തടയുന്ന ഗുരുതരമായ സ്ഥിതിവിശേഷം വകുപ്പിൽ നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
ഉണ്ടെങ്കിൽ ഉദ്യോഗസ്ഥരുടെ പ്രമോഷൻ നടപടി തടയാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വെളിപ്പെടുത്തുമോ;
( സി )
ഇല്ലെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;
( ഡി )
പോലീസ് ആക്ടിലെ ഭേദഗതിക്ക് ശേഷം ചെറിയ കുറ്റങ്ങളുടെ പേരിൽ സംസ്ഥാനത്ത് എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പ്രമോഷൻ ഡി. പി. സി.യിൽ തടസ്സപ്പെട്ടിട്ടുണ്ട്; വിശദാംശം നല്കുമോ;
( ഇ )
മൂന്നുവർഷത്തിലധികമായി കേരള പോലീസ് സർവീസിൽ എസ്. പി. തസ്തികയിലേക്ക് പ്രമോഷൻ നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ തുടർനടപടി അടിയന്തരമായി സ്വീകരിക്കുമോ;
( എഫ് )
ഇപ്പോൾ സംസ്ഥാന പോലീസ് സർവീസിൽ എസ്. പി മാരിൽ ഏതെല്ലാം കാറ്റഗറിയിലുള്ളവരിൽ നിന്നാണ് ഐ . പി. എസ്. കൺഫർ ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ?

## ലൈഫ് ഭവന പദ്ധതിയിന്മേൽ അന്വേഷണം

**1949.**
ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള കമ്മീഷൻ ഇടപാടും മറ്റ് തട്ടിപ്പുകളും സംബന്ധിച്ച ആരോപണങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;
( ബി )
സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിന് ബന്ധമുണ്ടെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ?

## പോലീസ് സേനയുടെയും പോലീസ് സ്റ്റേഷനുകളുടെയും നവീകരണത്തിനായി നടപടി

**1950.**
ശ്രീ റ്റി . വി. രാജേഷ്

ശ്രീ. വി.ജോയി

ശ്രീ .സി .കെ .ശശീന്ദ്രൻ

ശ്രീ . കെ .ഡി .പ്രസേന**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേനയുടെയും പോലീസ് സ്റ്റേഷനുകളുടെയും നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

( ബി )

പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ;

( സി )

പൊതുജനങ്ങൾക്ക് പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

( ഡി )

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും കേരള പോലീസ് സൈബർ ഡോം എന്ന നൂതന സംരംഭം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പയ്യന്നൂരിൽ പുതിയ ഡി.വൈ.എസ്.പി. ഓഫീസ്

**1951.**
ശ്രീ. സി. കൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പയ്യന്നൂർ താലൂക്ക് കേന്ദ്രീകരിച്ച് പയ്യന്നൂരിൽ ഡി .വൈ .എസ്സ് .പി ഓഫീസ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## പുതിയ പോലീസ് സബ് ഡിവിഷൻ

**1952.**
പ്രൊഫ . ആബിദ് ഹുസൈ**ൻ** തങ്ങ**ൾ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോട്ടക്കൽ നിയോജക മണ്ഡലം കേന്ദ്രീകരിച്ച് പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച് ഇ1/179 /2019/ഹോം ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ; നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

( ബി )

സംസ്ഥാനത്ത് ഡി.വൈ.എസ്.പി. മാരേക്കാൾ മുകളിൽ ശമ്പളം വാങ്ങുന്ന എത്ര സർക്കിൾ ഇൻസ്പെക്ടർ നിലവിലുണ്ട്; വ്യക്തമാക്കുമോ;

( സി )

സംസ്ഥാനത്ത് പോലീസ് ക്യാമ്പുകളിലെ അസിസ്റ്റന്റ് കമാൺഡന്റുമാരുടെ എത്ര തസ്തികകൾ ഇല്ലാതാക്കിയിട്ടുണ്ട്; ഏതെല്ലാം; വ്യക്തമാക്കുമോ;

( ഡി )

നിറുത്തലാക്കിയ ക്യാമ്പുകളിലെ അസിസ്റ്റന്റ് കമാൺഡന്റുമാരുടെ തസ്തികകൾ ലോക്കൽ പോലീസിലേക്ക് മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## ശോച്യാവസ്ഥയിലുള്ള തിരുവമ്പാടി പോലീസ് സ്റ്റേഷൻ കെട്ടിടം

**1953.**
ശ്രീ . ജോർജ് എം .തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
തിരുവമ്പാടി പോലീസ് സ്റ്റേഷൻ കെട്ടിടം ശോച്യാവസ്ഥയിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പോലീസ് വകുപ്പിൽ സബ്ഡിവിഷനുകൾ

**1954.**
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
പോലീസ് വകുപ്പിൽ പുതിയ സബ്ഡിവിഷനുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;
( ബി )
ഒല്ലൂർ ആസ്ഥാനമായി പുതിയ സബ്ഡിവിഷൻ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ?

## ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ്

**1955.**
ശ്രീ. കെ എം ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കഴിഞ്ഞ സർക്കാർ ഇരുചക്രവാഹങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ധരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കുന്നതിൽ ഇളവ് നൽകിയതിൽ ഈ സർക്കാർ മാറ്റം വരുത്തുകയുണ്ടായോ; എങ്കിൽ പിഴ ഒടുക്കിയ ഇനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എന്ത് തുക ലഭിച്ചു;
( ബി )
പോലീസുകാർ അവരവരുടെ മൊബൈൽ ക്യാമറ ഉപയോഗിച്ച് ടൂ വീലർ യാത്ര ക്കാരുടെ ചിത്രങ്ങൾ പകർത്തുന്നതിന് അധികാരം നല്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ലഭ്യമാക്കുമോ;
( സി )
കേന്ദ്രസർക്കാരിനെ ഇക്കാര്യത്തിൽ എതിർക്കുകയും എന്നാൽ ഇതിന്റെ പേരിൽ വൃദ്ധരെയും കുട്ടികളെയും പോലും വെറുതെ വിടാതെ പിഴ ഈടാക്കുകയും ചെയ്യുന്നതായ സമീപനത്തിൽ സർക്കാർ മാറ്റം വരുത്തുമോ; എങ്കിൽ എപ്രകാരമാണെന്നറിയിക്കുമോ; ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിനെ മാതൃകയാക്കി ജനത്തെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കാൻ തയ്യാറാകുമോ?

## ആഭ്യന്തര വകുപ്പിൽ  സൃഷ്ടിച്ച തസ്തികകൾ

**1956.**

ശ്രീ. സി. ദിവാകര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

( ബി )

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

**1957.**

ശ്രീ. സി. കൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

എത്ര സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

( ബി )

ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടായ നേട്ടങ്ങൾ വിശദീകരിക്കാമോ;

( സി )

ഈ പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

**1958.**

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതിക്കായി സർക്കാർ പ്രതിവർഷം എത്ര കോടി രൂപ ചെലവാക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

( ബി )

സംസ്ഥാനത്ത് നിലവിൽ എത്ര കുട്ടികൾ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

( സി )

കൊച്ചി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിലവിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു; എത്ര കുട്ടികൾ ഇതിന്റെ ഭാഗമായി ടി മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്നു; വ്യക്തമാക്കാമോ;

( ഡി )

പ്രസ്തുത പദ്ധതിയിൽ പ്രവർത്തനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങൾ

നൽകുന്നു; വിശദാംശം വ്യക്തമാക്കുമോ?

## സ്ത്രീപീഡന കേസുകൾ

**1959.**
ശ്രീ . മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2019-2020 ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീപീഢന കേസുകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;
( ബി )
ഈ സർക്കാർ അധികാരമേറ്റശേഷം രജിസ്റ്റർ ചെയ്ത സ്ത്രീപീഢന കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാനുള്ള കേസുകളുണ്ടോ; ഉണ്ടെങ്കിൽ ജില്ല, വർഷം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ ?

## കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതിനെതിരെ നടപടി

**1960.**
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; അവർ ആരെല്ലാം; ഇവരുടെ തൊഴിൽ മേഖല ഏതെന്ന് വ്യക്തമാക്കുമോ;
( ബി )
ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എത്ര സ്ഥലങ്ങളിൽ വിശദമായ പരിശോധന നടത്തുകയുണ്ടായി; എത്ര ഉപകരണങ്ങൾ പിടിച്ചെടുത്തു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;
( സി )
കുട്ടികളുടെ മനസ്സിലും ജീവിതത്തിലും ആഴമേറിയ മുറിപ്പാടുകളുണ്ടാക്കുന്ന ഇത്തരം ഗൂഢസംഘങ്ങളെ അമർച്ച ചെയ്യുവാനും ഇവരുടെ പേരും ഫോട്ടോയും ഉൾപ്പെടെ പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുവാനും കഴിയുന്ന തരത്തിൽ നിയമത്തിൽ കർശന വ്യവസ്ഥ ഉൾപ്പെടുത്തി ഇവർക്ക് കഠിന ശിക്ഷ വാങ്ങി നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കുഞ്ഞാമിനയുടെ കൊലപാതകത്തിന്റെ അന്വേഷണം

**1961.**
ശ്രീ . കെ. സി . ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക നാല് വർഷം മുൻപ് കൊല്ലപ്പെട്ട സംഭവത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;
( ബി )
ക്രൈംബ്രാഞ്ച് ആണോ കേസ് അന്വേഷിക്കുന്നതെന്നും അവരുടെ നിഗമനങ്ങൾ എന്തെല്ലാമെന്നും

വെളിപ്പെടുത്തുമോ;

( സി )

കേസ് സി.ബി.ഐ.ക്ക് കൈമാറണമെന്ന ബന്ധുക്കളുടെയും നാട്ടുകാരുടെയും ആവശ്യം പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കാമോ?

## രാഷ്ട്രീയ കൊലപാതകങ്ങളുടെ അന്വേഷണം.

**1962.**

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. പുരുഷ**ൻ** കടലുണ്ടി

ശ്രീ. സജി ചെറിയാ**ൻ**

ശ്രീ. എസ്. രാജേന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

2020 ജൂലൈ മാസം മുതൽ സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് അറിയിക്കാമോ; കൊലചെയ്യപ്പെട്ടവരുടെയും കൊലയാളികളുടെയും രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ;

( ബി )

ഇക്കാലത്ത് നടന്ന കൊലപാതകങ്ങളിൽ ഓരോന്നിനുപിന്നിലും ഉന്നതതലത്തിലുള്ള രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ട ഗൂഢാലോചന സംബന്ധിച്ചും വർഗ്ഗീയവാദികളുടെയും മതതീവ്രവാദികളുടെയും പങ്കും അതിന് സഹായിച്ചവരെ സംബന്ധിച്ചും നിശിതമായ അന്വേഷണം നടത്താൻ പോലീസിന് നിർദ്ദേശം നൽകുമോ;

( സി )

സ്വതന്ത്രരെന്ന് അവകാശപ്പെടുന്ന ചില മാധ്യമങ്ങളുടെ ഈ കൊലപാതകങ്ങളോടുള്ള സമീപനം കൊലപാതകങ്ങളെ പരോക്ഷമായി ന്യായീകരിക്കുന്നതും അതുവഴി ആശങ്കാജനകവുമാണെന്ന മാധ്യമ നിരീക്ഷകരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ഡി )

കൊലപാതകികളെ നിയമത്തിനു മുമ്പാകെ എത്തിച്ച് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതോടൊപ്പം രാഷ്ട്രീയ കൊലപാതകങ്ങൾ ആവർത്തിക്കില്ലെന്നുറപ്പു വരുത്താൻ പോലീസ് സേനയെ കൂടുതൽ ജാഗ്രതപ്പെടുത്തുമോ എന്നറിയിക്കാമോ?

## പെരിയയിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ കൊലപ്പെടുത്തിയ കേസ്.

**1963.**

ശ്രീ . സണ്ണി ജോസഫ്

ശ്രീ . ഐ .സി .ബാലകൃഷ്ണ**ൻ**

ശ്രീ . എ**ൽ**ദോസ് പി. കുന്നപ്പിള്ളി**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കാസർഗോഡ് പെരിയയിൽ ശരത്‌ലാൽ, കൃപേഷ് എന്നീ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ കൊലപ്പെടുത്തിയ കേസിൽ സി.ബി.ഐ. അന്വേഷണം തടയുന്നതിന് സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

( ബി )

കേസ് സി.ബി.ഐ.ക്ക് വിട്ടുകൊണ്ട് ഹൈക്കോടതി വിധി പ്രസ്താവിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സംസ്ഥാന വിജിലൻസ് സി.ബി.ഐ.ക്ക് കേസ് ഡയറി പോലും കൈമാറാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

( സി )

ഹൈക്കോടതി ഉത്തരവിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ പോയിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നെന്ന് വെളിപ്പെടുത്താമോ;

( ഡി )

കേസ് സി.ബി.ഐ.ക്ക് വിട്ട ഹൈക്കോടതി നടപടി സുപ്രീംകോടതി ശരിവെച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസന്വേഷണം സി.ബി.ഐ ഏറ്റെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

## കടമ്പഴിപ്പുറം ഇരട്ടക്കൊലപാതകം

**1964.**

ശ്രീ . പി . ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറം ഇരട്ടക്കൊലപാതകം എന്നാണ് നടന്നത്;

( ബി )

പ്രസ്തുത കേസിലെ പ്രതികളെ പിടികൂടുന്നതിനും, കേസ് തെളിയിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## വാഗമൺ മയക്കുമരുന്നു അന്വേഷണം

**1965.**

ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

വാഗമൺ റിസോർട്ട് കേന്ദ്രീകരിച്ച് നിശാപാർട്ടിയും മയക്കുമരുന്നു ക്രയവിക്രയവും നടന്നതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ; കുറ്റക്കാർക്ക് എതിരെ നാർക്കോട്ടിക്സ് നിയമം അനുസരിച്ചുള്ള നടപടി സ്വീകരിക്കുമോ?

## ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്ത കേസ്

**1966.**

ശ്രീ . എൻ . ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ദേവസ്വം ബോർഡ്, ബീവറേജ് കോർപ്പറേഷൻ ,കെടിഡിസി എന്നിവിടങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത്

ലക്ഷകണക്കിന് രൂപ തട്ടിയെടുത്ത കേസിൽ സരിതാ നായർ എന്ന സ്ത്രീയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

( ബി )

ഇതിൽ ഉൾപ്പെട്ടവർക്കെതിരെ പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

( സി )

കുറ്റകൃത്യത്തിൽ പ്രതികളുടെ പങ്ക് തെളിയിക്കുന്ന രേഖകൾ ലഭിച്ചിട്ടും പോലീസും ഉദ്യോഗസ്ഥരും പ്രതികളെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരണം നൽകുമോ?

## രാജൻ-അമ്പിളി ദമ്പതികൾ തീപ്പൊള്ളലേറ്റ് മരിക്കാൻ ഇടയായ സംഭവം

**1967.**

ശ്രീ . എം . വി**ൻ**സെ**ൻ**റ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തിരുവനന്തപുരം നെയ്യാറ്റിൻകര അതിയന്നൂർ പഞ്ചായത്തിൽ ഭാസ്കർ നഗർ വാർഡിലെ നെട്ടത്തോട്ടം കോളനിയിൽ താമസിച്ചിരുന്ന രാജൻ-അമ്പിളി ദമ്പതികൾ തീപ്പൊള്ളലേറ്റ് മരിക്കാൻ ഇടയായ സംഭവത്തെക്കുറിച്ച് നടക്കുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

( ബി )

ഇവരെ കുടിയൊഴിപ്പിക്കാനുള്ള നെയ്യാറ്റിൻകര പ്രിൻസിപ്പൽ മുൻസിഫ് കോടതിയുടെ 2020 ജൂൺ മാസത്തിലെ ഉത്തരവ് 2021 ജനുവരി 5-ാം തീയതി വരെ വിധി നടപ്പാക്കുന്നത് മരവിപ്പിച്ചുകൊണ്ട് അതേ കോടതി 2020 ഡിസംബർ മാസം ഉത്തരവ് പുറപ്പെടുവിച്ച ദിവസം തന്നെ അവരെ ഒഴിപ്പിക്കുന്നതിന് അമിതാവേശം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

( സി )

2020 ഡിസംബർ 22-ാം തീയതിയിലെ ദാരുണ സംഭവത്തെക്കുറിച്ച് അന്ന് തന്നെയോ രാജൻ മരിച്ചതിന് ശേഷമോ അന്വേഷണം നടത്താതിരിക്കുകയും അമ്പിളികൂടി മരിച്ച ശേഷം പൊതുജനവികാരം ഉയർന്നപ്പോൾ മാത്രം അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

( ഡി )

ഇത്തരം സാഹചര്യത്തിൽ രണ്ട് മരണം സംഭവിക്കുന്നതുവരെ അന്വേഷണം വൈകിപ്പിച്ചത് എന്തു കൊണ്ട്; അന്വേഷണം വൈകിപ്പിച്ചതിനും ഈ സംഭവത്തിനു ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതെ നീട്ടിക്കൊണ്ടു പോകുന്നതിനും പിന്നിൽ ഭരണകക്ഷിയായ സി.പി.എമ്മിന്റെ ജില്ലാ നേതൃത്വത്തിന്റെ ഇടപെടലാണ് എന്ന ആരോപണം അന്വേഷിക്കുമോ?

## കസ്റ്റഡി മരണങ്ങൾ

**1968.**

ശ്രീ . വി .എസ്. ശിവകുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

( ബി )

ഇതിൽ ഏതെല്ലാം കസ്റ്റഡി മരണങ്ങൾ ആണ് സി.ബി.ഐ.ക്ക് വിടാൻ തീരുമാനം എടുത്തിട്ടുള്ളത്;

( സി )

കസ്റ്റഡി മരണങ്ങൾ തടയുവാനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## യു.എ.പി.എ. കേസുകൾ

**1969.**
ശ്രീ പി .ടി .എ . റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ യു.എ.പി.എ. ചുമത്തിയ എത്ര കേസുകൾ നിലവിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

( ബി )

ഇതിൽ എത്ര എണ്ണത്തിൽ യു.എ.പി.എ. ഒഴിവാക്കിയിട്ടുണ്ട്;

( സി )

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യു.എ.പി.എ. ചുമത്തിയ കേസുകളിൽ നിരോധിത സംഘടനകളുമായി ബന്ധപ്പെട്ടവ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ ജില്ലയിലെ വാഹന അപകടങ്ങൾ

**1970.**
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആലപ്പുഴ ജില്ലയിൽ 2016 മുതൽ 2020 ഡിസംബർ 31 വരെ ഉണ്ടായിട്ടുള്ള വാഹന അപകടങ്ങൾ എത്രയെന്നും, എത്രപേർ മരണപ്പെട്ടിട്ടുണ്ട് എന്നും, പരിക്കേറ്റവർ എത്രയെന്നും ഓരോ വർഷം തിരിച്ച് വ്യക്തമാക്കാമോ;

( ബി )

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരീലകുളങ്ങര, കായംകുളം, കനകകുന്ന്, കുറത്തികാട്, മാവേലിക്കര, വള്ളിക്കുന്നം എന്നീ പോലീസ് സ്റ്റേഷൻ പരിധികളിൽ ഉണ്ടായിട്ടുള്ള റോഡ് അപകടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സൈബർ ഇടങ്ങളിലെ വ്യക്തിഹത്യ

**1971.**
ശ്രീ . ടി . എ . അഹമ്മദ് കബീർ

ശ്രീ . ടി. വി. ഇബ്രാഹിം

ശ്രീ . സി. മമ്മൂട്ടി

ശ്രീ എ**ൻ**. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സൈബർ ഇടത്തിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും നടക്കുന്ന വ്യക്തിഹത്യയും അധിക്ഷേപങ്ങളും വർദ്ധിച്ചു വരുന്നത് തടയുന്ന കാര്യം പരിഗണനയിലുണ്ടോ;
( ബി )
ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## ഓൺലൈൻ ചൂതാട്ട ഗെയിമുകൾ

**1972.**
ശ്രീ .കെ .എ**ൻ** .എ. ഖാദ**ർ**

ശ്രീ. കെ എം ഷാജി

ശ്രീ .പി. കെ. ബഷീ**ർ**

ശ്രീ . പാറക്ക**ൽ** അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
യുവാക്കളെ കടക്കെണിയിലേക്കും ആത്മഹത്യയിലേക്കും തള്ളിവിടുന്ന ഓൺലൈൻ ചൂതാട്ട ഗെയിമുകൾ സംസ്ഥാനത്ത് സജീവമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
ഇത്തരം ഗെയിമുകളെ നിയന്ത്രിക്കുന്നതിന് നിയമമുണ്ടോ; ഇല്ലെങ്കിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

## പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്ന നടപടി

**1973.**
ശ്രീ ഒ . ആ**ർ**. കേളു : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്ന നടപടി ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് എയ്ഡ്പോസ്റ്റ്

**1974.**
ശ്രീ. കെ. ആ**ൻ**സല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച പോലീസ് എയ്ഡ്പോസ്റ്റിൽ നിലവിൽ പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

( ബി )

പോലീസ് എയ്ഡ്പോസ്റ്റിൽ പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് ആശുപത്രിയിൽ നിന്നും രേഖാമൂലം പരാതി ലഭിച്ചിട്ടുണ്ടോ;

( സി )

സ്ഥിരമായി പോലീസിനെ നിയോഗിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## ഹോംഗാർഡ്സിന്റെ ചുമതലകൾ

**1975.**

ശ്രീ . എം . ഉമ്മ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തി നിയമിച്ചിട്ടുള്ള ഹോംഗാർഡ്സിന് എന്തെല്ലാം ചുമതലകളാണ് നൽകാറുള്ളത്; റോഡ് നിയമങ്ങൾ ലംഘിക്കുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുന്നതിന് ഇവരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

( ബി )

ഗതാഗതനിയമം ലംഘിക്കുന്ന സ്ത്രീകളുൾപ്പെടെയുള്ള യാത്രക്കാരോട് ഹോംഗാർഡ്സ് അപമര്യാദയായി പെരുമാറുന്നതും പൊതുജനമധ്യത്തിൽ അവരെ അപമാനിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

( സി )

യാത്രക്കാരോടും പൊതുജനങ്ങളോടും സ്ത്രീകളോടും അപമര്യാദയായി പെരുമാറിയ എത്ര ഹോംഗാർഡ്സിനെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

( ഡി )

പൊതുജനങ്ങളോടും യാത്രക്കാരോടും മാന്യമായി പെരുമാറുന്നതിനു വേണ്ട ക്ലാസ്സുകൾ ആവശ്യമാണെങ്കിൽ ആയത് ഇവർക്ക് നൽകുന്നതിനുളള നടപടി സ്വീകരിക്കുമോ?

## മുക്കം പോലീസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണം

**1976.**

ശ്രീ . ജോ**ർ**ജ് എം .തോമസ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

മുക്കം പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച പ്ലാൻ ഫണ്ട് തിരിച്ചു പിടിച്ചിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

## അടിവാരത്ത് പുതിയ പോലീസ് സ്റ്റേഷൻ

**1977.**

ശ്രീ . ജോര്‍ജ് എം .തോമസ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോഴിക്കോട് ജില്ലയിലെ അടിവാരത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ?;

( ബി )

അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## തൃക്കാക്കര - വെണ്ണല ആസ്ഥാനമാക്കി ഒരു പോലീസ് സ്റ്റേഷൻ

**1978.**
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തൃക്കാക്കര നിയോജകമണ്ഡലത്തിലെ വെണ്ണല ആസ്ഥാനമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

( ബി )

വെണ്ണല പോലീസ് സ്റ്റേഷൻ അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ബാലരാമപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

**1979.**
ശ്രീ . എം . വിന്‍സെന്‍റ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവളം നിയോജകമണ്ഡലത്തിൽ ബാലരാമപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കാട്ടാക്കടയിലെ ഡി.വൈ.എസ്.പി. ഓഫീസ്

**1980.**
ശ്രീ ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

താലൂക്കാസ്ഥാനമായ കാട്ടാക്കട കേന്ദ്രമായി ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ആയത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചാലക്കുടിയിൽ പോലീസ് കോംപ്ലക്സ്

**1981.**

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ചാലക്കുടിയിൽ പോലീസ് കോംപ്ലക്സ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

( ബി )

ചാലക്കുടി പോലീസ് ക്വാർട്ടേഴ്സുകൾ സ്ഥിതി ചെയ്യുന്ന ഭാഗം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

## തൃക്കാക്കര മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾ

**1982.**

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഏതെല്ലാം പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ തൃക്കാക്കര നിയോജകമണ്ഡലം ഉൾപ്പെടുന്നുവെന്ന് വിശദമാക്കാമോ;

( ബി )

പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും നിലവിലുള്ള സ്റ്റാഫ് സ്ട്രെംഗ്ത് എത്രയെന്ന് വിശദമാക്കാമോ; നിലവിൽ ഓരോ സ്റ്റേഷനിലും എത്ര പേർ വീതം സേവനമനുഷ്ഠിക്കുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിവുണ്ടെന്നും വിശദമാക്കുമോ;

( സി )

ഈ സ്റ്റേഷനുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ

**1983.**

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമിയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## വെഞ്ഞാറമൂട് ഡി.വൈ.എസ്.പി. ഓഫീസ്

**1984.**

ശ്രീ.ഡി.കെ.മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ;

( ബി )

എങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കാമോ;

( സി )

പുതിയ പോലീസ് സ്റ്റേഷൻ ഡി.വൈ.എസ്.പി. ഓഫീസ് എന്നിവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

( ഡി )

വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് പുതിയ ഡി.വൈ.എസ്.പി. ഓഫീസ്, പനവൂർ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള ശിപാർശ നിലവിലുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

## കോന്നിയിൽ ഡി.വൈ.എസ്.പി ഓഫീസ്

**1985.**

ശ്രീ. കെ.യു. ജനീഷ് കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോന്നി നിയോജകമണ്ഡലത്തിലെ കോന്നിയിൽ ഡി.വൈ.എസ്.പി ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അനുവദിക്കുമെങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

( ബി )

കോന്നിയിലെ ഫയർഫോഴ്സ് ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## ഇരിങ്ങാലക്കുടയിലെ ആഭ്യന്തര വകുപ്പ് പദ്ധതികൾ

**1986.**

പ്രൊഫ . കെ. യു. അരുണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ആഭ്യന്തര വകുപ്പ് മുഖാന്തരം ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും പൂർത്തികരിച്ചതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

## സെക്രട്ടേറിയേറ്റിലെ പ്രോട്ടോക്കോൾ വിഭാഗത്തിലുണ്ടായ തീപിടുത്തം

**1987.**

ഡോ.എം.കെ . മുനീ**ർ**

ശ്രീ . മഞ്ഞളാംകുഴി അലി

പ്രൊഫ . ആബിദ് ഹുസൈ**ൻ** തങ്ങ**ൾ**

ശ്രീ . അബ്ദു**ൽ** ഹമീദ് .പി . : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സെക്രട്ടേറിയേറ്റിലെ പ്രോട്ടോക്കോൾ വിഭാഗത്തിലുണ്ടായ തീപിടുത്തം സംബന്ധിച്ച് ഏതെല്ലാം ഏജൻസികളാണ് റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നത്;

( ബി )

തീപിടുത്തിന്റെ കാരണങ്ങൾ വ്യത്യസ്തമായി ഇവർ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട ചോദ്യം ചെയ്യൽ

**1988.**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. റോജി എം. ജോ**ൺ**

ശ്രീ. അ**ൻ**വ**ർ** സാദത്ത്

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സ്വർണ്ണക്കടത്ത് കേസിൽ മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സി.എം.രവീന്ദ്രനെ കേസ് അന്വേഷിക്കുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ദിവസം എന്നറിയിക്കാമോ;

( ബി )

അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യലിനായി നോട്ടീസ് നൽകിയപ്പോൾ പല കാരണങ്ങൾ പറഞ്ഞ് സി.എം.രവീന്ദ്രൻ അത് ഒഴിവാക്കിയിട്ടുണ്ടോ;

( സി )

സി.എം.രവീന്ദ്രൻ ബിനാമി ഇടപാടിലൂടെ കോടികൾ നേടി എന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോ എന്ന് വെളിപ്പെടുത്താമോ?

## അന്വേഷണ കമ്മീഷനുകളുടെ നിയമനം

**1989.**

ശ്രീ . എം . ഉമ്മ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

( ബി )

ഏതെല്ലാം അന്വേഷണ കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്; ആയതിന് ഓരോ കമ്മീഷനും അനുവദിച്ച സമയ പരിധി എത്ര; വിശദമാക്കാമോ;

( സി )

പ്രസ്തുത കമ്മീഷനുകളുടെ ടേംസ് ഓഫ് റഫറൻസ് വിശദമാക്കുമോ;

( ഡി )

നാളിതുവരെ ഓരോ കമ്മീഷനും ചെലവഴിച്ച തുക പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

## അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചികിത്സാ പീഡനങ്ങളും മരണങ്ങളും

**1990.**

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

അന്ധവിശ്വാസങ്ങളുടെ പേരിൽ സംസ്ഥാനത്ത് നടക്കുന്ന വിവിധതരം ചികിത്സാ പീഡനങ്ങളും മരണങ്ങളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

( ബി )

എങ്കിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട എത്ര മരണങ്ങൾ ഇക്കാലയളവിനുള്ളിൽ സംഭവിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

( സി )

ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

## സ്വർണ്ണ കടത്ത് കേസ്

**1991.**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സ്വർണ്ണ കടത്ത് കേസുമായി ബന്ധപ്പെട്ട് 2020 ജൂലൈയിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തെഴുതിയിരുന്നോ; കത്തിലെ ആവശ്യം എന്തായിരുന്നു;

( ബി )

പ്രസ്തുത കത്തിൽ കേന്ദ്രത്തിന്റെ എല്ലാ ഏജൻസികളും സ്വർണ്ണക്കടത്ത് കേസും അനുബന്ധ കാര്യങ്ങളും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ;

( സി )

കേന്ദ്ര ഏജൻസികളുടെ അന്വേഷണം മുഖ്യമന്ത്രിയുടെ ഓഫീസിലേക്കും മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടവരിലേക്കും എത്തുന്നുവെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണോ അവരുടെ അന്വേഷണം മര്യാദ ഇല്ലാത്ത ഒന്നാണെന്നും തിരുത്തൽ നടപടി ഉണ്ടാകണമെന്നും ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 2020 ഡിസംബർ 17 ന് മുഖ്യമന്ത്രി വീണ്ടും കത്തയച്ചത് എന്നറിയിക്കാമോ;

( ഡി )

പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസികൾ നിലവിൽ അവരുടെ അന്വേഷണം നീതി പൂർവ്വവും ന്യായവുമായിട്ടാണ് ഇപ്പോൾ നടത്തുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ?

## സ്വർണ്ണക്കടത്ത് കേസും അനുബന്ധ കേസുകളും

**1992.**
ശ്രീ. വി .ഡി. സതീശ**ൻ**

ശ്രീ . എ**ൽ**ദോസ് പി. കുന്നപ്പിള്ളി**ൽ**

ശ്രീ. റോജി എം. ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സ്വർണ്ണക്കടത്ത് കേസും അനുബന്ധകേസുകളും അന്വേഷിക്കുന്ന കേന്ദ്ര ഏജൻസികൾ സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുന്നതിനായി നീതിയോ ന്യായമോ മര്യാദയോ ഇല്ലാത്ത അന്വേഷണമാണ് നടത്തുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ;
( ബി )
ചില അന്വേഷണ ഉദ്യോഗസ്ഥരുടെ സഹായത്തോടെ സർക്കാരിനേയും സർക്കാരിന് നേതൃത്വം നൽകുന്നവരേയും അപകീർത്തിപ്പെടുത്തുവാൻ ആസൂത്രിതവും നിരന്തരവുമായ പ്രചരണമാണ് നടത്തുന്നതെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;
( സി )
ഇക്കാര്യത്തിൽ തിരുത്തൽ നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള തിരുത്തൽ വേണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്;
( ഡി )
സ്വർണ്ണക്കടത്ത് കേസിൽ കേന്ദ്ര ഏജൻസികളുടെ ഏത് തരത്തിലുള്ള അന്വേഷണവും സ്വാഗതം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നേരത്തേ കത്ത് അയച്ചിരുന്നോ; അപ്രകാരം ഒരു കത്ത് അയച്ച ശേഷം അവരുടെ അന്വേഷണത്തിൽ അപാകത ഉണ്ടെന്ന് കാണിച്ച് വീണ്ടും കത്ത് അയച്ചത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ?

## വിജിലൻസ് അന്വേഷണം പൂർത്തിയാക്കാൻ നടപടി

**1993.**
ശ്രീ . വി. ടി. ബ**ൽ**റാം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗവ. എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിനാസ്പദമായ പരാതി വിജിലൻസിൽ ലഭിച്ചത് എന്നാണ്; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ;
( ബി )
പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ആരെയൊക്കെയാണ് കേസിൽ പ്രതി

ചേർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

( സി )

ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

( ഡി )

വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഈ സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ഇ )

കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഈ സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## <u>ബിവറേജസ് കോർപ്പറേഷനിലെ വ്യാജ നിയമന ഉത്തരവ്</u>

**1994.**

ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ബിവറേജസ് കോർപ്പറേഷ**ൻ** എം.ഡി.യുടെ വ്യാജ നിയമന ഉത്തരവ് നൽകി ജോലി തട്ടിപ്പിന് ശ്രമിച്ചുവെന്ന കേസിൽ പരാതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

( ബി )

ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ എം.ഡി. കത്ത് നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ;

( സി )

പ്രസ്തുത ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് തീരുമാനമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## <u>പിലാക്കാട്ടിരി അംഗൻവാടി കെട്ടിട നിർമ്മാണം</u>

**1995.**

ശ്രീ . വി. ടി. ബ**ൽ**റാം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി പഞ്ചായത്തിലെ എട്ടാം വാർഡിലെ 73-ാം നമ്പർ പിലാക്കാട്ടിരി അംഗൻവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിനാസ്പദമായ പരാതി വിജിലൻസിന് ലഭിച്ചത് എന്നാണ്; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

( ബി )

പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ആരെയൊക്കെയാണ് കേസിൽ പ്രതി ചേർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

( സി )

ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് അന്വേഷണം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

( ഡി )

വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഈ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ഇ )

കേസ് അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഈ അങ്കണവാടിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.എഫ്.ഇ.യിലെ വിജിലൻസ് റെയ്ഡ്

**1996.**

ശ്രീ . മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കെ.എസ്.എഫ്.ഇ. യിൽ അടുത്തകാലത്ത് വിജിലൻസ് റെയ്ഡ് നടത്താനിടയായ സാഹചര്യമെന്താണ്;

( ബി )

ക്രമക്കേടുകൾ തടയുന്നതിൽ ധനകാര്യ വകുപ്പ് യഥാസമയം നടപടിയെടുക്കാ**ൻ** പരാജയപ്പെട്ടതാണ് റെയ്ഡിനിടയാക്കിയതെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ധനകാര്യ വകുപ്പ് മേധാവിയറിയാതെ റെയ്ഡ് നടത്താനിടയായതിന് കാരണമെന്താണ്;

( സി )

കെ.എസ്.എഫ്.ഇ. യിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എടുത്ത വിജിലൻസ് കേസുകൾ

**1997.**

ശ്രീ യു. ആ**ർ**. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

( ബി )

ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം നല്കുമോ ;

( സി )

എത്ര കേസ്സുകളിൽ വിചാരണ പൂർത്തീകരിച്ച് പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; വിശദാംശം നല്കുമോ ?

## കടയ്ക്കൽ കോടതി കെട്ടിട നിർമ്മാണം

**1998.**
ശ്രീ . മുല്ലക്കര രത്നാകര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കടയ്ക്കൽ കോടതി ഇപ്പോൾ സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

( ബി )

കോടതി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

( സി )

കോടതി കെട്ടിട നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

## നിയമസഭാംഗത്തിനെതിരെയുള്ള കേസ്സുകളുടെ വിവരം

**1999.**
ശ്രീ. അനി**ൽ** അക്കര : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പതിനാലാം കേരള നിയമസഭയിലെ വടക്കാഞ്ചേരി നിയമസഭാംഗത്തിന്റെ പേരിൽ സംസ്ഥാനത്ത് ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

( ബി )

ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

( സി )

ഇതിൽ തീർപ്പായ കേസ്സുകൾ, അന്വേഷണത്തിലുള്ള കേസ്സുകൾ, കോടതികളുടെ പരിഗണനയിലുള്ള കേസ്സുകൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

## മാധ്യമപ്രവർത്തകൻ എസ്.വി. പ്രദീപിന്റെ കൊലപാതകം

**2000.**
ശ്രീ . എ**ൽ**ദോസ് പി. കുന്നപ്പിള്ളി**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തിരുവനന്തപുരം നെയ്യാറ്റിൻകര ദേശീയപാതയിൽ 2020 ഡിസംബർ 12 ന് ടിപ്പർ ലോറി കയറി മാധ്യമപ്രവർത്തകൻ എസ്.വി. പ്രദീപ് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത്;

( ബി )

ഇതുമായി ബന്ധപ്പെട്ട് ഐ.പി.സി. 302 വകുപ്പ് പ്രകാരം എടുത്ത കേസ് 304-ാം വകുപ്പ് പ്രകാരം ആക്കുവാൻ പോലീസ് നടപടി സ്വീകരിച്ചോ; എങ്കിൽ അത് എന്ത് കൊണ്ടാണ്;

( സി )

വാഹനാപകടം നടന്ന സമയത്ത് പ്രദീപിന്റെ വാഹനത്തിന് സമീപമുണ്ടായിരുന്ന ഇരുചക്രവാഹനത്തിലുണ്ടായിരുന്നവർ പ്രദീപിനെ തള്ളി ടിപ്പർ ലോറിക്കടിയിലേക്ക് ഇട്ടു എന്ന

ആക്ഷേപം പോലീസ് പരിശോധിച്ചിരുന്നോ; പ്രസ്തുത ഇരുചക്ര വാഹനത്തെയും, അതിൽ ഉണ്ടായിരുന്നവരെയും പോലീസ് കണ്ടെത്തിയിട്ടുണ്ടോ;

( ഡി )

പോലീസ് കസ്റ്റഡിയിലെടുത്ത ലോറി ഡ്രൈവർ വേറെ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ പങ്കാളിയാണോ;

( ഇ )

എസ്.വി. പ്രദീപിന്റെ മരണത്തിൽ ദുരൂഹത ചൂണ്ടി കാണിച്ച് പ്രദീപിന്റെ അമ്മ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി പ്രകാരം ഈ കേസ് സി.ബി.ഐ -ക്ക് കൈമാറുവാൻ നടപടി സ്വീകരിക്കുമോ?

## പെരിയ ഇരട്ടകൊലപാതക കേസിലെ അഭിഭാഷകരുടെ ചെലവ്

**2001.**

ശ്രീ . സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കാസർകോഡ് പെരിയ ഇരട്ടകൊലപാതക കേസിൽ സി.ബി.ഐ. അന്വേഷണം തടയുന്നതിന് സർക്കാർ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും പുറത്തുനിന്നുള്ള സീനിയർ അഭിഭാഷകരുടെ സേവനം തേടിയിരുന്നോ; എങ്കിൽ ആരുടെയൊക്കെയെന്ന് വിശദമാക്കുമോ;

( ബി )

പ്രസ്തുത അഭിഭാഷകർക്കായി ഇതിനകം വക്കീൽ ഫീസിനത്തിലും യാത്രാചെലവ് ഇനത്തിലും താമസം, ഭക്ഷണം എന്നീ ഇനത്തിലും എത്ര ലക്ഷം രൂപ നൽകിയെന്നും ഇനി എത്ര ലക്ഷം രൂപ ഓരോരുത്തർക്കും നൽകുവാനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

## കേരള അഗ്നിരക്ഷാസേവനവകുപ്പിന്റെ ആധുനികവൽക്കരണം

**2002.**

ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അഗ്നി രക്ഷാ സേവന വിഭാഗം ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

( ബി )

ഈ സർക്കാർ അഗ്നി രക്ഷാ സേവന വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## സാറ്റലൈറ്റ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ

**2003.**

ശ്രീ.ഡി.കെ.മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് സാറ്റലൈറ്റ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ;

( ബി )

ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

( സി )

ഇല്ലെങ്കിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ നിർമ്മാണം

**2004.**

ശ്രീ. ആ**ർ**. രാമചന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചുവെങ്കിലും തുടർനടപടികൾ വൈകുന്നതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിലേക്ക് വിവിധ വിഭാഗങ്ങളിൽ നിയമിച്ചിട്ടുള്ള എത്ര ജീവനക്കാർ ജോലി ക്രമീകരണ വ്യവസ്ഥയിൽ മറ്റ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നുവെന്ന് വിശദീകരിക്കുമോ; ഇവരെ കരുനാഗപ്പള്ളി സ്റ്റേഷനിലേക്ക് തിരികെ കൊണ്ടു വന്ന് ഇവിടുത്തെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

( സി )

കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിന് സങ്കേതികാനുമതി നൽകി എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## ചീമേനി ഫയർ സ്റ്റേഷൻ നിർമ്മാണം

**2005.**

ശ്രീ എം. രാജഗോപാല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തീരദേശമേഖലയിലെയും മലയോര മേഖലയിലെയും പ്രധാന വ്യാപാരകേന്ദ്രവും നിരവധി സർക്കാർ-പൊതു മേഖലാസ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതുമായ ചീമേനിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ;

( ബി )

ഇതിനാവശ്യമായ സ്ഥലവും സൗകര്യവും സൗജന്യമായി ലഭ്യമാക്കിയാ**ൽ** ഈ വർഷം തന്നെ ഫയർസ്റ്റേഷൻ പ്രഖ്യാപിക്കുമോ?

## ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി

**2006.**

ശ്രീ . പി . ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സബ്ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

( ബി )

സംസ്ഥാനത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ മുൻഗണനാലിസ്റ്റിൽ ഒറ്റപ്പാലം ഉൾപ്പെട്ടിരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ ഒറ്റപ്പാലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ ;

( സി )

അടിയന്തിരമായി ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ ?

## <u>പുതിയതായി അനുവദിച്ച ഫയർ സ്റ്റേഷനുകൾ</u>

**2007.**

ശ്രീ. പുരുഷ**ൻ** കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ ;

( ബി )

ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച ഫയലിൽ സ്വീകരിച്ച നടപടി എന്താണെന്നറിയിക്കാമോ ;

( സി )

ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമോ ?

## <u>ആലത്തൂർ ഫയർസ്റ്റേഷൻ നിർമ്മാണം</u>

**2008.**

ശ്രീ . കെ .ഡി .പ്രസേന**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ഫയർസ്റ്റേഷന്റെ നിർമ്മാണ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ഭീമനടി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ</u>

**2009.**

ശ്രീ എം. രാജഗോപാല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

മലയോര താലൂക്കായ വെള്ളരിക്കുണ്ട് താലൂക്ക് പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ താലൂക്കി**ൽ** ഫയർസ്റ്റേഷൻ ഇല്ലാത്തതിനാൽ മുപ്പതു കിലോമീറ്റർ ദൂരത്തുള്ള കാഞ്ഞങ്ങാട് ഫയർ സ്റ്റേഷനെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനായി ഭീമനടി കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

## കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം

**2010.**
ശ്രീ . കെ . ബാബു : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
നെല്ലിയാമ്പതി, പറമ്പിക്കുളം ഉൾപ്പെടെയുള്ള വനമേഖലയും നിരവധി ഡാമുകളും ഉൾപ്പെടുന്ന നെന്മാറ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
കൊല്ലങ്കോട് ട്രഷറി പരിസരത്ത് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് അനുവദിച്ച് കിട്ടിയ സ്ഥലത്ത് എം.എൽ.എ-ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന വിഷയം പരിഗണിച്ചിട്ടുണ്ടോ;
( സി )
എങ്കിൽ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ കൊല്ലങ്കോട് ഫയർ സ്റ്റേഷൻ അനുവദിക്കാ**ൻ** ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കല്ലമ്പലം ഫയർ & റസ്ക്യൂ സ്റ്റേഷൻ

**2011.**
ശ്രീ. വി.ജോയി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
വർക്കല മണ്ഡലത്തിൽ നാവായിക്കുളം കല്ലമ്പലം കേന്ദ്രമാക്കി ഫയർ & റസ്ക്യൂ സ്റ്റേഷന് വേണ്ടി ഭൂമി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ എത്ര സെന്റ് ഭൂമിയെന്ന് വ്യക്തമാക്കാമോ;
( ബി )
ഭൂമി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കുറ്റവാളികളുടെ മാനസിക പരിവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

**2012.**
ശ്രീ. വി. പി. സജീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കേരളത്തിലെ ജയിലുകളിൽ കുറ്റവാളികളുടെ മാനസികപരിവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ ജയിലുകളിലുള്ള സാങ്കേതികയോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;
( ബി )
04/09/2015 ൽ E1-17591/15 no: കത്തിൽ അന്നത്തെ ജയിൽ ഡി.ജി.പി ലോക്നാഥ് ബെഹ്റ കേരളത്തിലെ എല്ലാ ജയിലുകളിലും വെൽഫയ**ർ** ഓഫീസ**ർ**മാരെ നിയമിക്കാൻ നൽകിയ ശിപാർശയിൽ സർക്കാർ

എന്തു നടപടിയാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## ആലത്തൂർ സബ് ജയിൽ നവീകരണം

**2013.**
ശ്രീ . കെ .ഡി .പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആലത്തൂർ സബ് ജയിൽ നവീകരണത്തിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

( ബി )

ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

( സി )

ഇല്ലെങ്കിൽ സബ് ജയിൽ നവീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വയനാട് ജില്ലയിലെ പി.എസ്.സി നിയമനങ്ങൾ

**2014.**
ശ്രീ .സി .കെ .ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ പി.എസ്.സി മുഖേന എത്ര പേർക്ക് നിയമനം നൽകി; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

( ബി )

ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; വകുപ്പും വർഷവും തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ ഏതെല്ലാം വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ?

## റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിലുള്ള കാലതാമസം

**2015.**
ശ്രീ . എം . ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരള പി.എസ്.സി. പൊതുനിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് കമ്പ്യൂട്ടർവൽകൃത ഉത്തരക്കടലാസ് പരിശോധനാ സമ്പ്രദായപ്രകാരം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട സമയപരിധി എത്രയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ;

( ബി )

ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. പരീക്ഷകൾ നടത്തിയിട്ടും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന്

വ്യക്തമാക്കുമോ?

## ആലപ്പുഴ ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ

**2016.**
ശ്രീ. സജി ചെറിയാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തരം ആലപ്പുഴ ജില്ലയിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം വകുപ്പുകൾ തിരിച്ച് ലഭ്യമാക്കാമോ?

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

**2017.**
ശ്രീ. അനി**ൽ** അക്കര : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
657/2017 കാറ്റഗറി നമ്പറിലെ സി.പി.ഒ. റാങ്ക് പട്ടികയിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി 2020 ജൂൺ 17ലെ മന്ത്രിസഭായോഗതീരുമാനപ്രകാരമുള്ള 130/2020/ആഭ്യന്തരം ഉത്തരവ് പ്രകാരം ലഭിക്കേണ്ട 1200 ട്രെയിനിംഗ് പർപ്പസ് വേക്കൻസി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ബറ്റാലിയനും ലഭിച്ച വേക്കൻസി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതി ഉൾപ്പെടെ വിശദമാക്കാമോ;
( ബി )
ജി.ഒ.(എം.എസ്)7/2020/ഹോം ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ച എസ്.ഐ.എസ്.എഫ്. തസ്തികയിലേയ്ക്ക് ഡബ്ല്യു.സി.പി.ഒ. ഉദ്യോഗാർത്ഥികളെ പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലേയ്ക്കായി എത്ര ഒഴിവുകളാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;
( സി )
യൂണിവേഴ്സിറ്റി കേസും കൊറോണയും മൂലം ഏഴ് മാസത്തോളം കാലവധി നഷ്ടപ്പെട്ട് 2020 ജൂൺ 30ന് കാലാവധി അവസാനിച്ച 657/2017 നമ്പർ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും അർഹമായ നിയമനങ്ങൾ നടത്താൻ കഴിയാത്തതിനാൽ ഈ ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുമോ;
( ഡി )
657/2017 കാറ്റഗറി നമ്പർ പുരുഷ സി.പി.ഒ. റാങ്ക് പട്ടികയിലെ ഉദ്യോഗാർത്ഥികൾക്ക് ജി.ഒ.(എം.എസ്)7/2020/ഹോം ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട എസ്.ഐ.എസ്.എഫ്. തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; ഓരോ ബറ്റാലിയനിലും നിയമനം നൽകിയതിന്റെ വിശദവിവരം ലഭ്യമാക്കുമോ;
( ഇ )
ഇല്ലെങ്കിൽ മേൽ ഉത്തരവ് പ്രകാരം എസ്.ഐ.എസ്.എഫ്. തസ്തികയിലേയ്ക്ക് 657/2017 കാറ്റഗറി നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## പി.എസ്.സി. നിയമനം

**2018.**
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തുടർച്ചയായ വർഷങ്ങളിലുണ്ടായ കാലവർഷക്കെടുതികളും കോവിഡ് മഹാമാരിയും കാരണം പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും പൂർണ്ണമായി നിയമനം നടത്തുവാൻ കഴിയാതിരുന്നതിനാൽ മികച്ച റാങ്ക് നേടിയ നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെപോയ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

പ്രസ്തുത ഉദ്യോഗാർത്ഥികളിൽ പ്രായപരിധി കഴിഞ്ഞുപോയതിനാൽ ഇനിയൊരു അവസരമില്ലാത്തവർക്ക് പ്രത്യേക പരിഗണന നൽകുവാൻ നടപടിയുണ്ടാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

( സി )

നിലവിൽ റാങ്ക് ലിസ്റ്റ് കാലാവധി ഏതാനും ദിവസങ്ങളോ മാസങ്ങളോ മാത്രം അവശേഷിക്കുന്ന പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കാൻ വകുപ്പുകൾക്കു പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സിവിൽ പോലീസ് ഓഫീസർ പരീക്ഷയിലെ ക്രമക്കേടുകൾ

**2019.**
ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പി.എസ്.സി മുഖേന സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് നടത്തിയ മത്സര പരീക്ഷയിൽ തിരിമറിയും ചോദ്യവും ഉത്തരവും മൊബൈൽ ഫോണിലൂടെ എത്തിച്ചു നൽകിയതുമായി ബന്ധപ്പെട്ട് 2019-ൽ ഉണ്ടായ ആക്ഷേപങ്ങളെ സംബന്ധിച്ച അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

( ബി )

ഇതിൽ പങ്കെടുത്തവരും സഹായം ചെയ്തു നൽകിയ അദ്ധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെയും എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി നിയമനം

**2020.**
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സ**ർ**ക്കാ**ർ** അധികാരത്തി**ൽ** വന്നതുമുത**ൽ** നാളിതുവരെ എത്ര പേരെ വിവിധ വകുപ്പുകളി**ൽ** സ്ഥിരപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം വകുപ്പുക**ൾ** തിരിച്ച് ലഭ്യമാക്കുമോ?

## <u>ഹോമിയോപ്പതി അറ്റൻഡർ തസ്തിക</u>

**2021.**
ശ്രീ . ഷാഫി പറമ്പി**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2015-ന് ശേഷം നാളിതുവരെ ഹോമിയോപ്പതി അറ്റൻഡർ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് പി.എസ്.സി. എത്ര നിയമനശുപാർശ നൽകി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;
( ബി )
ഹോമിയോപ്പതി വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>വിവിധ വകുപ്പുകളിൽ നടന്ന നിയമനങ്ങൾ</u>

**2022.**
ശ്രീ . പി . ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, കമ്പനി-കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നടത്തിയ താല്ക്കാലിക നിയമനങ്ങൾ എത്രയെന്ന് അറിയിക്കുമോ;
( ബി )
ഇതിൽ എത്രപേരെ സ്ഥിരപ്പെടുത്തി എന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കുമോ?

## <u>കാലാവധി കഴിഞ്ഞ പി.എസ്.സി. റാങ്കുലിസ്റ്റുകളുടെ വിവരം</u>

**2023.**
ശ്രീ . എ . പ്രദീപ് കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2011-2016 കാലയളവിൽ സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ പി.എസ്.സി. റാങ്കുലിസ്റ്റുകൾ എത്രയായിരുന്നുവെന്നും അവ ഏതെല്ലാമായിരുന്നുവെന്നും കാലാവധി കഴിഞ്ഞ ഓരോ റാങ്കുലിസ്റ്റിലും എത്ര ഉദ്യോഗാർത്ഥികൾ അവശേഷിക്കുന്നുണ്ടായിരുന്നു എന്നുമുള്ള വിവരം പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ;
( ബി )
പ്രസ്തുത കാലയളവിൽ കാലാവധി കഴിഞ്ഞ എത്ര റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നീട്ടിക്കൊടുത്തുവെന്നും പ്രസ്തുത കാലയളവിൽ അവയി**ൽ**നിന്നും എത്രപേർക്കുകൂടി നിയമനം നൽകുവാൻ കഴിഞ്ഞെന്നും വെളിപ്പെടുത്തുമോ;
( സി )
ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2016-20) എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചുവെന്നും

എത്രയെണ്ണം തയ്യാറായി വരുന്നുവെന്നും അറിയിക്കാമോ?

## പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II നിയമനം

**2024.**
ശ്രീ. ഒ. രാജഗോപാ**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും എഴുത്ത് പരീക്ഷയും മറ്റ് നടപടികളും തുടങ്ങാത്തതു കാരണം ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകുവാനായി നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ പി.എസ്.സി.യോട് നിർദ്ദേശിയ്ക്കുമോ;

( ബി )

പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. എന്തെങ്കിലും പ്രത്യേക തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## പി.ഡബ്ല്യൂ.ഡി ഓവർസീയർ ഗ്രേഡ് III തസ്തികയുടെ റാങ്ക് ലിസ്റ്റ്

**2025.**
ശ്രീ എ. എ**ൻ**. ഷംസീ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പി.ഡബ്ല്യൂ.ഡി ഓവർസീയർ ഗ്രേഡ് III തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ;

( ബി )

നിലവിൽ പി.ഡബ്ല്യൂ.ഡി ഓവർസീയർ ഗ്രേഡ് III തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

( സി )

ഈ തസ്തികയിൽ ആറ് മാസത്തിനുള്ളിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

## ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റ് ഒഴിവുകൾ

**2026.**
ശ്രീ. കെ. ആ**ൻ**സല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റിന്റെ ഒഴിവുകൾ പി.എസ്.സി. കാറ്റഗറി നം. 280/18 പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

( ബി )

നിലവിൽ ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകളാണ് പി.എസ്.സി. യെ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം

**2027.**
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാന വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള കാറ്റഗറി നമ്പർ 582/2017 ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;
( ബി )
ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

## ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ ഒഴിവുകൾ

**2028.**
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കേരള പി.എസ്.സി കാറ്റഗറി നം. 543/14 പ്രകാരം അപേക്ഷ ക്ഷണിച്ച ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;
( ബി )
കാറ്റഗറി നം 543/14 വിജ്ഞാപന പ്രകാരം എത്ര പേരെ നിയമിച്ചു എന്ന് വിശദമാക്കുമോ ; ഈ ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

## ഡ്രൈവർ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി

**2029.**
ശ്രീ . സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
എൽ.ഡി.വി. 16/2014 (Various) വിജ്ഞാപന പ്രകാരം വിവിധ വകുപ്പുകളിലെ ഡ്രൈവർ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്ന തീയതി എന്നെന്നും ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കാമോ;
( ബി )
പ്രസ്തുത ലിസ്റ്റിൽ നിന്നും ഓരോ ജില്ലയിലും നടന്ന നിയമനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;
( സി )
പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടി, നിലവിലുള്ള തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് പരമാവധി നിയമനം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയുടെ അന്തിമ റാങ്ക് പട്ടിക

**2030.**
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കാറ്റഗറി നം. 444/16 അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചോ എന്ന വിവരം വെളിപ്പെടുത്തുമോ;
( ബി )
പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് എത്ര വിഭാഗങ്ങളായാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;
( സി )
ഓരോ വിഭാഗത്തിൽനിന്നും നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;
( ഡി )
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസയോഗ്യതയുള്ളവരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന്റെ സാധ്യതകൾ വെളിപ്പെടുത്തുമോ?

## ഓവർസിയർ ഗ്രേഡ് III തസ്തികയിലേക്കുളള ചുരുക്കപ്പട്ടിക

**2031.**
ശ്രീ . ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
പി.ഡബ്യൂ.ഡി /ഇറിഗേഷൻ വകുപ്പുകളിലെ ഓവർസിയർ ഗ്രേഡ് III തസ്തികയിലേക്ക് കാറ്റഗറി നമ്പർ 247/2018 ആയി നടത്തിയ പരീക്ഷയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരണത്തിന് തയ്യാറായോ; ചുരുക്കപ്പട്ടികയിൽ എത്രപേരെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;
( ബി )
പ്രസ്തുത തസ്തികയിലേക്ക് 22.11.2016ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിലെ മെയിൻ, സപ്ലിമെന്ററി പട്ടികകളിലായി എത്ര പേരാണ് ഉൾപ്പെട്ടിരുന്നത്;
( സി )
പി.എസ്.സി യുടെ ചുരുക്കപ്പട്ടികയിലും റാങ്ക് ലിസ്റ്റിലും ഉൾക്കൊള്ളിക്കേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

## പി എസ് സി റാങ്ക് ലിസ്റ്റ്കളുടെ കാലാവധി

**2032.**
ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
2021 ൽ കാലാവധി പൂർത്തിയാകുന്ന പി എസ് സി റാങ്ക് ലിസ്റ്റിൽ നിന്ന് കോവിഡ് സാഹചര്യത്തിൽ

ആവശ്യമായ നിയമനങ്ങൾ നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ അത്തരം ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ?

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കൽ

**2033.**
ശ്രീ. റോഷി അഗസ്റ്റി**ൻ**

ഡോ. എ**ൻ**. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കോവിഡ് 19 മഹാമാരി മൂലം സംസ്ഥാനത്ത് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ;
( ബി )
കോവിഡ് മഹാമാരിയുൾപ്പെടെ ഉദ്യോഗാ**ർ**ത്ഥികളുടേതല്ലാത്ത കാരണത്താൽ നിയമനം നടക്കാതെ കാലാവധി അവസാനിക്കുന്ന വിവിധ തസ്തികകളിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ എത്രയുണ്ടെന്ന് അറിയിക്കാമോ;
( സി )
ഇപ്രകാരം യഥാസമയം നിയമനം നടക്കാതെ കാലാവധി തീരാറായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

**2034.**
ശ്രീ. കെ. എസ്. ശബരീനാഥ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് നിയമനത്തിനായിട്ടുള്ള റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നു; എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്; ഈ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി; നിയമനം നൽകുന്നതിനായി എത്ര പുതിയ ഒഴിവുകളാണ് നിലവിലുള്ളത്;
( ബി )
പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം സംസ്ഥാനത്ത് കൂടുതൽ പേർ വിരമിച്ച 2019-2020 കാലയളവിൽ ആനുപാതികമായി വന്ന ഒഴിവുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്യിട്ടില്ലായെന്നുള്ള കാര്യം ഗൗരവമായി കാണുമോ;
( സി )
പ്രളയവും കോവിഡ്-19 മൂലം ഉണ്ടായ പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടി നീട്ടുന്നതിനുള്ള കാര്യം പരിഗണിക്കുമോ;
( ഡി )
തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് നിയമനത്തിനായി കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ എത്ര പേർക്ക് ഉൾപ്പെട്ടിരുന്നു; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; കാലാവധി എത്ര വർഷമായിരുന്നു; വിശദാംശം നൽകാമോ?

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

**2035.**
ശ്രീ. കെ. എസ്. ശബരീനാഥ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് (കാറ്റഗറി നം:657/2017) സർക്കാർ ഉത്തരവ് 130/2020/ആഭ്യന്തരം പ്രകാരം അനുവദിച്ച 1200 ട്രെയിനിംഗ് പർപ്പസ് വേക്കൻസി, നിയമനത്തിനായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;
( ബി )
പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് യൂണിവേഴ്സിറ്റി കോളേജിൽ നടന്ന പി.എസ്.സി. പരീക്ഷാതട്ടിപ്പ്, കോവിഡ് എന്നിവ മൂലം പത്ത് മാസത്തോളം നിയമനങ്ങൾക്ക് തടസം നേരിട്ട സാഹചര്യത്തിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്നും അർഹമായ നിയമനങ്ങൾ നടക്കാത്തതിനാൽ ലിസ്റ്റിന്റെ കാലാവധി ഒരു വർഷത്തേക്ക് നീട്ടി നൽകുമോ;
( സി )
സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)7/2020/ഹോം പ്രകാരം പുതുതായി സൃഷ്ടിച്ച രണ്ടായിരം തസ്തികകളിലേയ്ക്ക് സ്റ്റേറ്റ് ഇൻഡസ്ട്രീസ് സെക്യൂരിറ്റി ഫോഴ്സിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ എസ്.ഐ.എസ്.എഫ്.-ൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ ;
( ഡി )
എസ്.ഐ.എസ്.എഫ്. ലേയ്ക്ക് വുമൺ സിവിൽ പോലീസ് ഓഫീസർ ഉദ്യോഗാർത്ഥികളെ നിയമനത്തിനായി പരിഗണിച്ചിരുന്നോ; എങ്കിൽ പുരുഷ സി.പി.ഒ. ഉദ്യോഗാർത്ഥികളെ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അടിയന്തരമായി രൂപീകരിച്ച എസ്.ഐ.എസ്.എഫ്. ലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;
( ഇ )
സി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുള്ളവരുടെ എണ്ണത്തിന്റെ കാര്യത്തിൽ ഔദ്യോഗിക കണക്കിലും വിവരാവകാശ രേഖകളിലും വലിയ വ്യത്യാസം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## 244/2020 കാറ്റഗറി നമ്പർ വിജ്ഞാപനം

**2036.**
ശ്രീ. ആന്റണി ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
244/2020 കാറ്റഗറി നമ്പർ വിജ്ഞാപന പ്രകാരം എൽ.പി.എസ്.ടി.(മലയാളം മീഡിയം) തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എറണാകുളം ജില്ലയിൽ എത്ര അപേക്ഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;
( ബി )
പ്രസ്തുത തസ്തിക മാറ്റം വഴിയുള്ള അപേക്ഷയിൽ അപേക്ഷകരുടെ എണ്ണം കഴിഞ്ഞുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് മാറ്റി നൽകുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവ് ആയിട്ടുണ്ടോ;

വിശദമാക്കാമോ;

( സി )

തസ്തികമാറ്റം കഴിഞ്ഞുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് വേണ്ടി മാറ്റി നൽകുന്ന കാര്യം പി.എസ്.സി-യുടെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

## ഹൈസ്കൂൾ അദ്ധ്യാപക തസ്തികയുടെ ഒഴിവുകൾ

**2037.**

ശ്രീ. കെ. എസ്. ശബരീനാഥ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ്-19 സാഹചര്യത്തിൽ 2020-21 അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ തുറക്കാത്തതുകൊണ്ടും സ്റ്റാഫ് ഫിക്സേഷൻ നടക്കാത്തത് കൊണ്ടും ഹൈസ്കൂൾ അദ്ധ്യാപക തസ്തികയുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

2012-ൽ അപേക്ഷ ക്ഷണിച്ച് 2018-ൽ നിലവിൽ വന്ന എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷം നഷ്ടപ്പെടുകയും മിക്ക ഉദ്യോഗാർത്ഥികൾക്കും ഇനിയൊരവസരം ഇല്ലാത്ത സാഹചര്യത്തിലും, 2021-ൽ കാലാവധി തീരുന്ന എച്ച്.എസ്.എ. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം നീട്ടുന്ന നടപടി സർക്കാർ സ്വീകരിക്കുമോ;

( സി )

റാങ്ക് ലിസ്റ്റ് നീട്ടാത്ത പക്ഷം 2022 മെയ് വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

## എച്ച്.എസ്.എ (കണക്ക്) റാങ്ക് ലിസ്റ്റ്

**2038.**

ശ്രീ. കെ. എസ്. ശബരീനാഥ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് എച്ച്.എസ്.എ (കണക്ക്) അദ്ധ്യാപകർക്കായുള്ള റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; നിയമനത്തിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

( ബി )

കോവിഡ്-19 കണക്കിലെടുത്ത് സ്കൂളുകൾ തുറക്കാത്തതിനാലും സ്റ്റാഫ് ഫിക്സേഷൻ നടക്കാത്തതിനാലും ഒരു വർഷത്തെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷത്തേക്ക് നീട്ടുന്ന കാര്യം പരിഗണിക്കുമോ;

( സി )

എച്ച്.എസ്.എ (കണക്ക്) അദ്ധ്യാപകർക്കുള്ള മുൻ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി എത്ര വർഷമായിരുന്നുവെന്ന്

അറിയിക്കുമോ; എത്ര പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ?

## കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

**2039.**
ശ്രീ . പി . കെ . ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കൃഷിവകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി.-യുടെ കാറ്റഗറി 444/2016 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കും എന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;
( ബി )
നിലവിൽ നേരിട്ടുള്ള നിയമനത്തിനായി കൃഷി അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

## എറണാകുളം ജില്ലയിലെ എച്ച്.എസ്.എ. നാച്ചറൽ സയൻസ് റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ

**2040.**
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. നാച്ചറൽ സയൻസ് കാറ്റഗറി നമ്പർ 659/2012 റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെ ആണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;
( ബി )
പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ് .സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;
( സി )
മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സർവ്വേ ഭൂരേഖ വകുപ്പിലെ സർവ്വേയർ ഗ്രേഡ്-2 ന്റെ റാങ്ക് ലിസ്റ്റ്

**2041.**
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സർവ്വേ ഭൂരേഖ വകുപ്പിൽ സർവ്വേയർ ഗ്രേഡ്-2 ന്റെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ ലിസ്റ്റാണ് ഉള്ളത്; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; നിലവിൽ നിയമനം നൽകുന്നതിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; കഴിഞ്ഞ ലിസ്റ്റിൽ നിന്നും എത്ര പേർക്ക്

നിയമനം നൽകിയിട്ടുണ്ട്; വിശദവിവരം നൽകാമോ;

( ബി )

പ്രസ്തുത തസ്തികയുടെ സൂപ്പർവൈസറി തസ്തികകളിൽ പ്രമോഷൻ യഥാസമയം നടത്തി ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

( സി )

വകുപ്പിൽ സർവ്വേയർമാരുടെ അഭാവം രൂക്ഷമായിട്ടുള്ളതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അകാരണമായി വെട്ടിക്കുറച്ച തസ്തികകൾ പുനസ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

( ഡി )

ഇങ്ങനെ ഉണ്ടാകുന്ന അധിക തസ്തികകൾ ഈ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

( ഇ )

കോവിഡ്, പ്രളയ സാഹചര്യങ്ങൾ മൂലം നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഭരണപരിഷ്കാര കമ്മീഷന്റെ നിർദ്ദേശപ്രകാരം സാങ്കേതിക തസ്തികകളിലെ 3 വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ആ ഒഴിവുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്യുമോ?

## റാങ്ക് ലിസ്റ്റിന്റെ കാലാവധി

**2042.**

ശ്രീ. എ**ൽ**ദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ്-19 രോഗ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ തുറക്കാത്തതുകാരണം അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

എങ്കിൽ അദ്ധ്യാപക തസ്തികകൾക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ?

## സിവിൽ പോലീസ് ഓഫീസർ നിയമനം

**2043.**

ശ്രീ. റോഷി അഗസ്റ്റി**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് സിവിൽ പോലീസ് ഓഫീസർ കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുവേണ്ട പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

( ബി )

സർക്കാർ ഉത്തരവ് നമ്പർ 130/2020/ഹോം പ്രകാരം എത്ര ടെമ്പററി ട്രെയിനിംഗ് പർപ്പസ് വേക്കൻസികളാണ് ഉണ്ടായിരുന്നതെന്ന് അറിയിക്കുമോ; ആയത് പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യാൻ

സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

( സി )

ടി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള വേക്കൻസികൾ പി.എസ്.സി.ക്കു അടിയന്തിരമായി റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി. നിയമനം

**2044.**

ശ്രീ. ആന്റണി ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കാറ്റഗറി നമ്പർ 387/2014 എറണാകുളം ജില്ല എൽ.പി.എസ്.ടി. തസ്തികയിൽ മെയിൻ ലിസ്റ്റിലും, സപ്ലിമെന്ററി ലിസ്റ്റുലുമായി എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

( ബി )

പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനശിപാർശ നല്കിയെന്ന് വ്യക്തമാക്കാമോ;

( സി )

പ്രസ്തുത റാങ്ക് ലിസ്റ്റിലേക്കായി പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

( ഡി )

പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

**2045.**

ശ്രീ . ടി . എ . അഹമ്മദ് കബീ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പൊതുഭരണ വകുപ്പിലെ എൻടി കേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ ഒഴിവുകൾ കണക്കാക്കുന്നതിന് കേഡർ സ്ട്രങ്ത് മാനദണ്ഡമാണോ;

( ബി )

പൊതുഭരണ വകുപ്പിലെ ജീവനക്കാരുടെ ആറ് മാസത്തിലധികം കാലാവധിയുള്ള ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ മുഖേന എൻടി കേഡർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി .എസ് .സി-യിൽ റിപ്പോർട്ട് ചെയ്യേണ്ടതല്ലേ എന്ന് അറിയിക്കുമോ;

( സി )

2019 ഏപ്രിൽ ഒന്നിന് ശേഷം ഇത്തരത്തിൽ എത്ര ഒഴിവുകൾ പി .എസ് .സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## സർക്കാർ വകുപ്പുകളിലെ ആശ്രിത നിയമനം

**2046.**

ശ്രീ. അനി**ൽ** അക്കര : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആശ്രിത നിയമനങ്ങൾക്കായുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേർക്ക് സർക്കാർ വകുപ്പുകളിൽ ആശ്രിത നിയമനം നൽകി;

( സി )

നിലവിൽ സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ആശ്രിത നിയമനത്തിന് ലഭിച്ച എത്ര അപേക്ഷകൾ തീരുമാനമാകാതെയുണ്ടെന്ന് അറിയിക്കാമോ?

## പി.എസ്.സി നിയമനങ്ങളിലെ സംവരണം

**2047.**
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ വിവിധ സംവരണ വിഭാഗങ്ങൾക്ക് ലഭിക്കുന്ന സംവരണം ഇനം തിരിച്ച് ശതമാനക്കണക്കിൽ വെളിപ്പെടുത്താമോ;

( ബി )

പിന്നോക്കാവസ്ഥയിലുള്ള പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്ക് ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസത്തിനും ജോലിക്കും സംവരണം നൽകുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള അഗ്നി രക്ഷാ സേനയെ സംബന്ധിച്ച സമഗ്രപഠന റിപ്പോർട്ട്

**2048.**
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരള അഗ്നി രക്ഷാ സേനയെ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് കേരളത്തിന് അകത്തും പുറത്തും നടത്തിയ സമഗ്രപഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമായത് എന്നാണെന്ന് അറിയിക്കുമോ;

( ബി )

പ്രസ്തുത റിപ്പോർട്ട് പ്രകാരം എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

( സി )

പ്രസ്തുത റിപ്പോർട്ട് പ്രകാരം ഫയർമാൻ, ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ എന്നീ രണ്ട് തസ്തികകളുടെ പ്രമോഷൻ അനുപാതം, ശമ്പള രീതി എന്നിവയിൽ വിവേചനം ഉള്ളതായി പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ചുള്ള തീരുമാനം എന്തെന്ന് വ്യക്തമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നടത്തുന്നതിന് നടപടി

**2049.**
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്തെ സ്റ്റേറ്റ് സർവ്വീസുകളിലും സബോർഡിനേറ്റ് സർവ്വീസുകളിലും പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടത്തുന്നതിന്റെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

ഇതിൽ ആറുമാസത്തിലധികമായി വരുന്ന നിയമനങ്ങൾ പ്രത്യേകം കണക്കാക്കി അവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നടത്തുന്നതിന് ആലോചിക്കുമോ?

## ട്രാൻസ്ജെന്റർ ഉദ്യോഗാർത്ഥികൾക്ക് സംവരണം

**2050.**

ശ്രീ . ഷാഫി പറമ്പി**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

**2051.**

ശ്രീ . പി . കെ . ശശി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്തെ സിവിൽ സർവീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

( ബി )

നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

## അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകൾ

**2052.**

ശ്രീ. വി. പി. സജീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 2020 ജനുവരി മുതൽ ഡിസംബർ വരെ എത്ര ഒഴിവുകൾ വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

( ബി )

2020 ൽ അച്ചടി വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര ഗസറ്റഡ് തസ്തികകളിൽ എത്ര ഒഴിവുകൾ വന്നിട്ടുണ്ട് എന്നും ആയതിന് യഥാസമയം ഡി.പി.സി. കൂടി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ എന്നും

വ്യക്തമാക്കാമോ;

( സി )

അച്ചടി വകുപ്പിൽ നിലവിൽ ഏതൊക്കെ ജില്ലകളിലെ ജില്ലാ ഫാറം ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

( ഡി )

അച്ചടി വകുപ്പിൽ 2020 ൽ ഉണ്ടായ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ഷൊർണ്ണൂരിലെ അച്ചടി മ്യൂസിയം

**2053.**

ശ്രീ . പി . കെ . ശശി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ അച്ചടി മ്യൂസിയം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

## നാദാപുരം തയ്യിൽ പാലം നിർമ്മാണം

**2054.**

ശ്രീ. ഇ കെ വിജയ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

നാദാപുരം മണ്ഡലത്തിലെ വടകര-മാഹി കനാലിലെ എടച്ചേരി-ഏറാമല പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തയ്യിൽ പാലം നിർമ്മാണം പരിഗണനയിൽ ഉണ്ടോ;

( ബി )

എങ്കി**ൽ** നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വേമ്പനാട്ട് കായലിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

**2055.**

ശ്രീ . ജോ**ൺ** ഫെ**ർ**ണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

നിർദ്ദിഷ്ട ദേശീയ ജലപാത 3-ൽ പെട്ട വേമ്പനാട്ട് കായലിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ പാലം മുതൽ അരൂർ പാലം വരെ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം കണ്ടെത്തി, എസ്റ്റിമേറ്റ് സമർപ്പിച്ച് ,ഭരണാനുമതി വാങ്ങുവാൻ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

( ബി )

ദേശീയ ജലപാതയടക്കമുള്ള കായലുകളിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുള്ളതുമൂലം കായൽ വെള്ളം കയറുന്നത് രൂക്ഷമാകുന്നത് സംബന്ധിച്ച് 16.11.2020 ന് എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ കത്തിൽ

സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## കൊച്ചി വാട്ടർ മെട്രോ

**2056.**
ശ്രീ . ജോ**ൺ** ഫെ**ർ**ണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;
( ബി )
ഇതിനായി ഏറ്റെടുക്കുന്ന ഭൂമി എത്രയാണെന്നും ഇത് ഏതെല്ലാം വില്ലേജുകളിലാണെന്നും വ്യക്തമാക്കാമോ;
( സി )
ജലമെട്രോ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;
( ഡി )
ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## നാദാപുരം കളിയാമ്പള്ളി പാലം നിർമ്മാണം

**2057.**
ശ്രീ. ഇ കെ വിജയ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
നാദാപുരം മണ്ഡലത്തിലെ വടകര-മാഹി കനാലിന്റെ കുറുകെയുള്ള ഇടുങ്ങിയ കളിയാമ്പള്ളി പാലം പുനർനിർമ്മിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;
( ബി )
ഇതിന്റെ ഇൻവസ്റ്റിഗേഷൻ നടപടി പൂർത്തികരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ടി.എസ്.കനാലിന്റെ തീരസംരക്ഷണം

**2058.**
ശ്രീ. ആ**ർ**. രാമചന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ദേശീയ ജലപാതയായ ടി.എസ്. കനാലിന്റെ തീരസംരക്ഷണവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;
( ബി )
കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ടി.എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിൽ ശക്തമായ വേലിയേറ്റമുണ്ടാകുമ്പോൾ കരഭാഗത്തേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുവേണ്ടി ടി.എസ്. കനാലിലേയ്ക്ക് ഒഴുകുന്ന തോടുകളിൽ ചീപ്പും ഷട്ടറും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;
( സി )

ആലപ്പാട്, കുലശേഖരപുരം, ക്ലാപ്പന പഞ്ചായത്തുകളിലും കരുനാഗപ്പള്ളി നഗരസഭ പ്രദേശത്തും കായൽ കയ്യേറ്റം നടത്തുന്നത് നിയന്ത്രിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ദേശീയ ജലപാതയുടെ കേരളത്തിലെ വികസനം

**2059.**
ശ്രീ. വി. അബ്ദുറഹിമാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ദേശീയ ജലപാതയുടെ കേരളത്തിലെ നിർമ്മാണ പുരോഗതി അറിയിക്കുമോ;
( ബി )
കേരളത്തിൽ ദേശീയ ജലപാത എത്ര കി.മീ. ദൂരത്തിലാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;
( സി )
കേരളത്തിലെ ദേശീയ ജലപാതയിൽ ഇപ്പോൾ ഏതൊക്കെ ഭാഗത്താണ് നിർമ്മാണം ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ റീച്ചുകളാണെന്നും അറിയിക്കുമോ;
( ഡി )
ആകെ എത്ര റീച്ചുകളായിട്ടാണ് കേരളത്തിലെ ദേശീയ പാതയെ വിഭജിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;
( ഇ )
കേരളത്തിലെ ദേശീയ ജലപാതാ നിർമ്മാണത്തിന് കേന്ദ്ര സ**ർ**ക്കാരി**ൽ** നിന്നും ഇനി എന്തെങ്കിലും അനുമതി ലഭ്യമാക്കേണ്ടതുണ്ടോ; വിശദമാക്കുമോ;
( എഫ് )
ദേശീയ ജലപാതയുടെ മൂന്നാം റീച്ചിൽ ഉൾപ്പെട്ട കനോലി കനാൽ നവീകരണ പുരോഗതി അറിയിക്കുമോ?

## വൻകിട നിക്ഷേപ പദ്ധതികൾ

**2060.**
ശ്രീ. പി. ടി. തോമസ്

ശ്രീ. വി .ഡി. സതീശ**ൻ**

ശ്രീ . വി. ടി. ബ**ൽ**റാം

ശ്രീ . വി .എസ്. ശിവകുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കേരളത്തിന്റെ ഉല്പാദനമേഖലയിൽ കഴിഞ്ഞ നാലര വർഷം എന്തെങ്കിലും വൻകിട നിക്ഷേപം കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ന**ൽ**കുമോ;
( ബി )
കേരളത്തിന്റെ വികസനസാദ്ധ്യതകൾ ശരിയായ ദിശയിൽ പ്രാവ**ർ**ത്തികമാക്കുന്നതിന് പകരം കോടിക്കണക്കിന് രൂപ ആവശ്യമുള്ള പദ്ധതികളുടെ തറക്കല്ലിട്ട് നാട്ടിൽ വൻകിട പദ്ധതികൾ ഉണ്ടാക്കുന്നുവെന്ന തോന്നൽ ജനങ്ങളിൽ സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രദ്ധ പുലർത്തിയതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

( സി )

മുൻ സർക്കാരിന്റെ കാലത്ത് തൊണ്ണൂറ് ശതമാനം പണി പൂർത്തിയാക്കിയ കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ എന്നിവ പൂർത്തിയാക്കിയതല്ലാതെ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും പൂർത്തിയാക്കിയതുമായ വൻകിട നിക്ഷേപ പദ്ധതികൾ ഏതെന്ന് വിശദമാക്കുമോ?

## ക്ഷേമപെൻഷനുകൾ

**2061.**
ശ്രീ റ്റി . വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ക്ഷേമപെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

( ബി )

മു**ൻ** സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് ക്ഷേമപെൻഷ**ൻ** നല്കിയിരുന്നു; അവസാനം നൽകിയ ക്ഷേമപെൻഷ**ൻ** തുക എത്രയായിരുന്നു;

( സി )

മു**ൻ** സർക്കാരിന്റെ കാലത്ത് എത്ര മാസത്തെ ക്ഷേമപെ**ൻ**ഷ**ൻ** കുടിശ്ശികയായിരുന്നു; എത്ര രൂപയായിരുന്നു കുടിശ്ശിക;

( ഡി )

ഇപ്പോൾ എത്ര പേർക്ക് ക്ഷേമപെ**ൻ**ഷൻ നല്കുന്നുണ്ട്; പ്രതിമാസം ക്ഷേമപെ**ൻ**ഷ**ൻ** നല്കുന്നതിന് എത്ര രൂപ ചെലവ് വരും?

## തലസ്ഥാന നഗരിയിലെ സ്മാർട്ട് സിറ്റി പദ്ധതി

**2062.**
ശ്രീ. പി. സി. ജോ**ർ**ജ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സ്മാ**ർ**ട്ട് സിറ്റിയുടെ ഭാഗമായി തലസ്ഥാന നഗരിയി**ൽ** കൊണ്ടുവരാ**ൻ** ഉദ്ദേശിക്കുന്ന പുതിയ പദ്ധതിക**ൾ** ഏതെല്ലാമാണെന്ന് അറിയിക്കുമോ;

( ബി )

ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

## എകരൂൽ -കക്കയം ഡാം സൈറ്റ് റോഡ് നവീകരണം

**2063.**
ശ്രീ. പുരുഷ**ൻ** കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ

ആരംഭിക്കുന്നതെന്ന് അറിയിക്കുമോ;

( ബി )

എകരൂൽ -കക്കയം ഡാം സൈറ്റ് റോഡിന്റെ നവീകരണ പ്രവൃത്തിയ്ക്ക് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ടോ ?

## കേരള പുനർനിർമ്മാണ പദ്ധതി

**2064.**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരള പുനർ നിർമ്മാണ പദ്ധതി (ആർ.കെ.ഐ) യിലുൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ വകുപ്പുകളിലെ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതേവരെ എത്ര രൂപയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളത് എന്ന് ഇനം തിരിച്ച് തുകകൾ സഹിതം വ്യക്തമാക്കാമോ? ഈ ഓരോ പദ്ധികളുടെയും നിർവ്വഹണ ചുമതല നിർവ്വഹിക്കുന്ന ഏജൻസികൾ ഏതൊക്കെ;

( ബി )

ഇവയിൽ നിർമ്മാണം ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ബാക്കിയുള്ളവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എന്നത്തേക്ക് ഇവയുടെ നിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## എകരൂൽ -കക്കയം ഡാം സൈറ്റ് റോഡ് നവീകരണം

**2065.**

ശ്രീ. പുരുഷ**ൻ** കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ ആരംഭിക്കുന്നതെന്ന് അറിയിക്കുമോ ;

( ബി )

എകരൂൽ-കക്കയം ഡാം സൈറ്റ് റോഡിന്റെ നവീകരണ പ്രവൃത്തിക്ക് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ടോ ?

## റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതി

**2066.**

ശ്രീ. എ . പി . അനി**ൽ** കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയായ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് മുഖേന ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

( ബി )

ഈ പദ്ധതിക്ക് ഏതെങ്കിലും വിദേശ ഏജൻസികളുടെയോ/ബാങ്കുകളുടെയോ സഹായം ഇതിനകം

ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

( സി )

ഇതിനകം ലഭിച്ച തുക എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്താമോ;

( ഡി )

റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഇതിനകം എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്; അതിൽ എത്ര കോടി രൂപയുടെ പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവച്ചു; വ്യക്തമാക്കുമോ;

( ഇ )

വിവിധ വകുപ്പുകൾക്ക് പദ്ധതി നടത്തിപ്പിനായി ഇതിനകം കൈമാറിയ തുക എത്രയാണ്; മറ്റ് ഏതെങ്കിലും വിദേശ ഏജൻസികളിൽ നിന്നും ധനസമാഹരണത്തിന് ചർച്ച നടക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## ചെങ്ങന്നൂരിലെ റീബിൽഡ് കേരള പദ്ധതി

**2067.**

ശ്രീ. സജി ചെറിയാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് ചെങ്ങന്നൂർ നിയോജക മണ്ഡലത്തിനുവേണ്ടി അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

( ബി )

ഓരോ പ്രവൃത്തികളുടെയും നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

( സി )

ടി പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഹരിത കേരളം പദ്ധതി

**2068.**

ശ്രീ . എം . മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ വന്നതിന് ശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കാമോ?

## സി.എൻ.ജി. ഉപയോഗം വ്യാപകമാക്കാനുള്ള നടപടികൾ

**2069.**

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഗെയിൽ പദ്ധതി യാഥാർത്ഥ്യമായത് വഴി സംസ്ഥാനത്ത് സി.എൻ.ജി. ഉപയോഗം വ്യാപകമാക്കാൻ

എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

( ബി )

സി.എൻ.ജി. -യുടെ വിതരണം കേരളത്തിന്റെ തെക്കൻ ജില്ലകളിലേക്കും വ്യാപകമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

## തലസ്ഥാനത്തെ സിറ്റി ഗ്യാസ് പദ്ധതി

**2070.**

ശ്രീ. പി. സി. ജോ**ർ**ജ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തലസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

( ബി )

ആയതിനായി വകയിരുത്തിയ തുക എത്രയെന്ന് അറിയിക്കുമോ;

( സി )

വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനങ്ങൾ

**2071.**

ശ്രീ. അ**ൻ**വ**ർ** സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശിവശങ്കർ എത്ര പ്രാവശ്യം മുഖ്യമന്ത്രിയുടെകൂടെ വിദേശരാജ്യങ്ങൾ സന്ദർശിച്ചുവെന്നും ഏതൊക്കെ രാജ്യങ്ങളിലായിരുന്നുവെന്നും അറിയിക്കാമോ;

( ബി )

വിദേശരാജ്യങ്ങളിൽ മുഖ്യമന്ത്രി സന്ദർശിക്കുന്നതിന് മുന്നോടിയായി അവിടങ്ങളി**ൽ** ശിവശങ്കർ സന്ദർശിച്ചിരുന്നോ;

( സി )

അത്തരം വിദേശസന്ദർശനങ്ങളിൽ സ്വപ്ന സുരേഷിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## തദ്ദേശഭരണ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ട ലംഘനം

**2072.**

ശ്രീ. വി .ഡി. സതീശ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

തദ്ദേശഭരണ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ ഉണ്ടായിരുന്നപ്പോൾ കോവിഡ് വാക്സിൻ സൗജന്യമായി നൽകുമെന്ന് മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചിരുന്നോ;

( ബി )

ഇത് തെരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

( സി )

പ്രസ്തുത പരാതിയിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ മുഖ്യമന്ത്രിയിൽ നിന്നും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ മുഖ്യമന്ത്രി അതിന് വിശദീകരണം ന**ൽ**കിയിട്ടുണ്ടോ; വിശദമാക്കുമോ;

( ഡി )

പ്രസ്തുത വിശദീകരണം തൃപ്തികരമാണോ; അല്ലെങ്കിൽ മുഖ്യമന്ത്രിക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

## സർക്കാർ ഓഫീസുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടി

**2073.**

ശ്രീ. വി. അബ്ദുറഹിമാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സെക്രട്ടേറിയറ്റും ജില്ല ഭരണ കേന്ദ്രങ്ങളും ഉൾപ്പെടെ സർക്കാർ സ്ഥാപനങ്ങളുടെ അകത്തും പരിസരങ്ങളിലും കോവിഡ് മഹാമാരിക്കാലത്ത് ഇ-വേസ്റ്റും മാറ്റിയ ഫർണിച്ചറുകളും മറ്റ് പാഴ്വസ്തുക്കളുമൊക്കെ കൂട്ടിയിട്ട് വൃത്തിഹീനമാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

പുനരുപയോഗിക്കേണ്ടവ ഉപയോഗിച്ചും ലേലം ചെയ്ത് ഒഴിവാക്കേണ്ടവ അത്തരത്തിൽ ഒഴിവാക്കിയും ഓഫീസ് പരിസരങ്ങൾ വൃത്തിയാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

( സി )

സർക്കാർ ഓഫീസുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

## വയനാട് ജില്ലാ പാക്കേജ്

**2074.**

ശ്രീ . ഐ .സി .ബാലകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

വയനാട് ജില്ലാ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ അടങ്കൽ എത്രയാണ്;

( ബി )

പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

( സി )

വയനാട് പാക്കേജിനായി 2020-21 ൽ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ ?

## കൺസൾട്ടൻസി കരാർ

**2075.**

ശ്രീ. വി .ഡി. സതീശ**ൻ**

ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ**

ശ്രീ . എം . വി**ൻ**സെ**ൻ**റ്

ശ്രീ. അനി**ൽ** അക്കര : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സർക്കാരിന്റെ ഏതൊക്കെ പ്രവൃത്തികളിലാണ് പി.ഡബ്ല്യൂ. സി.ക്ക് ഈ സർക്കാർ കൺസൾട്ടൻസി കരാർ നൽകിയിരുന്നത്;
( ബി )
അവർക്ക് സർക്കാർ പദ്ധതികളിൽ രണ്ട് വർഷത്തേക്ക് വിലക്ക് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ് എന്നറിയിക്കാമോ;
( സി )
സ്വപ്ന സുരേഷിനെ കെ.എസ്.ഐ.ടി.ഐ.എല്ലിന്റെ കീഴിലുള്ള സ്പേസ് പാർക്കിൽ നിയോഗിക്കുന്നതിൽ പി.ഡബ്ല്യൂ.സി. പങ്ക് വഹിച്ചിരുന്നോ; വ്യക്തമാക്കുമോ;
( ഡി )
കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിംഗ് ഡയറക്ടർ സ്വപ്ന സുരേഷിന് പ്രസ്തുത നിയമനം നൽകണമെന്ന് പി.ഡബ്ല്യൂ. സി.യോട് ശിപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കെ-ഫോൺ പദ്ധതി</u>

**2076.**
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്ത് നടപ്പാക്കുന്ന കെ-ഫോ**ൺ** പദ്ധതിയുടെ നി**ർ**വഹണ ഏജ**ൻ**സി ഏതാണെന്നും പദ്ധതി നി**ർ**വഹണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;
( ബി )
നി**ർ**വഹണ ഏജ**ൻ**സിയെ നിശ്ചയിച്ചത് ടെ**ൻ**ഡ**ർ** നടപടികളിലൂടെ ആണോ എന്നും ആണെങ്കി**ൽ** ടെ**ൻ**ഡറി**ൽ** പങ്കെടുത്ത കമ്പനിക**ൾ**/സ്ഥാപനങ്ങ**ൾ** ഏതൊക്കെയാണെന്നും അറിയിക്കുമോ?

## <u>സ്പേസ് പാർക്കിൽ സ്വപ്ന സുരേഷിന്റെ നിയമനം</u>

**2078.**
ശ്രീ. റോജി എം. ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
മുഖ്യമന്ത്രിയുടെ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഐ.ടി.ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ കീഴിലുള്ള സ്പേസ് പാർക്കിൽ സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ സ്വപ്ന സുരേഷിനെ ഏത് തസ്തികയിലാണ് നിയമിച്ചത്;

( ബി )

ഏത് കൺസൾട്ടൻസി വഴിയായിരുന്നു സ്വപ്ന സുരേഷിന്റെ നിയമനം; പ്രതിമാസം എത്ര ലക്ഷം രൂപയാണ് പ്രസ്തുത കൺസൾട്ടൻസിക്ക് സ്വപ്ന സുരേഷിന്റെ ശമ്പളയിനത്തിൽ നൽകിയിരുന്നതെന്ന് അറിയിക്കാമോ?

## പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക്

**2079.**

ശ്രീ . എം . ഉമ്മ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

സർക്കാരിന്റെ പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക് എന്ന മൊബൈൽ ആപ്ലിക്കേഷൻ ഫലപ്രദമായി തന്നെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് അവസാനമായി അപ്ഡേറ്റ് ചെയ്തത് എന്നാണെന്ന് അറിയിക്കുമോ; ഇതിന്റെ ഡേറ്റാ ബേസ് അപ്ഡേറ്റ് ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

( ബി )

ഈ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനും അതിന്റെ തുടർ പരിപാലനത്തിനുമായി സർക്കാരിന് ചെലവായ തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ നിലവിൽ ലഭ്യമാകുന്ന പല വിവരങ്ങളും കാലഹരണപ്പെട്ടവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അപ്ഡേറ്റ് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## കെ-ഫോൺ ശൃംഖല

**2080.**

ശ്രീ. അനി**ൽ** അക്കര : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ദാരിദ്ര്യ രേഖക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

( ബി )

ഈ പദ്ധതിയുടെ ഭാഗമായുള്ള ഒപ്റ്റിക്കൽ കേബിൾ ലൈൻ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

( സി )

റെയിൽവേ ലൈനിനും ദേശീയപാതയ്ക്കും കുറുകെ കേബിൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

( ഡി )

കെ-ഫോൺ ശൃംഖല ഉപയോഗിക്കുവാൻ ഏതൊക്കെ ഇന്റർനെറ്റ് സേവനദാതാക്കൾ മുന്നോട്ട് വന്നിട്ടുണ്ട്; അവരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്;

( ഇ )

കെ-ഫോൺ ശൃംഖല ഉപയോഗിക്കുന്ന ഇന്റർനെറ്റ് സേവനദാതാക്കൾ നൽകുന്ന വാടകയിൽ നിന്നും പാവപ്പെട്ടവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുവാനുള്ള ചെലവ് കണ്ടെത്തുവാൻ സാധിക്കുമോ;

വിശദാംശങ്ങൾ നൽകുമോ?

## കൊരട്ടി ഇൻഫോപാർക്ക്

**2081.**
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
കൊരട്ടി ഇൻഫോപാർക്കിൽ കൂടുതൽ ഐ.ടി. അനുബന്ധ വ്യവസായങ്ങൾ ആരംഭിയ്ക്കുന്നതിനും, കൂടുതൽ പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തിര ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

## ഐ.ടി. മേഖലയുടെ സമഗ്രവികസനം

**2082.**
ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. കെ.യു. ജനീഷ് കുമാർ

ശ്രീ ഐ. ബി. സതീഷ്

ശ്രീ . കെ . ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി. മേഖലയുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;
( ബി )
ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഐ.ടി. മേഖലയിൽ ബിൽറ്റ് അപ് സ്പേസ് എത്രയായിരുന്നുവെന്നും ഇപ്പോൾ അത് എത്രയാണെന്നും അറിയിയ്ക്കാമോ;
( സി )
ഐ.ടി. പാർക്കുകളിൽ മുൻ സർക്കാരിന്റെ കാലത്ത് എത്ര കമ്പനികൾ പുതുതായി വന്നുവെന്നും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വന്ന കമ്പനികൾ എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ;
( ഡി )
ഈ സർക്കാരിന്റെ കാലത്ത് ഐ.ടി. പാർക്കുകളിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## പുതിയ അക്ഷയ കേന്ദ്രങ്ങൾ

**2083.**
ശ്രീ പി .ടി .എ . റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

പുതുതായി അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

( ബി )

പുതുതായി ആംരംഭിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ സർക്കാരുമായി ഒപ്പു വെക്കേണ്ട ധാരണാപത്രത്തിൽ ഭേദഗതികൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; നിലവിലുള്ള അക്ഷയ കേന്ദ്രങ്ങൾക്ക് പ്രസ്തുത ഭേദഗതികൾ ബാധകമാണോ;

( സി )

പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന് അനുമതി ലഭിക്കുകയും റൂം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തവർക്ക് എഗ്രിമെന്റ് വെയ്ക്കാൻ കാലതാമസമുണ്ടാകുന്നത് സാമ്പത്തിക ബാധ്യതക്കിടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതുക്കിയ എഗ്രിമെന്റ് വ്യവസ്ഥകൾ നിലവിൽ വരുന്നത് വരെ പഴയ വ്യവസ്ഥകൾ പ്രകാരം എഗ്രിമെന്റ് ഒപ്പുവച്ച് പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ;

( ഡി )

കുന്ദമംഗലം നിയോജക മണ്ഡലത്തിലെ കണ്ണിപറമ്പിൽ പുതുതായി അനുവദിച്ച അക്ഷയ കേന്ദ്രത്തിന്റെ സംരംഭകൻ എല്ലാ സൗകര്യങ്ങളും ഒരുക്കി മാസങ്ങളായി വാടക കൊടുത്ത് തുടങ്ങാൻ കഴിയാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ

**2084.**

ശ്രീ. ആന്റണി ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോതമംഗലം മണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

( ബി )

മണ്ഡലത്തിൽ പുതിയതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

( സി )

മണ്ഡലത്തിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

( ഡി )

പുതിയ അക്ഷയകേന്ദ്രങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## ഓവർ ഡ്രാഫ്റ്റ്

**2085.**

ശ്രീ. റോജി എം. ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ എത്ര തവണ സ്ഥിരനിക്ഷേപത്തിന്റെ ജാമ്യത്തിൽ ബാങ്കുകളിൽ നിന്ന് ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്; എന്നൊക്കെയാണ് ഇവ എടുത്തിട്ടുള്ളതെന്ന്

വിശദമാക്കാമോ;

( ബി )

ഓരോ തവണ എടുത്ത ഓവർ ഡ്രാഫ്റ്റ് തുകയും അതിനെതിരെ വച്ച സ്ഥിരനിക്ഷേപവും എത്രയെന്ന് വ്യക്തമാക്കുമോ;

( സി )

ഇതിൽ എത്ര ഓവർ ഡ്രാഫ്റ്റ് ക്ലോസ് ചെയ്തിട്ടുണ്ട്; എങ്ങനെയാണ് ഈ ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടുകൾ ക്ലോസ് ചെയ്തത്; ജാമ്യം വച്ച സ്ഥിരനിക്ഷേപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി; എന്നീ കാര്യങ്ങ**ൾ** വ്യക്തമാക്കുമോ?

## കോവിഡ് രോഗമുക്തരുടെ തുടർ ആരോഗ്യ പ്രശ്നങ്ങൾ

**2086.**

ശ്രീ. പി. സി. ജോ**ർ**ജ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് രോഗമുക്തി നേടിയ വ്യക്തികളുടെ തുട**ർ** ആരോഗ്യ പ്രശ്ന പരിഹാരത്തിന് സ**ർ**ക്കാ**ർ** എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

( ബി )

പുതിയ പദ്ധതിക**ൾ** ആവിഷ്കരിക്കാ**ൻ** ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

**2087.**

ശ്രീ. വി. അബ്ദുറഹിമാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന് ഏതൊക്കെ മേഖലകളിലാണ് അധിക സാമ്പത്തിക ചെലവ് വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

( ബി )

സർക്കാർ സൗജന്യ ചികിത്സ നൽകുന്ന ഒരു കോവിഡ് രോഗിക്ക് ശരാശരി എത്ര രൂപയാണ് സർക്കാരിനു സാമ്പത്തിക ചെലവ് വരുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ വിശദാംശം നൽകുമോ ;

( സി )

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്ക് ഏതൊക്കെ ദേശീയ - അന്തർ ദേശീയ പുരസ്കാരങ്ങളാണ് ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

## പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ രോഗീസൗഹൃദമാക്കൽ

**2088.**

ശ്രീ. വി. അബ്ദുറഹിമാ**ന്‍** : താഴെ കാണുന്ന ചോദ്യങ്ങ**ള്‍**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് പ്രതിരോധകാലത്ത് സംസ്ഥാനത്തെ ആരോഗ്യപ്രവര്‍ത്തകര്‍ അഭിനന്ദനാര്‍ഹമായ പ്രവര്‍ത്തനങ്ങള്‍ കാഴ്ചവച്ചപ്പോഴും രോഗികളോട് അപമര്യാദയായി പെരുമാറുന്ന ഒറ്റപ്പെട്ട സംഭവങ്ങള്‍ റിപ്പോര്‍ട്ട് ചെയ്യപ്പെട്ടത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

( ബി )

നമ്മുടെ പൊതുജനാരോഗ്യ സംവിധാനങ്ങള്‍ കൂടുതല്‍ രോഗീസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

( സി )

ആശുപത്രികള്‍ കൂടുതല്‍ രോഗീസൗഹൃദവും മികച്ച പരിചരണം ലഭിക്കുന്നതുമായി മാറ്റിയെടുക്കുന്നതിന് കൂടുതല്‍ സന്നദ്ധരായവരെ പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കുമോ;

( ഡി )

കോവിഡ് മഹാമാരി പ്രതിരോധിക്കുന്നതില്‍ ഫലപ്രദമായ രീതിയില്‍ സഹകരിച്ച സന്നദ്ധപ്രവര്‍ത്തകരെ ആദരിക്കുന്നതിനും പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഐ.എം.എ. നല്‍കിയ നിര്‍ദ്ദേശങ്ങള്‍

**2089.**

ശ്രീ . സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങ**ള്‍**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്തെ കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തില്‍ ആരോഗ്യ അടിയന്തരാവസ്ഥയായി പരിഗണിച്ച് നിയന്ത്രണങ്ങള്‍ ഏര്‍പ്പെടുത്തണമെന്ന് ഐ .എം.എ. ആവശ്യപ്പെട്ടിരുന്നോ;

( ബി )

പ്രതിദിന സാമ്പിള്‍ പരിശോധന ഒരു ലക്ഷത്തിലെത്തിക്കുക, കോവിഡ് വ്യാപനം കുറയാതെ ആരാധനാലയങ്ങളും സ്കൂളുകളും തുറക്കാതിരിക്കുക തുടങ്ങിയ ആവശ്യങ്ങള്‍ ഐ.എം.എ. മുന്നോട്ട് വച്ചിരുന്നോ;

( സി )

ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കില്‍ കേരളം രാജ്യ ശരാശരിയെക്കാള്‍ മുന്നിലായിട്ടും ഐ.എം.എ. നല്‍കിയ നിര്‍ദ്ദേശങ്ങള്‍ പരിഗണിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## കോവിഡ് മുക്തരുടെ തുടര്‍ ചികില്‍സ

**2090.**

ശ്രീ . മുല്ലക്കര രത്നാകര**ന്‍** : താഴെ കാണുന്ന ചോദ്യങ്ങ**ള്‍**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് രോഗമുക്തരായവരിൽ തുട**ർ** ആരോഗ്യ പ്രശ്നങ്ങ**ൾ** ഉണ്ടാകുന്നത് സംബന്ധിച്ച് സ**ർ**ക്കാ**ർ** പഠനം നടത്തിയിട്ടുണ്ടോ; എങ്കി**ൽ** വിശദമാക്കുമോ;

( ബി )

കോവിഡ് മുക്തി നേടിയവ**ർ**ക്ക**ർ**ക്കായി സ**ർ**ക്കാ**ർ** ഏ**ർ**പ്പെടുത്തിയിട്ടുള്ള തുട**ർ** ചികിത്സാ സൗകര്യങ്ങ**ൾ** വിശദമാക്കാമോ ?

## <u>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ</u>

**2091.**
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

( ബി )

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കോവിഡ് പോസിറ്റായവർ സുഖം പ്രാപിച്ച ശേഷം വീണ്ടും വൈറസ് ബാധിതരാകുന്ന സാഹചര്യം</u>

**2092.**
ശ്രീ. എ . പി . അനി**ൽ** കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് പോസിറ്റായവർ സുഖം പ്രാപിച്ച ശേഷം ലക്ഷണങ്ങൾ ഇല്ലാതെ തന്നെ വീണ്ടും കോവിഡ് വൈറസ് ബാധിതരാകുന്ന സാഹചര്യം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ?;

( ബി )

എങ്കിൽ ഇപ്രകാരം സംഭവിക്കുന്നത് കൊറോണ വൈറസിന്റെ പ്രത്യേക വകഭേദങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

( സി )

വൈറസ് ബാധ 45 ദിവസം കഴിഞ്ഞും നീണ്ടുനിൽക്കുന്ന കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ?

## <u>കോവിഡ് പ്രതിരോധം</u>

**2093.**
ശ്രീ. പി കെ അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മാസ്ക് ധരിക്കലും സാമൂഹ്യ അകലം പാലിക്കലും കോവിഡ് രോഗപ്രതിരോധത്തിന് നിലവിൽ ആവശ്യമാണോ; എങ്കിൽ ഓരോ വ്യക്തിയും മറ്റൊരാളിൽ നിന്ന് എത്ര ദൂരം അകലമാണ് പാലിക്കേണ്ടതായിട്ടുള്ളത്;

( ബി )

ടി അകലം പാലിക്കേണ്ടതായിട്ടുള്ളതിൽ പൊതുജനങ്ങൾ ഒത്തുകൂടുന്ന ഏതെങ്കിലും സർക്കാർ ഇടത്തെ മാത്രം ഒഴിവാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; ഇല്ലെങ്കിൽ സാധാരണ ജനം യാത്രക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന കെ.എസ്.ആർ.ടി.സി. യിൽ മാത്രം യാത്രക്കാർ സാധാരണക്കാരായതിനാൽ ചേർത്ത് ഇരുത്തി യാത്ര അനുവദിച്ച് രോഗം വരുത്തുന്നത് തടയാൻ ഗവൺമെന്റ് എന്തുകൊണ്ടാണ് നിയന്ത്രണം ഏർപ്പെടുത്താത്തത് എന്നറിയിക്കുമോ?

## പോസ്റ്റ് കോവിഡ് രോഗികൾക്ക് ആശ്രയിക്കാവുന്ന ക്ലിനിക്കുകൾ

**2094.**

ശ്രീ. വി. അബ്ദുറഹിമാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ നേരിടുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

( ബി )

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സബ് സെന്ററുകൾ കൂടുതൽ നവീകരിക്കുകയും പോസ്റ്റ് കോവിഡ് രോഗികൾക്ക് ഉൾപ്പെടെ ആശ്രയിക്കാവുന്ന ക്ലിനിക്കുകളായി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

( സി )

പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കോവിഡ് രോഗികളുടെ അമിത ഉത്കണ്ഠ കുറയ്ക്കുന്നതിന് നടപടി

**2095.**

ശ്രീ . എ**ൽ**ദോസ് പി. കുന്നപ്പിള്ളി**ൽ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

അമിതമായ ഉത്കണ്ഠ കാരണം കോവിഡ് രോഗികൾ ആശുപത്രികളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ ആത്മഹത്യ ചെയ്തുവെന്ന് അറിയിക്കാമോ;

( ബി )

കോവിഡ് രോഗികളുടെ അമിത ഉത്കണ്ഠ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

( സി )

കോവിഡ് വാർഡുകളിലെ രോഗികളെ സി.സി.ടി.വി വഴി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

## കോവിഡ് വാക്സിൻ വിതരണം

**2096.**
ശ്രീ. തിരുവഞ്ചൂ**ർ** രാധാകൃഷ്ണ**ൻ**

ശ്രീ . സണ്ണി ജോസഫ്

ശ്രീ. അനി**ൽ** അക്കര

ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കോവിഷീൽഡ്, കോവാക്സിൻ എന്നീ കോവിഡ് വാക്സിനുകൾക്ക് ഔദ്യോഗിക അംഗീകാരം ലഭിച്ചതിനെ തുടർന്ന് ജനുവരി മാസത്തിൽ തന്നെ വാക്സിൻ ലഭ്യമാക്കുമെന്നുള്ള പ്രഖ്യാപനം സംസ്ഥാനത്തെ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് എത്രമാത്രം സഹായകമാകുമെന്ന് വ്യക്തമാക്കുമോ;
( ബി )
രാജ്യത്ത് കോവിഡ് വ്യാപനം ഏറ്റവും ശക്തമായതും ഏറ്റവും കൂടുതൽ രോഗികൾ ഉള്ളതുമായ സംസ്ഥാനം കേരളമാണെന്നിരിക്കെ വാക്സിന്റെ കാര്യത്തിൽ മുൻഗണന വേണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള കേന്ദ്ര പ്രതികരണമെന്താണ്;
( സി )
കോവിഡ് വാക്സിൻ നൽകുന്നതിന് സംസ്ഥാനത്ത് എന്തെങ്കിലും മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; ആരോഗ്യപ്രവർത്തകർ കഴിഞ്ഞാൽ ഏത് വിഭാഗത്തിനാണ് മുൻഗണനയെന്ന് വ്യക്തമാക്കുമോ;
( ഡി )
ഇക്കാര്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷ എഴുതുന്ന ലക്ഷക്കണക്കിന് കുട്ടികൾക്ക് എന്തെങ്കിലും മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കായംകുളം മണ്ഡലത്തിലെ കോവിഡ് കേസ്സുകൾ

**2097.**
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കായംകുളം മണ്ഡലത്തിൽ 2020 ഡിസംബർ 31 വരെ എത്ര കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ട് എന്നും നഗരസഭ, പഞ്ചായത്ത് തരം തിരിച്ച് വിശദമാക്കാമോ;
( ബി )
പ്രസ്തുത കാലഘട്ടത്തിൽ മണ്ഡലത്തിലെ ഓരോ ആരോഗ്യ കേന്ദ്രങ്ങളിലും നടത്തിയ ആർ.റ്റി.പി.സി.ആർ, ട്രൂനാട്ട്, ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

## സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക്

**2098.**
ശ്രീ . ഐ .സി .ബാലകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കോവിഡ് ബാധിതരെ ചികിത്സിക്കുന്നതിന് നിലവിൽ എത്ര സ്വകാര്യ ആശുപത്രികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;
( ബി )
ഈ സ്വകാര്യ ആശുപത്രികളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കോവിഡ് ചികിത്സ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ;
( സി )
നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും പല സ്വകാര്യ ആശുപത്രികളും അമിത നിരക്ക് ഈടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് നടത്തിയതെന്ന് പറയാമോ;
( ഡി )
കോവിഡ് ബാധിതരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ 30000 മുതൽ 50000 രൂപ വരെ സ്വകാര്യ ആശുപത്രികൾ മുൻകൂറായി ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കോവിഡ് രോഗികൾക്ക് ആർ.റ്റി.പി.സി.ആർ. പരിശോധന

**2099.**
ശ്രീ. റോജി എം. ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ആന്റിജൻ പരിശോധനയിൽ കോവിഡ് നെഗറ്റീവ് ആകുന്നവർക്ക് രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ നിർബന്ധമായും ആർ.റ്റി.പി.സി.ആർ. പരിശോധന നടത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നോ;
( ബി )
സംസ്ഥാനത്ത് ഈ നിർദ്ദേശം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;
( സി )
ആർ.റ്റി.പി.സി.ആർ. പരിശോധനയ്ക്ക് ജില്ല, സംസ്ഥാന തലങ്ങളിൽ പ്രത്യേക നിരീക്ഷണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കോവിഡ് രോഗവ്യാപനം

**2100.**
ശ്രീ . പാറക്ക**ൽ** അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു

വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ദേശീയ കോവിഡ് നിയന്ത്രണ വിഭാഗം പുറത്തുവിട്ട കണക്കനുസരിച്ച് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം രോഗവ്യാപനത്തിൽ മുൻനിരയിലാണെന്ന സൂചനയുണ്ടോ;

( ബി )

ദേശീയ തലത്തിൽ 2.24 ശതമാനം എന്ന നിരക്കിലേക്ക് രോഗവ്യാപനം കുറഞ്ഞപ്പോൾ ഇതേ കാലയളവിൽ കേരളത്തിൽ ഇത് 9.4 ശതമാനത്തിൽ നിന്ന് 10 ശതമാനത്തിലേക്ക് ഉയരുകയുണ്ടായോ;

( സി )

മാർച്ച് 28-ന് എറണാകുളത്ത് ആദ്യ മരണം റിപ്പോർട്ട് ചെയ്ത ശേഷം കഴിഞ്ഞ 9 മാസത്തിനിടയ്ക്ക് സംസ്ഥാനത്ത് ഔദ്യോഗിക കണക്ക് പ്രകാരം മൂവായിരത്തിൽ അധികവും അനൗദ്യോഗിക കണക്ക് പ്രകാരം അയ്യായിരത്തിൽ അധികവും കോവിഡ് മരണം സംഭവിക്കുകയുണ്ടായോ;

( ഡി )

ഈ സാഹചര്യത്തിൽ കേരളത്തിൽ എന്നു മുതൽ കോവിഡ് വാക്സിൻ പൊതുജനങ്ങൾക്ക് ലഭ്യമായി തുടങ്ങും എന്നറിയിക്കാമോ?

## കോവിഡ് വാക്സിൻ മുൻഗണന

**2101.**

ശ്രീ . ജോർജ് എം .തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വാക്സിൻ നൽകുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ;

( ബി )

എങ്കിൽ മുൻഗണന നിശ്ചയിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ;

( സി )

വാക്സിൻ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവ്

**2102.**

ശ്രീ . പി . ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ച തുകയും അതിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകളും വെളിപ്പെടുത്തുമോ;

( ബി )

നാളിതുവരെ സംസ്ഥാന സർക്കാർ ഇതിനായി എത്ര തുക നീക്കിവെച്ചുവെന്നും ചെലവഴിച്ചു എന്നും വിശദീകരിക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

( സി )

കോവിഡ് പ്രതിരോധത്തിന് വിദേശ സഹായങ്ങൾ കൈപറ്റിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ?

## കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - അംഗീകാരങ്ങളും പുരസ്കാരങ്ങളും

**2103.**

ശ്രീ . കെ . ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടെ ആരോഗ്യ വകുപ്പിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ബഹു.ആരോഗ്യ വകുപ്പ മന്ത്രിക്ക് ലഭിച്ച അംഗീകാരങ്ങളും പുരസ്കാരങ്ങളും ഏതെല്ലാമെന്ന് വിശദമാക്കുമോ?

## കോവിഡ്-19

**2104.**

ശ്രീ വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തിൽ നാളിതുവരെ എത്ര കോവിഡ്-19 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇതിൽ എത്ര പേർ സുഖം പ്രാപിച്ചു; എത്ര പേർ ചികിത്സയിലുണ്ട്;

( ബി )

കേരളത്തിൽ കോവിഡ്-19 രോഗത്തിന്റെ മോർട്ടാലിറ്റി റേറ്റ് എത്രയാണ്;

( സി )

ഇന്ത്യയുടെ മോർട്ടാലിറ്റി റേറ്റും മറ്റ പ്രധാന കോവിഡ് ബാധിത സംസ്ഥാനങ്ങളുടെ മോർട്ടാലിറ്റി റേറ്റും ലഭ്യമാണോ; എങ്കിൽ നൽകാമോ?

## കൊറോണ വൈറസിന്റെ പുതിയ വകഭേദം

**2105.**

ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊറോണ വൈറസിന്റെ അതിവേഗം പകരുന്ന പുതിയ വകഭേദം ബ്രിട്ടനിലും മറ്റ് പല യൂറോപ്യൻ രാജ്യങ്ങളിലും പടരുന്നതായ റിപ്പോർട്ടുകൾ ആരോഗ്യവകുപ്പ് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

( ബി )

കൊറോണ വൈറസിന്റെ പുതിയ വകഭേദം സംസ്ഥാനത്ത് വ്യാപിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

( സി )

കൊറോണ വൈറസിന്റെ പുതിയ വകഭേദത്തെ പ്രതിരോധിക്കുവാൻ നിലവിലെ ചികിത്സാ രീതികൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## കൽപ്പറ്റ മണ്ഡലത്തിലെ കോവിഡ് 19- പ്രവർത്തനങ്ങൾ

**2106.**

ശ്രീ .സി .കെ .ശശീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ വിവിധ ആശുപത്രികളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

( ബി )

ഇതിനായി നാളിതുവരെ ആകെ എത്ര തുക വിനിയോഗിച്ചു; വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

**2107.**

ശ്രീ . കെ .ഡി .പ്രസേന**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആലത്തൂർ നിയോജക മണ്ഡലത്തിലെ ഓരോ ആരോഗ്യസ്ഥാപനവും കോവിഡ് രോഗവ്യാപനം തടയുന്നതിനായി നടത്തിയ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

## കോവിഡ് മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡം

**2108.**

ശ്രീ. തിരുവഞ്ചൂ**ർ** രാധാകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ്;

( ബി )

പല കോവിഡ് മരണങ്ങളും അപ്രകാരം റിക്കോർഡ് ചെയ്യുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( സി )

കോവിഡുമായി ബന്ധപ്പെട്ട് സുപ്രീംകോടതി സ്വമേധയാ എടുത്ത കേസിൽ സംസ്ഥാന സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

( ഡി )

സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് നിയന്ത്രിക്കുന്നതിനും, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10 ശതമാനത്തിൽ താഴെ നിലനിർത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

## സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിൽസ

**2109.**

ശ്രീ . ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് ചികിൽസയ്ക്ക് സ്വകാര്യ ആശുപത്രികളിൽ പ്രത്യേക നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; ഐ.സി.യു.വിലെ കിടത്തി ചികിത്സ, വെന്റിലേറ്റർ ഉപയോഗം തുടങ്ങി ഓരോ കാറ്റഗറിയ്ക്കും എത്ര രൂപയാണ് സ്വകാര്യ ആശുപത്രികൾക്ക് ഈടാക്കാൻ കഴിയുക എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

( ബി )

നിശ്ചയിച്ച നിരക്കിനേക്കാൾ അധികം തുക കോവിഡ് ചികിൽസക്ക് ഈടാക്കിയതായി എതെങ്കിലും തരത്തിലുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

( സി )

കോവിഡ് ഇതര ചികിത്സക്ക് സ്വകാര്യ ആശുപത്രികളിൽ തടസ്സമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## തീവ്ര കോവിഡ്-19 വൈറസ്

**2110.**

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് തീവ്ര കോവിഡ്-19 വൈറസ് വകഭേദം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കി**ൽ** എവിടെയെല്ലാം കണ്ടെത്തിയിട്ടുണ്ട്; വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

( ബി )

പുതിയ വൈറസ് വകഭേദത്തെ നേരിടാ**ൻ** സംസ്ഥാനത്തെ വിമാനത്താവളങ്ങ**ൾ** കേന്ദ്രീകരിച്ച് എന്തൊക്കെ മു**ൻ**കരുത**ൽ** നടപടിക**ൾ** സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## കോവിഡ് പ്രതിരോധവും പോസ്റ്റ് കോവിഡ് ചികിത്സയും

**2111.**

ശ്രീ. വി. അബ്ദുറഹിമാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് പ്രതിരോധത്തിലും പോസ്റ്റ് കോവിഡ് ചികിത്സയിലും അലോപ്പതി കൂടാതെ ആയുർവ്വേദത്തിലും ഹോമിയോപതിയിലും എന്തൊക്കെ ചികിത്സകളാണ് ആരോഗ്യ വകുപ്പ് നൽകിവരുന്നതെന്ന്

അറിയിക്കാമോ;

( ബി )

പോസ്റ്റ് കോവിഡ് ചികിത്സയ്ക്ക് ഉൾപ്പെടെ അലോപ്പതിയേതര മാർഗ്ഗങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

( സി )

അലോപ്പതിയേതര മേഖലയിലെ ഫലപ്രദമായ ചികിത്സാസംവിധാനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി

**2112.**

ശ്രീ പി .ടി .എ . റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആരോഗ്യ ഇൻഷുറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

( ബി )

നിലവിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമില്ലാത്തവർക്ക് അംഗത്വം നൽകാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; പുതിയതായി അംഗത്വമെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

( സി )

അംഗത്വമെടുക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ;

( ഡി )

കോഴിക്കോട് ജില്ലയിൽ ഏതെല്ലാം രോഗങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## കോവിഡ് 19 നേരിടുന്നതിനുള്ള സാധനങ്ങളുടെ ലഭ്യത

**2113.**

ശ്രീ. വി .ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് 19 നേരിടുന്നതിനുള്ള പി.പി.ഇ.കിറ്റ്, എൻ 95 മാസ്ക്, വെന്റിലേറ്റർ തുടങ്ങിയവ സംസ്ഥാനം സ്വന്തമായി വാങ്ങരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരുന്നോയെന്നറിയിക്കാമോ;

( ബി )

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ആവശ്യമുള്ള ഇത്തരം ഉപകരണങ്ങൾ എത്രയെന്ന് വിലയിരുത്തി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

( സി )

സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട മേൽ സാധനങ്ങൾ കേന്ദ്രം കൃത്യമായി വിതരണം നടത്തിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ?

## നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ച കേന്ദ്ര സംസ്ഥാന വിഹിതം

**2114.**
ശ്രീ . വി .എസ്. ശിവകുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ച കേന്ദ്ര, സംസ്ഥാന വിഹിതം എത്ര തുകയാണ്;
( ബി )
ഇതിൽ ഓരോ സാമ്പത്തിക വർഷത്തേയ്ക്കും നാഷണൽ ഹെൽത്ത് മിഷന് കൈമാറിയത് എത്ര തുകയാണ്; ഇനി കൈമാറാനുള്ളത് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ?

## നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ

**2115.**
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്ത് നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട ചില രോഗങ്ങളിൽ ചിലത് തിരികെ വരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## ആരോഗ്യകിരണം, സുകൃതം പദ്ധതികൾ

**2116.**
ശ്രീ . വി .എസ്. ശിവകുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരോഗ്യകിരണം, സുകൃതം പദ്ധതികൾക്ക് എത്ര തുകയാണ് അനുവദിച്ചതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

## പൊതുജനാരോഗ്യ മേഖലയ്ക്ക് കരുത്തേകുന്നതിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ

**2117.**
ശ്രീ. എസ്. ശ**ർ**മ്മ

ശ്രീ.ഡി.കെ.മുരളി

ശ്രീ. സി. കൃഷ്ണൻ

ശ്രീ . എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുജനാരോഗ്യ മേഖലയ്ക്ക് കരുത്തേകുന്നതിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;
( ബി )
സാധാരണക്കാർ ഏറ്റവും കൂടുതലായി ആശ്രയിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയപ്പോൾ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് കൂടുതലായി ഉൾപ്പെടുത്തിയതെന്ന് വിശദമാക്കാമോ;
( സി )
സംസ്ഥാനത്ത് ആരോഗ്യരംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ കമ്മിറ്റികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;
( ഡി )
ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കാരുണ്യ ബനവലന്റ് പദ്ധതി

**2118.**
ശ്രീ .പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാരുണ്യബെനവലന്റ് പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ പകരം കൊണ്ടുവന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;
( ബി )
കാസ്പ് പദ്ധതി മുഖേന ഏതെല്ലാം രോഗങ്ങൾക്കാണ് നിലവിൽ ആനുകൂല്യം നൽകി വരുന്നത്; വിശദമാക്കാമോ;
( സി )
പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്ത ഹീമോഫീലിയ പോലുള്ള ജനിതക രോഗങ്ങൾക്ക് ഏത് രീതിയിലാണ് ഇൻഷ്വറൻസ് സഹായം നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;
( ഡി )
കാരുണ്യ പദ്ധതി പ്രകാരം ഇപ്പോഴും ജില്ലാ ലോട്ടറി ഓഫീസുകളിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;
( ഇ )
ഈ സർക്കാർ വന്നതിനുശേഷം കാരുണ്യ ലോട്ടറിയിലൂടെ എത്ര തുക ലഭിച്ചു; ആയതിൽ എത്ര

ആളുകൾക്ക് ധനസഹായം നല്കി; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിയ വനിത-ശിശു വികസന പദ്ധതികൾ

**2119.**

ശ്രീ . പി . ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിയ വനിത-ശിശു വികസന പദ്ധതികൾക്കായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

( ബി )

പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതികൾക്കുമായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വിശദീകരിക്കാമോ;

( സി )

ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## തീരദേശ, ഗോത്ര വർഗ്ഗ മേഖലകളിലെ ആരോഗ്യ സംരക്ഷണം

**2120.**

ശ്രീ. ആന്റണി ജോൺ

ശ്രീ ഒ . ആർ. കേളു

ശ്രീ. പി.വി.അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും ആരോഗ്യ സ്ഥാപനങ്ങളുടെ വികസന കാര്യങ്ങളിലും ഈ സർക്കാർ പട്ടിക ഗോത്ര വർഗ്ഗ മേഖലകൾക്കും തീരദേശ മേഖലകൾക്കും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ;

( ബി )

ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ആരോഗ്യ സേവനങ്ങൾ അതത് സ്ഥലത്ത് ലഭ്യമാക്കുന്നതിനായി ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

( സി )

ഗോത്രവർഗ്ഗ മേഖലകളിൽ ഓരോ ഊരിൽ നിന്നും പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളെ തെരഞ്ഞെടുത്ത് നടപ്പാക്കുന്ന ഊരുമിത്രം പദ്ധതിയുടെ വിശദാംശം നൽകുമോ;

( ഡി )

തീരദേശ മേഖലയിലെ ആരോഗ്യ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ 'കെയർ ഓൺ വീൽസ്' പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി

**2121.**

ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്തെ കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; നിലവിൽ എത്ര പേർ ഈ പദ്ധതിയിൽ അംഗമാണ്;

( ബി )

വൃക്ക, കരൾ, ക്യാൻസർ, തലച്ചോറിലെ ട്യൂമർ തുടങ്ങിയ രോഗങ്ങൾക്ക് ഈ പദ്ധതി പ്രകാരം പൂർണ്ണമായും സൗജന്യ ചികിത്സ ലഭിക്കുമോ;

( സി )

ഈ പദ്ധതിയുടെ സേവനം നിലവിൽ എത്ര ആശുപത്രികളിൽ ലഭ്യമാണ്; സർക്കാർ/സ്വകാര്യ ആശുപത്രികളുടെ കണക്ക് പ്രത്യേകം ലഭ്യമാക്കുമോ;

( ഡി )

2020 ഡിസംബർ 31 വരെ ഇൗ പദ്ധതിയിലൂടെ എത്ര ക്ലെയിം ആണ് അനുവദിച്ചത്; എത്ര തുകയ്ക്ക്; സർക്കാർ/സ്വകാര്യ മേഖല തിരിച്ച് വിശദാംശം നൽകുമോ;

( ഇ )

സ്വകാര്യ ആശുപത്രികൾക്ക് നിലവിൽ എത്ര കോടി രൂപയുടെ കുടിശ്ശിക നൽകുവാനുണ്ട്?

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പദ്ധതികൾ

**2122.**

പ്രൊഫ . കെ. യു. അരുണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

## കേന്ദ്രസർക്കാർ 2020 മാർച്ച് 24 ന് പ്രഖ്യാപിച്ച ആരോഗ്യപാക്കേജ്

**2123.**

ശ്രീ. തിരുവഞ്ചൂ**ർ** രാധാകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേന്ദ്രസർക്കാർ 2020 മാർച്ച് 24ന് പ്രഖ്യാപിച്ച ആരോഗ്യപാക്കേജ് പ്രകാരം സംസ്ഥാനത്തിന് ഇതിനകം എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിച്ചത്;

( ബി )

ആരോഗ്യപ്രവർത്തകർ ഉപയോഗിക്കുന്ന ഗ്ലൗസ്, മാസ്ക്, വ്യക്തിഗത സുരക്ഷ ഉപകരണങ്ങൾ, വെന്റിലേറ്റർ എന്നിവക്ക് ഇതിനകം എത്ര കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചു;

( സി )

കേന്ദ്രധനകാര്യമന്ത്രി പ്രഖ്യാപിച്ച ആരോഗ്യപ്രവർത്തകർക്കുള്ള 50 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ;

( ഡി )

സ**ർ**ക്കാരിതരമേഖലയി**ൽ** പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ഈ പരിരക്ഷയ്ക്ക് അർഹതയുണ്ടോ?

## കാരുണ്യ ബെനവലന്റ് സ്കീം

**2124.**
ശ്രീ വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഹെൽത്ത് ഇൻഷ്വറൻസ് ഇല്ലാത്ത ആളുകൾക്ക് കാരുണ്യ ബെനവലന്റ് സ്കീം എന്ന ഒരു ചികിത്സാ സഹായ പദ്ധതി നിലവിലുണ്ടോ;

( ബി )

ഈ പദ്ധതിയിൽ ചികിത്സാ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

( സി )

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ആളുകൾക്ക് ഇതുവരെ ചികിത്സാ സഹായം വിതരണം ചെയ്തു എന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ?

## മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

**2125.**
ശ്രീ . ടി . എ . അഹമ്മദ് കബീ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ കുടുംബക്ഷേമവകുപ്പിനുകീഴി**ൽ** മങ്കട മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, ഭരണാനുമതി ഉത്തരവ്, തുക, നിലവിലെ പുരോഗതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

( ബി )

2020-21 സാമ്പത്തിക വർഷം വകുപ്പ് തലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രത്യേകം നൽകാമോ?

## ആരോഗ്യ സുരക്ഷാ പദ്ധതി

**2126.**
ശ്രീ . പാറക്ക**ൽ** അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്ത് പാവപ്പെട്ട രോഗികൾക്ക് വലിയ ആശ്വാസമായിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തലാക്കി പകരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കീഴിലുള്ള ആരോഗ്യ സുരക്ഷാ പദ്ധതിയിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;
( ബി )
എങ്കിൽ പ്രസ്തുത ഉത്തരവോടെ ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി നൽകുന്ന സൗജന്യ മരുന്ന്, സാന്ത്വന പരിചരണത്തിനുള്ള ധനസഹായം, അവയവദാതാവിന് നൽകുന്ന ഒരു ലക്ഷം രൂപയുടെ ധനസഹായം, അടിയന്തര ഘട്ടത്തിൽ രോഗി തന്നെ ചെലവഴിക്കുന്ന പണം പിന്നീട് നൽകുന്ന രീതി എന്നീ ആനുകൂല്യങ്ങൾ നഷ്ടമാവുമോ;
( സി )
ക്യാൻസർ, ഹീമോഫീലിയ, ഹൃദ്രോഗം എന്നീ രോഗങ്ങൾ ബാധിച്ചവർക്ക് മു**ൻ**പ് കാരുണ്യ പദ്ധതി വഴി ലഭിച്ചിരുന്ന ആനുകൂല്യങ്ങളും നഷ്ടമാവുമോ;
( ഡി )
സെപ്റ്റംബർ ഒന്ന് മുതൽ കാരുണ്യ പദ്ധതി ഫലത്തിൽ സംസ്ഥാനത്ത് ഇല്ലാതായിട്ടുണ്ടോ; എങ്കിൽ നിലവിലെ ഉത്തരവ് പിൻവലിച്ച് കാരുണ്യ ബെനവലന്റ് പദ്ധതി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## എസ്.എം.എ.പി. പദ്ധതി

**2127.**
ശ്രീ. ഇ കെ വിജയ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
എസ്.എം.എ.പി(സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റ**ൻ**സ് ടു ദ പുവർ) പദ്ധതി വഴി ഏതെല്ലാം രോഗങ്ങൾക്കാണ് ചികിത്സാ ധനസഹായം നൽകി വരുന്നതെന്ന് വിശദമാക്കാമോ ;
( ബി )
ഓരോ രോഗങ്ങൾക്കും എത്ര രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ ;
( സി )
ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;
( ഡി )
ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര രൂപ നൽകിയെന്ന് വിശദമാക്കുമോ ?

## കിരൺ ആരോഗ്യ സർവ്വേ

**2128.**
ശ്രീ .കെ .എ**ൻ** .എ. ഖാദ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ കിരൺ(കേരള ഇൻഫർമേഷൻ ഓൺ റസിഡൻസ് ആരോഗ്യം നെറ്റ് വർക്ക്) എന്ന പേരിൽ ഒരു ആരോഗ്യ സർവ്വേ നടത്തിയിരുന്നോ; അതിന്റെ ലക്ഷ്യങ്ങൾ എന്താണെന്നും അത് നിർവ്വഹിക്കപ്പെട്ടത് എപ്രകാരമാണെന്നും അതിനായി ചെലവഴിച്ച തുകയും വിശദമാക്കാമോ;
( ബി )
പ്രസ്തുത സർവ്വേയുടെ വിവരങ്ങൾ തത്സമയം കനേഡിയൻ ഏജൻസിയായ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെർവ്വറിൽ ശേഖരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി സർക്കാർ അനുമതി നൽകിയിരുന്നോ; സർക്കാർ അംഗീകാരം ഇല്ലാതെയാണ് അപ്രകാരം സംഭവിച്ചതെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിയമനടപടികൾ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

**2129.**
ശ്രീ. വി. പി. സജീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും അനുവദിച്ച തസ്തികകളും പട്ടിക തിരിച്ച് വിശദമാക്കാമോ?

## ആർദ്രം പദ്ധതി

**2130.**
ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ആർദ്രം മിഷൻ വഴി സംസ്ഥാനത്തെ ആരോഗ്യരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ സാധിച്ചത്; വിശദാംശം നൽകുമോ;
( ബി )
ജനങ്ങൾക്ക് നൽകുന്ന ആതുരസേവനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;
( സി )
ആർദ്രം പദ്ധതി നടപ്പിലാക്കി നാലുവർഷം കഴിഞ്ഞ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ജനകീയ ആഡിറ്റ് നടത്തുമോയെന്ന് അറിയിക്കാമോ;
( ഡി )

ഈ പദ്ധതി പ്രകാരം കൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കൊല്ലം മണ്ഡലത്തിൽ ആർദ്രം പദ്ധതി

**2131.**
ശ്രീ . എം . മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൻകീഴിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

## പരിയാരം ഗവ. ആയുർവ്വേദ കോളേജിലെ പുതിയ പി.ജി. കോഴ്സുകൾ

**2132.**
ശ്രീ റ്റി . വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കണ്ണൂർ ജില്ലയിലെ പരിയാരം ഗവ. ആയുർവ്വേദ കോളേജിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നല്കിയിട്ടുള്ളത്; ആകെ എത്ര വിദ്യാർത്ഥികൾക്ക് പി.ജി. കോഴ്സുകൾക്ക് അഡ്മിഷൻ നല്കാൻ കഴിയും; വിശദമാക്കുമോ;
( ബി )
ഈ വർഷം തന്നെ പുതിയ കോഴ്സുകൾക്ക് അലോട്ട്മെന്റ് നൽകുന്നതിനായി വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് നഴ്സ് തസ്തിക

**2133.**
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സുമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും അതിൽ എത്ര തസ്തികകളിൽ ഒഴിവുണ്ടെന്നും കോളേജ് തിരിച്ച് അറിയിക്കാമോ;
( ബി )
മെഡിക്കൽ കോളേജുകളിൽ രോഗികളുടെ എണ്ണത്തിനും കിടക്കകൾക്കും ആനുപാതികമായി സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാസർഗോഡ് മെഡിക്കൽ കോളേജ്

**2134.**

ശ്രീ എ**ൻ**. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

( ബി )

നിർമ്മാണം പൂർത്തീകരിച്ച് എപ്പോ**ൾ** പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

( സി )

കാസർകോട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് മൊത്തം ചെലവ് എത്രയാണെന്നും ഇതുവരെ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; ഈ തുക ഏത് വർഷത്തിൽ ഏത് ഫണ്ടിൽ നിന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

( ഡി )

ഇനി ആവശ്യമുള്ള തുക എങ്ങനെയാണ് കണ്ടെത്താനുദ്ദേശിക്കുന്നതെന്നും തുക എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ;

( ഇ )

കാസർകോട് സർക്കാർ മെഡിക്കൽ കോളേജിനെ കോവിഡ് ആശുപത്രിയാക്കി മാറ്റിയതിനെത്തുടർന്ന് എത്ര കോവിഡ് പോസിറ്റീവ് രോഗികളെ ഇവിടെ ചികിൽസിച്ചുവെന്നും ചികിത്സക്കിടയിൽ എത്രപേരെ മറ്റ് ആശുപത്രികളിലേക്ക് മാറ്റിയെന്നും അങ്ങനെ മാറ്റാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

( എഫ് )

കാസർകോട് മെഡിക്കൽ കോളേജിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തസ്തികകളിൽ മുഴുവൻ നിയമനം നടന്നിരുന്നോ; കോവിഡ് കാലത്തേക്കുമാത്രമുള്ള താൽക്കാലിക സംവിധാനം മാത്രമായിരുന്നോ ഈ തസ്തിക സൃഷ്ടിക്കലെന്നുകൂടി വ്യക്തമാക്കാമോ?

## സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ

**2135.**

ശ്രീ. എം. സ്വരാജ്

ശ്രീ . ജോ**ർ**ജ് എം .തോമസ്

ശ്രീ . വി കെ പ്രശാന്ത്

ശ്രീ. ആ**ർ**.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് പൊതുജനങ്ങൾ ചികിത്സയ്ക്കായി ഏറ്റവും കൂടുതലായി ആശ്രയിക്കുന്ന സർക്കാർ

ആശുപത്രികളെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് ആർദ്രം പദ്ധതിയിൽപ്പെടുത്തി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

( ബി )

മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് രോഗികൾക്ക് മികച്ച രീതിയിൽ ചികിത്സ നല്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

( സി )

എല്ലാ മെഡിക്കൽ കോളേജുകളും ഭിന്നശേഷി വയോജന സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

( ഡി )

എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ ചികിത്സാ വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

**2136.**

ശ്രീ എ. എ**ൻ**. ഷംസീ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും നിയമസഭാമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## ഫാമിലി ഹെൽത്ത് സെന്റർ

**2137.**

ശ്രീ വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റി ; ഇതിന്റെ ഭാഗമായി എത്ര പുതിയതസ്തികകളാണ് സൃഷ്ടിച്ചത്; വിശദവിവരങ്ങൾ നല്കാമോ;

( ബി )

എത്ര ആശുപത്രികളിൽ പുതുതായി ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചു എന്ന വിവരം നല്കാമോ?

## പൊതു ആരോഗ്യ സ്ഥാപനങ്ങളുടെ ശാക്തീകരണം

**2138.**

ശ്രീ . എ . പ്രദീപ് കുമാ**ർ**

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ . കെ .ഡി .പ്രസേനൻ

ശ്രീ . പി . കെ . ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളുടെ ഫലമായി 2015-16ൽ 5.6% ആയിരുന്ന ശിശു മരണനിരക്ക് 2019 – 20 ൽ 4.4% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ;

( ബി )

സംസ്ഥാനത്തെ പൊതു ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ ഫലമായി ദേശീയ ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനത്തെത്താനായിട്ടുണ്ടോ;

( സി )

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനായിട്ടുണ്ടോ; ഇതിനായി അടിസ്ഥാനസൗകര്യവിപുലീകരണത്തിനു നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

( ഡി )

ഇതിനായി എത്ര ജീവനക്കാരെ അധികമായി നിയമിച്ചെന്ന് അറിയിക്കാമോ?

## ആർദ്രം പദ്ധതി

**2139.**

ശ്രീ . പി . കെ . ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആർദ്രം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കളായി ഉയർത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ; ഇതിനായി എത്ര തുകയാണ് ഓരോ ആരോഗ്യകേന്ദ്രത്തിലും വിനിയോഗിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

( ബി )

പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇതിനായി എത്ര അധിക തസ്തികകളാണ് ഓരോ കേന്ദ്രത്തിലും പുതിയതായി സൃഷ്ടിച്ചിട്ടുള്ളത് എന്ന വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

## ഞാറക്കൽ സർക്കാർ ആശുപത്രി

**2140.**

ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഞാറക്കൽ സർക്കാർ ആശുപതിയിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന ഫീമെയിൽ

വാർഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

( ബി )

പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

## ഇടുക്കി ജില്ലയിലെ സ്റ്റാഫ് നഴ്സുമാരുടെ കുറവ് പരിഹരിക്കാൻ നടപടി

**2141.**

ശ്രീ. റോഷി അഗസ്റ്റി**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഇടുക്കി ജില്ലയിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ ,ജില്ലാ ആശുപത്രി എന്നിവയുടെ ആകെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

( ബി )

പ്രസ്തുത സ്ഥാപനങ്ങളിലുള്ള ആകെ കിടക്കകളുടെ എണ്ണം എത്ര വീതമാണെന്നും,ഓരോ സ്ഥാപനത്തിലും ജോലി ചെയ്യുന്ന നഴ്സുമാരുടെ ആകെ എണ്ണം എത്രവീതമാണെന്നും അറിയിക്കുമോ;

( സി )

പ്രസ്തുത ആശുപത്രികളി**ൽ** നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതും ഒരു തസ്തിക മാത്രമുള്ളതുമായ ആശുപത്രികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

( ഡി )

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ സ്റ്റാഫ് നഴ്സുമാരുടെ എത്ര അധിക തസ്തികകൾ സൃഷ്ടിക്കേണ്ടിവരുമെന്നും ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്നും വ്യക്തമാക്കുമോ;

( ഇ )

ഇടുക്കി ജില്ലയിൽ നിലവിലുള്ള സ്റ്റാഫ് നഴ്സ് റാങ്ക് പട്ടികയുടെ കാലാവധി തീരുന്നതിനുമുമ്പ് അധിക തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് നഴ്സുമാരുടെ കുറവ് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വാടാനപ്പള്ളി, മുല്ലശ്ശേരി സി.എച്ച്.സി. -കളുടെ വികസനം

**2142.**

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, മുല്ലശ്ശേരി സി.എച്ച്.സി. -കളുടെ വികസനത്തിനായി വിവിധ ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ നൽകാമോ?

## വൈപ്പിൻ നിയോജക മണ്ഡലം- ആർദ്രം പദ്ധതി

**2143.**
ശ്രീ. എസ്. ശ**ർ**മ്മ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പി.എച്ച്. സി.കൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;
( ബി )
കുടുംബാരോഗ്യകേന്ദ്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഇനിയും ബാക്കിയുള്ള പി.എച്ച്.സി.കൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;
( സി )
അവ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഡോക്ടർ തസ്തിക

**2144.**
ശ്രീ. ആന്റണി ജോ**ൺ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്ന് ഓരോ വിഭാഗം തിരിച്ച് വ്യക്തമാക്കാമോ;
( ബി )
നിലവിൽ ഏതെങ്കിലും വിഭാഗത്തിൽ ഡോക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;
( സി )
പതിനാറിലധികം വരുന്ന ആദിവാസി കോളനികളടക്കം വിപുലവും വിസ്തൃതവുമായ മേഖലയായ കോതമംഗലം താലൂക്ക് ആശുപത്രിയിലെ മുഴുവൻ തസ്തികകളിലും ഡോക്ടർമാരെ നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തിരുവനന്തപുരത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

**2145.**
ശ്രീ. വി.ജോയി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ മാസ്റ്റർ പ്ലാൻ

**2146.**

ശ്രീ . പി . ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് അനുവദിച്ചത്;

( ബി )

മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

( സി )

മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ നിർവ്വഹണ പുരോഗതി വിശദീകരിക്കാമോ?

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തൽ

**2147.**
ശ്രീ . കെ . ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

( ബി )

ഇതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനമാണ് തുടങ്ങിയതെന്ന് വിശദമാക്കുമോ;

( സി )

ബാക്കിയുള്ളതിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് സർക്കാർ വിശദമാക്കുമോ?

## കായംകുളം മണ്ഡലത്തിൽ ആരോഗ്യമേഖലയിലെ പദ്ധതികൾ

**2148.**
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

( ബി )

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിലെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്നും ആകെ എത്ര തുക ഇതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## കോട്ടയം മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ പദ്ധതികൾ

**2149.**

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോട്ടയം ജില്ലയിലെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് അറിയിക്കുമോ ;

( ബി )

ആർദ്രം മിഷന്റെ ഭാഗമായി ഈ സർക്കാർ കോട്ടയം മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ ?

## പെരിങ്ങോം താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം

**2150.**

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവ്വഹിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി നബാർഡിൽ നിന്നും 12 കോടി രൂപ അനുവദിച്ചിരുന്നിട്ടും പ്രസ്തുത പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ സി.എച്ച്.സി/എഫ് എച്ച് സി കളിലെ സ്റ്റാഫ് തസ്തികകൾ

**2151.**

ശ്രീ . അബ്ദുൽ ഹമീദ് .പി . : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ സി.എച്ച്.സി, മൂന്നിയൂർ എഫ്. എച്ച്. സി., തേഞ്ഞിപ്പാലം എഫ്. എച്ച്. സി. എന്നിവിടങ്ങളിൽ കൂടുതൽ സ്റ്റാഫ് തസ്തിക ആവശ്യമാണെന്ന് ചൂണ്ടി കാണിച്ച് ലഭിച്ച നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ നികത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## മാന്നാർ സി.എച്ച്.സി. കെട്ടിട നിർമ്മാണം

**2152.**

ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന മാന്നാർ സി.എച്ച്.സി. കെട്ടിട നിർമ്മാണ

പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

( ബി )

ആയതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനം

**2153.**

ശ്രീ എ. എ**ൻ**. ഷംസീ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ വന്നതിനു ശേഷം തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനത്തിന് വേണ്ടി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് സർജന്റെ നിയമനം

**2154.**

ശ്രീ. കെ. ആ**ൻ**സല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

( ബി )

പോലീസ് സർജനെ നിയമിക്കുന്നതിന് നിലവിൽ ആരോഗ്യ വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

( സി )

പോലീസ് സർജന്റെ അഭാവം കാരണം പല പോസ്റ്റ്മാർട്ടവും നടക്കാത്ത സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

## കോന്നി നിയോജക മണ്ഡലത്തിൽ ആരോഗ്യമേഖലയുടെ പശ്ചാത്തല വികസനം

**2155.**

ശ്രീ. കെ.യു. ജനീഷ് കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കോന്നി നിയോജക മണ്ഡലത്തിൽ ആരോഗ്യമേഖലയുടെ പശ്ചാത്തല വികസനത്തിന് എത്ര തുക അനുവദിച്ചു; വിശദമാക്കാമോ?

## ഹെൽത്ത് കാർഡ്

**2156.**

ശ്രീ ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു

വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ചികിത്സക്കെത്തുന്നവരുടെ ഹെൽത്ത് കാർഡ് പരിഗണിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ?

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്ന സൗകര്യങ്ങൾ

**2157.**

ശ്രീ. ആ**ർ**. രാമചന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഈ സർക്കാരിന്റെ കാലത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി എന്ന് വിശദീകരിക്കുമോ;

( ബി )

പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് എന്ന് വിശദീകരിക്കുമോ;

( സി )

ഇവിടെ ജീവിതശൈലീ രോഗങ്ങൾക്ക് പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; അവയ്ക്ക് ഏതെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു എന്ന് വിശദീകരിക്കുമോ;

( ഡി )

വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

## കക്കാട് പി.എച്ച്.സി.യിൽ ആർദ്രം പദ്ധതി

**2158.**

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കാടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി.യിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

## വലിയകുന്ന് താലൂക്ക് ആശുപത്രി വികസന പ്രവർത്തനങ്ങൾ

**2159.**

ശ്രീ. ബി .സത്യ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ നടന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതികൾ

**2160.**

ശ്രീ. ആ**ർ**. രാമചന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാരിന്റെ കാലത്ത് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ;

( ബി )

പ്രസ്തുത ആശുപത്രി കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും അനുവദിച്ച തുക എത്ര; നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഓരോ ഘട്ടവും സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ;

( സി )

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

( ഡി )

എങ്കിൽ രോഗികൾക്കുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ?

## പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്

**2161.**

ശ്രീ . മുഹമ്മദ് മുഹസി**ൻ** പി . : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

പട്ടാമ്പി താലൂക്ക് ആശുപത്രിയിലേക്ക് 2016 - 17 വ**ർ**ഷം പട്ടാമ്പി മണ്ഡലം ആസ്തിവികസന ഫണ്ടി**ൽ** നിന്നും അനുവദിച്ച ഡിജിറ്റ**ൽ** എക്സ്റേ യൂണിറ്റ് ഇനിയും ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

( ബി )

കെ.എം.സി.എ**ൽ** വഴി പ**ർ**ച്ചേസ് നടത്തുന്നതിന് നി**ർ**ദ്ദേശിച്ചിട്ടുള്ള ഈ യൂണിറ്റ് ലഭിക്കുന്നതിന് കെ.എം.സി.എല്ലിനു അഡ്വാ**ൻ**സ് തുക ന**ൽ**കേണ്ടതുണ്ടോ; ഉണ്ടെങ്കി**ൽ** ആസ്തിവികസന ഫണ്ടി**ൽ** നിന്നും അഡ്വാ**ൻ**സ് തുക ന**ൽ**കാ**ൻ** കഴിയുമോ; നടപടി ക്രമങ്ങ**ൾ** വിശദമാക്കാമോ;

( സി )

സാങ്കേതിക തടസ്സങ്ങ**ൾ** ഒഴിവാക്കി കൊണ്ട് അടിയന്തിരമായി ഡിജിറ്റ**ൽ** എക്സ്റേ യൂണിറ്റ് എത്രയും പെട്ടെന്ന് തന്നെ ആശുപത്രിയി**ൽ** ലഭ്യമാക്കുന്നതിനുള്ള നടപടിക**ൾ** സ്വീകരിക്കുമോ ?

## മണലൂർ മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

**2162.**
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾ**ക്ക** ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി-കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയതെന്ന് അറിയിക്കുമോ;

( ബി )
പ്രസ്തുത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഏന്തെല്ലാം സൗകര്യങ്ങളാണ് പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

( സി )
ഓരോ കുടുംബാരോഗ്യകേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

( ഡി )
ഇതിൽ ഓരോ കുടുംബാരോഗ്യകേന്ദ്രങ്ങളിലും നടപ്പാക്കിയ വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

## ആരോഗ്യമേഖലയിലെ കരാർ, ദിവസവേതന ജീവനക്കാർ

**2163.**
ശ്രീ എം. രാജഗോപാല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യമേഖലയിലും സാമൂഹ്യക്ഷേമമേഖലയിലും കരാർ, ദിവസവേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും അതുവഴി സർക്കാരിന് എത്ര കോടി രൂപ അധിക ബാധ്യത ഉണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ?

## ദന്തൽ അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക

**2164.**
ശ്രീ റ്റി . വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്ത് ദന്തൽ സർജ്ജൻമാരില്ലാത്ത താലൂക്കാശുപത്രികളിലും ബ്ലോക്ക്തല സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഹെൽത്ത് ഇൻസ്പെക്ടർ ഒഴിവുകൾ നികത്തുവാൻ നടപടി

**2165.**

ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

( ബി )

പ്രസ്തുത ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക

**2166.**

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഫാർമസിസ്റ്റ് തസ്തിക കൂടി ഉൾപ്പെടുത്തി ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

( ബി )

എറണാകുളം ജില്ലയിൽ നിലവിലുള്ളതും ജൂൺ 2021-ൽ കാലാവധി അവസാനിക്കുന്നതുമായ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ശിശുരോഗവിദഗ്ദന്റെ സേവനം ലഭ്യമാക്കാൻ നടപടി

**2167.**

ശ്രീ. ബി .സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ശിശുരോഗവിദഗ്ദന്റെ സേവനം ലഭ്യമാക്കുന്നതിൽ നേരിടുന്ന വൈഷമ്യം വിശദമാക്കുമോ;

( ബി )

ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലംമാറിപ്പോയ ശിശുരോഗവിദഗ്ദന് പകരം മറ്റൊരാളെ നിയമിക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് വിശദമാക്കുമോ?

## ആരോഗ്യ വകുപ്പിലെ പുതിയ തസ്തികകൾ

**2168.**

ശ്രീ എം. രാജഗോപാല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

( ബി )

പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടത് വഴി പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത സർക്കാരിന് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

( സി )

ഇതിൽ എത്ര തസ്തികയിൽ റാങ്ക് ലിസ്റ്റായിട്ടുണ്ടെന്നും അവയിൽ എത്ര നിയമനം ഇതുവരെ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

## <u>പാലക്കാട് ജില്ലയിലെ ലാബ് ടെകനീഷ്യൻ നിയമനം</u>

**2169.**

ശ്രീ . എ**ൻ** . ഷംസുദീ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആരോഗ്യ വകുപ്പിൽ പാലക്കാട് ജില്ലയിലെ ലാബ് ടെക്നീഷ്യൻ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

( ബി )

പ്രസ്തുത തസ്തികയിൽ പാലക്കാട് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്;

( സി )

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലികമായി ലാബ് ടെക്നീഷ്യൻമാരെ നിയമിക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>മെഡിക്കൽ കോളേജുകളിലെ ബയോ കെമിസ്ട്രി ലാബ് ഫീ</u>

**2170.**

ശ്രീ. മോ**ൻ**സ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

മെഡിക്ക**ൽ** കോളേജ് ഔട്ട് പേഷ്യന്റ് വിഭാഗത്തി**ൽ** വരുന്ന രോഗികളി**ൽ** നിന്നും ബയോ കെമിസ്ട്രി ലാബ് ഫീ ഈടാക്കുന്നുണ്ടോ; ഏതെല്ലാം ടെസ്റ്റിനാണ് ഫീസ് ഈടാക്കുന്നത്; ഇതു സംബന്ധിച്ച് സ**ർ**ക്കാ**ർ** ഉത്തരവ് നിലവിലുണ്ടോ;

( ബി )

ബയോ കെമിസ്ട്രി ലാബിലേക്ക് ഹോസ്പിറ്റ**ൽ** ഡെവലപ്മെ**ൻ**റ്റ് സൊസൈറ്റി ജീവനക്കാരാണോ റീ ഏജന്റ് വാങ്ങുന്നത് എന്ന് വ്യക്തമാക്കാമോ;

( സി )

സൗജന്യ രോഗിക**ൾ**ക്ക് അല്ലാതെ മറ്റുള്ളവരി**ൽ** നിന്നും ലാബ് ഫീ ഈടാക്കുന്നത് സ**ർ**ക്കാ**ർ** നിശ്ചയിച്ച് ന**ൽ**കിയ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്;

( ഡി )

ലാബുകളിലേക്ക് സ**ർ**ക്കാ**ർ** റീ ഏജന്റ് വാങ്ങി ന**ൽ**കാറുണ്ടോ; ലാബ് ഫീ ആയി വാങ്ങുന്ന തുക ആ**ർ**ക്കാണ് അടയ്ക്കുന്നത്; തുക അടയ്ക്കുന്ന രീതി വ്യക്തമാക്കാമോ; ഈ തുക എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കാമോ?

## ഭക്ഷണ പദാർത്ഥങ്ങളിലെ മായം

**2171.**

ശ്രീ. സജി ചെറിയാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനും ആരോഗ്യത്തിന് ഹാനികരവുമായ രാസവസ്തുക്കൾ, മത്സ്യം ഉൾപ്പെടെയുള്ളവയിൽ ചേർക്കുന്നതിനുമെതിരെ സംസ്ഥാനത്ത് സ്വീകരിക്കപ്പെടുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

( ബി )

ചെങ്ങന്നൂർ മണ്ഡലത്തിൽ 2020 കാലയളവിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

( സി )

അതിൽ ശിക്ഷാ നടപടികൾ എടുത്തിട്ടുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ?

## കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം

**2172.**

ശ്രീ . ടി. വി. ഇബ്രാഹിം

ശ്രീ . മഞ്ഞളാംകുഴി അലി

ശ്രീ . സി. മമ്മൂട്ടി

ശ്രീ. കെ എം ഷാജി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിൽ ഗുണനിലവാരം ഇല്ലാത്തവ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

( ബി )

കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

( സി )

കുപ്പിവെള്ളത്തിന് ഏകീകൃതമായ ന്യായവില നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## ദേവികുളം നിയോജകമണ്ഡലം-ആർദ്രം പദ്ധതി

**2173.**

ശ്രീ. എസ്. രാജേന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

( ബി )

പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനം

**2174.**

പ്രൊഫ . ആബിദ് ഹുസൈ**ൻ** തങ്ങ**ൾ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവെച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

( ബി )

ബഡ്ജറ്റിൽ നീക്കിവച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഒരു കോടി അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ടി ഫയലിന്റെ വിശദാംശം നൽകുമോ?

## അവയവദാനം

**2175.**

ശ്രീ . പാറക്ക**ൽ** അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട് നിലവിലെ നിയമങ്ങൾ കാറ്റിൽ പറത്തി അനധികൃത അവയവ കച്ചവടം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

അവയവദാനവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ്

ആന്റ് ടിഷ്യൂസ് ആക്റ്റിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ടാണ് ഇത്തരം ഇടപാടുകൾ നടത്തുന്നതെന്ന റിപ്പോർട്ടുകളും പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

( സി )

സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ശസ്ത്രക്രിയകൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ രൂപം നൽകിയ മൃതസഞ്ജീവനി പദ്ധതി അട്ടിമറിക്കും വിധമുള്ള അനധികൃത ഇടപാടുകൾ വ്യാപകമാണെന്ന പരാതികൾ നേരത്തെ ഉയർന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

( ഡി )

എങ്കിൽ ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

**2176.**

പ്രൊഫ . ആബിദ് ഹുസൈ**ൻ** തങ്ങ**ൾ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ജീവനക്കാരുടെ കുറവ് മൂലം ബുദ്ധിമുട്ടുന്ന കൗൺസിലിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

( ബി )

2019 ൽ കൗൺസിലിൽ എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര എണ്ണം തീർപ്പാക്കി; നിരസിച്ചത് എത്ര ; വിശദമാക്കുമോ;

( സി )

എം.ബി.ബി.എസ് പഠനം കഴിഞ്ഞ് രജിസ്ട്രേഷനുവേണ്ടി 2019 ൽ എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചു; ഇതിൽ മറ്റ് സംസ്ഥാനങ്ങളിലെ എത്ര പേർ രജിസ്റ്റർ ചെയ്തു; ഇന്ത്യക്ക് പുറത്തുള്ള എത്ര രാജ്യങ്ങളിലെ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തു;

( ഡി )

ഇന്ത്യയ്ക്ക് പുറത്തും അകത്തും എം.ബി.ബി.എസ് കഴിഞ്ഞ വിദ്യാർത്ഥികൾക്കുള്ള രജിസ്ട്രേഷൻ മാനദണ്ഡങ്ങളും രജിസ്ട്രേഷൻ ഫീസും എത്രയെന്ന് വ്യക്തമാക്കുമോ;

( ഇ )

അപേക്ഷ സമർപ്പിച്ചാൽ രജിസ്ട്രേഷൻ ലഭിക്കുന്ന കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ;

( എഫ് )

നിയമസഭ സാമാജികർ കൗൺസിൽ സെക്രട്ടറിയ്ക്ക് നൽകുന്ന കവറിങ് ലെറ്ററിനു മറുപടി ലഭ്യമാക്കാറുണ്ടോ; വിശദമാക്കുമോ;

( ജി )

രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>**അതിഥി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം**</u>

**2177.**
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ആരോഗ്യ നിലവാരവും സംരക്ഷണവും വിലയിരുത്തുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;
( ബി )
ഇവർ കേരളത്തിൽ ജോലിയ്ക്കെത്തുന്ന അവസരത്തിൽ തന്നെ ആവശ്യമായ പ്രതിരോധ വാക്സിനുകളും മറ്റും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>**ആരോഗ്യ മേഖലയിലെ പുതിയ തസ്തികകൾ**</u>

**2178.**
ശ്രീ എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ മേഖലയിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെയാണെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

<u>**ക്യാൻസർ രോഗ പ്രതിരോധത്തിനായുള്ള നടപടികൾ**</u>

**2179.**
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്ത് ക്യാൻസർ രോഗ പ്രതിരോധത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;
( ബി )
ആരംഭദശയിൽ തന്നെ ക്യാൻസർ രോഗം തിരിച്ചറിയുന്നതിന് ആവശ്യമായ പരിശോധനകൾ എല്ലാ താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ;
( സി )
രോഗം കണ്ടെത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റസിഡന്റ്സ് അസോസിയേഷനുകൾ/മറ്റ് സംഘടനകൾ എന്നിവയുമായി ചേർന്ന് പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം അറിയിക്കുമോ?

<u>**കണ്ണടകളുടെയും ലെൻസുകളുടെയും വിൽപ്പന**</u>

**2180.**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് പ്രതിവർഷം നടക്കുന്ന കണ്ണടകളുടെയും ലെൻസുകളുടെയും വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ;

( ബി )

കണ്ണടകളിൽ ഉപയോഗിക്കുന്ന ലെൻസുകളുടെ അടിസ്ഥാനത്തിൽ ഇവയുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലയിൽ നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

( സി )

സംസ്ഥാനത്ത് കണ്ണടകളും ലെൻസുകളും നിർമ്മിക്കുകയോ വില്പനനടത്തുകയോ ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

( ഡി )

സംസ്ഥാനത്തെ സ്ത്രീ ശാക്തീകരണത്തിന് ഊർജ്ജം പകരും വിധം ഓഫ്ത്താൽമിക് വിഭാഗം ഉള്ള സർക്കാർ ആശുപത്രികളിലെങ്കിലും കണ്ണടകളുടെ വില്പനയ്ക്കുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളെ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കാരുണ്യ ബനവലന്റ് പദ്ധതി</u>

**2181.**

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നിലവിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

( ബി )

പ്രസ്തുത പദ്ധതിക്ക് സമാനമായ മറ്റ് ചികിൽസ സഹായ പദ്ധതികൾ നിലവിൽ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## <u>18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ</u>

**2182.**

ശ്രീ.ഡി.കെ.മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പതിനെട്ട്

വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

( ബി )

ഏതെല്ലാം ഇനങ്ങളിലാണ് സൗജന്യം ലഭ്യമാകുന്നത് എന്നറിയിക്കാമോ;

( സി )

പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

## ആശാവർക്കർമാരെ നിയമിക്കാനുള്ള നടപടി

**2183.**

ശ്രീ. കെ. എസ്. ശബരീനാഥ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആരോഗ്യ വകുപ്പിന് കീഴിൽ നിയോഗിച്ചിട്ടുള്ള ആശാവർക്കർമാർ പല സ്ഥലങ്ങളിലും ജോലി ഉപേക്ഷിച്ചു പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ ഇങ്ങനെ പോയവർക്ക് പകരം പുതിയ ആശാവർക്കർമാരെ നിയോഗിച്ചിട്ടില്ലെന്നുള്ള കാര്യം ഗൗരവമായി കാണുമോ;

( ബി )

ഒഴിവുള്ള സ്ഥലങ്ങളിൽ പരിശീലനം നൽകി ആശാവർക്കർമാരെ ഉടൻ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഒഴിവുകൾ

**2184.**

ശ്രീ. വി. പി. സജീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സാമൂഹികനീതി വകുപ്പിൽ എത്ര പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഒഴിവുകൾ നിലവിൽ ഉണ്ട്; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

( ബി )

സാമൂഹികനീതി വകുപ്പ് വിഭജനത്തിനു ശേഷം സാമൂഹിക നീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II-ന്റെ കേഡർ സ്ട്രെങ്ത് റേഷ്യോ ഉയർത്താനുള്ള നപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## മാതൃവന്ദന യോജന പദ്ധതി

**2185.**

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു

വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

മാതൃവന്ദന യോജന പദ്ധതിയിലൂടെ നാളിതുവരെ എത്ര അമ്മമാർക്ക് സർക്കാർ സഹായം ലഭിച്ചു;

( ബി )

പ്രസ്തുത പദ്ധതിയ്ക്കായി സർക്കാർ എത്ര രൂപ ചെലവഴിച്ചു?

## പുതിയ കെട്ടിടം നിർമ്മാണം

**2186.**
ശ്രീ. എസ്. ശ**ർ**മ്മ : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

പുതുവൈപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

( ബി )

പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്താമാക്കാമോ?

## വാമനപുരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിട നിർമ്മാണം

**2187.**
ശ്രീ.ഡി.കെ.മുരളി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സ.ഉ.700/2014/സാ.നീ.വ. തീയതി 27/11/2014 പ്രകാരം വാമനപുരം ഐ.സി.ഡി.എസ്. പ്രോജക്റ്റിന് കീഴിലുള്ള വാമനപുരം ഗ്രാമപഞ്ചായത്തിലെ 01,08,17 നമ്പർ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിരുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

( ബി )

പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

## മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ

**2188.**
ശ്രീ. പി കെ അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തിലെ ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

( ബി )

വർക്കിംഗ് അറേഞ്ച്മെന്റ്/അക്കോമഡേഷൻ വ്യവസ്ഥയിൽ ഏതെങ്കിലും അനസ്തേഷ്യ പ്രൊഫസർമാർ മറ്റ് മെഡിക്കൽ കോളേജുകളിൽ ജോലി നോക്കുന്നുണ്ടോ; ഏതെല്ലാം കോളേജുകളിൽ എന്ന് വ്യക്തമാക്കുമോ;

( സി )

വർക്കിംഗ് അറേഞ്ച്മെന്റ് /അക്കോമഡേഷൻ മൂലം ഒഴിഞ്ഞു കിടക്കുന്ന അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## സ്വാശ്രയ മെഡിക്കൽ നിയമം

**2189.**

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2020-ലെ മെഡിക്കൽ അഡ്മിഷനുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി WP(c) No.2305 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെതിരെ സർക്കാർ അടിയന്തരമായി സുപ്രിംകോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് കേസ് വാദിക്കുന്നതിന് പ്രഗത്ഭരായ അഭിഭാഷകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

( ബി )

2017 മുതലുള്ള വിദ്യാർത്ഥികളുടെ കേസുകളിൽ പ്രാഥമിക വാദങ്ങളിൽ വന്ന വീഴ്ച ഉണ്ടാകാതിരിക്കാൻ അന്തിമവാദ വേളയിൽ സ്വാശ്രയ മെഡിക്കൽ കേസ്സുകൾ കൈകാര്യം ചെയ്യാൻ ഏറ്റവും പ്രഗത്ഭരായ സീനിയർ അഭിഭാഷകരെ നിയമിക്കുന്നതിനും ഈ കേസ്സുകൾ ഏകോപിപ്പിക്കുന്നതിനും വിദഗ്ദരായ അഭിഭാഷകരുടെ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

( സി )

സ്വാശ്രയ മെഡിക്കൽ നിയമത്തിലെ പഴുതുകളും ബലഹീനതകളും മുതലെടുത്ത് സ്വാശ്രയ മാനേജ്മെന്റുകൾ സ്ഥിരമായി ഇത്തരത്തിൽ കേസ്സുകളുമായി മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ, നിലവിലെ സ്വാശ്രയ നിയമത്തിലെ ന്യൂനതകൾ പരിഹരിച്ച് ചൂഷണത്തിനും വ്യവഹാരത്തിനും ഇടനൽകാത്ത സുശക്തവും സമഗ്രവുമായ സ്വാശ്രയ കോളേജ് നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## ആരോഗ്യവിദ്യാഭ്യാസമേഖലയുടെ കാലോചിതമായ പരിഷ്കരണം.

**2190.**

ശ്രീമതി ഇ. എസ്. ബിജിമോ**ൾ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആരോഗ്യമേഖലയി**ൽ** സമാനതകളില്ലാത്ത ഗുരുതര പ്രതിസന്ധിക**ൾ** നേരിടുന്ന ഈ കാലഘട്ടത്തി**ൽ** ആരോഗ്യവിദ്യാഭ്യാസമേഖല കാലാനുസൃതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ;

എങ്കിൽ ആയതിലേക്ക് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

( ബി )

രോഗപ്രതിരോധ പ്രവർത്തന രംഗത്ത് ആഗോള മാതൃക സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള സർക്കാർ ആരോഗ്യമേഖലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പ്രൊഫഷണൽ കോഴ്സുകൾക്ക് ബി.പി.എൽ. സ്കോളർഷിപ്

**2191.**

ശ്രീ . എം . വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൃത്യമായ നിയമം ഇല്ല എന്ന കാരണത്താൽ, പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നൽകി വരുന്ന ബി.പി.എൽ. സ്കോളർഷിപ്പ് 23.07.2020 ലെ ബഹു. ഹൈക്കോടതി വിധിയിലൂടെ സ്റ്റേ ചെയ്തതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

( ബി )

എം.ബി.ബി.എസ്. രണ്ടാം വർഷ പരീക്ഷ 2021 ഏപ്രിൽ മാസം നടത്താൻ പോകുന്ന സാഹചര്യത്തിൽ ബി.പി.എൽ. സ്കോളർഷിപ്പ് ലഭിയ്ക്കേണ്ട കുട്ടികളെ ഫീസ് നൽകാതെ പരീക്ഷ എഴുതാൻ അനുവദിയ്ക്കില്ല എന്ന കോളേജ് മാനേജ്മെന്റുകളുടെ നിലപാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( സി )

പ്രസ്തുത വിഷയത്തിന്മേൽ വ്യക്തമായ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ സ്കോളർഷിപ്പിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്ക് ഫീസ് അടയ്ക്കുന്നത് തടയണമെന്ന് കുട്ടികൾ നൽകിയ പരാതിയിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ആയതിന്മേൽ അനുകൂല നടപടി എടുക്കാൻ സർക്കാർ ശ്രമിക്കുമോ?

## സർക്കാർ മെഡിക്കൽ കോളേജുകളിലെ അത്യാധുനിക ലൈബ്രറികൾ

**2192.**

ശ്രീ .കെ .എൻ .എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെല്ലാം അത്യാധുനിക ലൈബ്രറികളും അതിനോട് അനുബന്ധമായി ഓൺലൈൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

( ബി )

ഇതേ സംവിധാനങ്ങൾ സർക്കാർ ഏറ്റെടുത്ത മെഡിക്കൽ കോളേജുകളിലും ലഭ്യമാണോ; ഇല്ലെങ്കിൽ ഇവ ലഭ്യമാക്കുന്നതിന് നേരിടുന്ന തടസ്സമെന്താണ്;

( സി )

സർക്കാർ ഏറ്റെടുത്ത മെഡിക്കൽ കോളേജുകളിൽ സീനിയർ ഗ്രേഡ് ലൈബ്രേറിയൻ തസ്തിക നിലവില്ലാത്തതിനാലും മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിലെ പോലത്തെ സ്റ്റാഫ് പാറ്റേൺ

ലൈബ്രറി വിഭാഗത്തിനില്ലാത്തതും കാരണം പിന്നോക്കം നിൽക്കുന്ന മെഡിക്കൽ കോളേജുകളിലെ ലൈബ്രറികളെ കൂടി മുൻ നിരയിലെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

## സർക്കാർ തലത്തിലുള്ള എം.ബി.ബി.എസ്. സീറ്റുകൾ

**2193.**

ശ്രീ . വി .എസ്. ശിവകുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ തലത്തിൽ എത്ര എം.ബി.ബി.എസ്. സീറ്റുകൾ നിലവിലുണ്ടായിരുന്നുവെന്നും 2020-21 ൽ എത്ര സീറ്റുകളാണുള്ളതെന്നും വെളിപ്പെടുത്താമോ;

( ബി )

2015-16 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസി.നുള്ള ഫീസ് ഘടന വ്യക്തമാക്കാമോ; 2019-20 അദ്ധ്യയന വർഷത്തെ ഫീസ് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ലഹരിക്കായി ചികിത്സാ മരുന്നുകളുടെ ഉപയോഗം

**2194.**

ശ്രീ. സി. ദിവാകര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് പലവിധ രോഗങ്ങൾക്ക് ചികിത്സക്കായുള്ള മരുന്നുകൾ വ്യാപകമായി ലഹരിക്കായി ഉപയോഗിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

( സി )

സംസ്ഥാനത്ത് ഓൺലൈനായി വിപണനം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

## വണ്ടൂരിലെ ഗവ. ഹോമിയോപ്പതിക് കാൻസർ ആശുപത്രി

**2195.**

ശ്രീ. എ . പി . അനി**ൽ** കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഹോമിയോപ്പതിക് കാൻസർ ആശുപത്രിയും സെൻട്രൽ കൗൺസിൽ ഫോർ റിസർച് ഇൻ ഹോമിയോപ്പതിയും (സി.സി.ആർ.എച്ച്) തമ്മിൽ ധാരണാപത്രം ഒപ്പിടുവാനും റിസർച്ച് ഫെല്ലോഷിപ്പുകൾ ആരംഭിക്കുവാനുമുള്ള തീരുമാനമെടുത്തിട്ടുണ്ടോ;

ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

## നേമം ശ്രീ വിദ്യാധിരാജ ഹോമിയോ കോളേജ്

**2196.**

ശ്രീ . എം . വി**ൻ**സെ**ൻ**റ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

നേമം ശ്രീ വിദ്യാധിരാജ ഹോമിയോ കോളേജിലെ അനദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

( ബി )

ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

( സി )

ഇതു സംബന്ധിച്ച് കോളേജ് മാനേജർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

( ഡി )

ഉണ്ടെങ്കിൽ ആ പരാതിയിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ

**2197.**

ശ്രീ.ഡി.കെ.മുരളി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

( ബി )

ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രവീതമെന്ന് അറിയിക്കാമോ;

( സി )

പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ?

## ആരോഗ്യ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും നടപ്പിലാക്കുന്ന പദ്ധതികൾ

**2198.**

ശ്രീ . മുഹമ്മദ് മുഹസി**ൻ** പി . : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ആരോഗ്യ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതിക**ൾ** ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

( ബി )

പ്രസ്തുത പദ്ധതികളി**ൽ** നിന്ന് ധനസഹായം ലഭിക്കുന്നതിന് നിഷ്ക**ർ**ഷിച്ചിട്ടുള്ള മാനദണ്ഡങ്ങ**ൾ**, അവ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട രീതി എന്നിവയെക്കുറിച്ചുള്ള വിശദ വിവരങ്ങ**ൾ** ലഭ്യമാക്കാമോ?

## ഇരിങ്ങാലക്കുട മണ്ഡലം - സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

**2199.**
പ്രൊഫ . കെ. യു. അരുണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

## വയനാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പദ്ധതികൾ

**2200.**
ശ്രീ ഒ . ആ**ർ**. കേളു : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ സൂചിപ്പിക്കാമോ?

## കുട്ടികൾക്കായുള്ള ക്ഷേമ പദ്ധതികൾ

**2201.**
ശ്രീ. പുരുഷ**ൻ** കടലുണ്ടി

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ . പി . ഉണ്ണി

പ്രൊഫ . കെ. യു. അരുണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ബാലവേല, ബാലഭിക്ഷാടനം എന്നിവ നിയന്ത്രിക്കുന്നതിനും തെരുവ് ബാല്യ മുക്ത കേരളം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ ശരണ ബാല്യം പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചിട്ടുണ്ടോ;
( ബി )
ഏതെല്ലാം വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;
( സി )

കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയായ 'ബാലനിധി' യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിലെ ഒഴിവുകൾ

**2202.**
ശ്രീ. വി. പി. സജീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഐ.സി.ഡി.എസ് സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ;
( ബി )
01.01.2021 മുതൽ 31.05.2024 വരെ ഐ.സി.ഡി.എസ് സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ നിന്നും വിരമിക്കുന്നവരുടെ പേരും (വർഷവും തീയതിയും ഉൾപ്പെടെ) അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിന്റെ വിവരവും വ്യക്തമാക്കാമോ;
( സി )
01.01.2021 മുതൽ 31.05.2024 വരെ ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ) തസ്തികയിൽ നിന്നും വിരമിക്കുന്നവരുടെ പേരും (വർഷവും തീയതിയും ഉൾപ്പെടെ) അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിന്റെ വിവരവും വ്യക്തമാക്കാമോ;
( ഡി )
കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ സേവനം കൂടുതലായി ലഭ്യമാക്കുന്നതിനു വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;
( ഇ )
ഐ.സി.ഡി.എസ് സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ദിവസവേതന കരാർ അടിസ്ഥാനത്തിലോ ആരെങ്കിലും ജോലി നോക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ വ്യക്തമാക്കാമോ;
( എഫ് )
വനിതാ ശിശു വികസന വകുപ്പിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തിക (ജനറൽ കാറ്റഗറി) ആകെ എത്ര എണ്ണം ഉണ്ടെന്ന് വ്യക്തമാക്കാമോ?

## അംഗൻവാടി ജിവനക്കാരുടെ ഓണറേറിയം

**2203.**
ശ്രീ യു. ആ**ർ**. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് നിലവിൽ ജോലി നോക്കിവരുന്ന അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും എണ്ണം എത്ര; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജീവനക്കാരുടെ ഓണറേറിയം എന്നു മുതലാണ് വർദ്ധിപ്പിച്ചു നൽകിയതെന്നും ഉയർത്തി നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

( ബി )

വർദ്ധിപ്പിച്ചു നൽകിയ തുകയിൽ കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ; വിശദാംശംങ്ങൾ ലഭ്യമാക്കുമോ;

( സി )

പ്രസ്തുത ജീവനക്കാ**ർ**ക്ക് ഉയർത്തി നൽകിയ പെൻഷൻ തുക എത്രയെന്ന് വിശദമാക്കാമോ?

## <u>അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ പുരോഗതി</u>

**2204.**

ശ്രീ കെ.വി.അബ്ദു**ൾ** ഖാദ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം പുരോഗതിയുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

( ബി )

അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

( സി )

എത്ര പുതിയ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിവരങ്ങൾ നൽകുമോ; നിർമ്മാണം പുരോഗമിക്കുന്നവ എത്രയെന്ന് വെളിപ്പെടുത്താമോ?

## <u>കോവിഡ് കാലത്ത് അങ്കണവാടി ജീവനക്കാരുടെ സേവനം</u>

**2205.**

ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് കാലത്ത് അങ്കണവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും സേവനം ഏതൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്; വ്യക്തമാക്കാമോ;

( ബി )

അങ്കണവാടികൾ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കുട്ടികൾക്കുള്ള ഭക്ഷണസാമഗ്രികൾ അവരുടെ വീടുകളി**ൽ** എത്തിക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നോ; ആയത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ;

( സി )

അങ്കണവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും അധികമായി രണ്ട് ജോടി യൂണിഫോം നൽകുന്നതിന്

തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്?

## സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി

**2206.**
ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കുട്ടികളുടെ ശാരീരികവും, മാനസികവുമായ വികാസത്തിന് ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, ഇതിനകം എത്ര സ്മാർട്ട് അങ്കണവാടികൾ നിർമ്മിച്ചുവെന്ന് വിശദമാക്കാമോ;
( ബി )
അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ. വിശദാംശം നൽകുമോ?

## കം ക്രഷ് അങ്കണവാടി പദ്ധതി

**2207.**
ശ്രീ ഒ . ആ**ർ**. കേളു : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
വയനാട് ജില്ലയിൽ 'കം ക്രഷ് അങ്കണവാടി പദ്ധതി' തുടങ്ങാനുള്ള ഉദ്ദേശം സർക്കാരിനുണ്ടോ ;
( ബി )
പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ അംഗൻവാടികൾ

**2208.**
ശ്രീ. വി. പി. സജീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ അധികരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചു; പട്ടിക തിരിച്ച് നൽകാമോ;
( ബി )
പ്രസ്തുത മണ്ഡലത്തിലെ എത്ര അംഗൻവാടികളിൽ ഓൺലൈൻ പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; ഏതെല്ലാം പദ്ധതികളിലൂടെയാണ് പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ അംഗനവാടികൾ

**2209.**
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു

വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

മണലൂർ മണ്ഡലത്തിൽ ആകെ എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

( ബി )

ഇവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തവ എത്രയെണ്ണം ഉണ്ട് ;

( സി )

ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിലെ ഏതെല്ലാം അംഗനവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകിയെന്ന് അറിയിക്കുമോ; എത്ര തുക വീതമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ;

( ഡി )

പ്രസ്തുത അംഗനവാടികളുടെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

## ഭിന്നശേഷിക്കാരുടെ സാമൂഹ്യഉന്നമനം

**2210.**

ശ്രീ .കെ .എ**ൻ** .എ. ഖാദ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഭിന്നശേഷിക്കാരുടെ സാമൂഹ്യഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും നടത്തിപ്പിന്റെ പുരോഗതിയും വെളിപ്പെടുത്താമോ;

( ബി )

ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിന് ഫണ്ടിന്റെ അഭാവം നേരിടുന്നുണ്ട്; വിശദമാക്കുമോ; വിതരണം ചെയ്യാൻ കുടിശ്ശികയുള്ളവ ഏതൊക്കെ;

( സി )

ഭിന്നശേഷിക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിലേക്കായി പ്രത്യേക ഇൻഷുറൻസ് പദ്ധതി-നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരുടെ ചികിത്സകൾക്കായി സർക്കാർ നൽകി വരുന്ന സൗജന്യങ്ങൾ എന്തൊക്കെ?

## സംസ്ഥാന ശിശുക്ഷേമസമിതിയിലെ നിയമനം

**2211.**

ശ്രീമതി ഷാനിമോ**ൾ** ഉസ്മാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാന ശിശുക്ഷേമസമിതിയിൽ ഏതൊക്കെ തസ്തികകളിലേക്കാണ് അടുത്തിടെ നിയമനം നടത്തിയതെന്ന് അറിയിക്കുമോ;

( ബി )

ആയതിനായുള്ള അപേക്ഷ ക്ഷണിച്ച് പത്രപരസ്യം നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ

പത്രങ്ങളിലാണ് പരസ്യം നല്കിയതെന്ന് വ്യക്തമാക്കുമോ;

( സി )

പ്രസ്തുത നിയമനങ്ങളിൽ ക്രമക്കേട് നടന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

( ഡി )

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിക്കാതെ പത്രപരസ്യം നൽകി നിയമനം നടത്തുന്നത് ഏത് സാഹചര്യത്തിലാണ്?

## സീനിയർ സിറ്റിസൺസ് ഹാബിറ്റാറ് സെന്റർ

**2212.**
ശ്രീ. പി. സി. ജോ**ർ**ജ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേരളത്തി**ൽ** എത്ര സ**ർ**ക്കാ**ർ** അംഗീകൃത വൃദ്ധസദനങ്ങ**ൾ** പ്രവ**ർ**ത്തിക്കുന്നുണ്ട്;

( ബി )

സ**ർ**ക്കാ**ർ** അംഗീകാരമില്ലാത്ത വൃദ്ധസദനങ്ങളുടെ എണ്ണമെത്ര;

( സി )

വൃദ്ധരായ അന്തേവാസികളുടെ ശുശ്രൂഷയ്ക്കും പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോ**ൾ** ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്;

( ഡി )

വൃദ്ധ**ർ**ക്കായി ഓരോ ജില്ലയിലും സീനിയ**ർ** സിറ്റിസ**ൺ**സ് ഹാബിറ്റാറ്റ് സെന്റ**ർ** എന്ന പേരി**ൽ** ഒരു ഏകീകൃത പാ**ർ**പ്പിട സമുച്ചയം നി**ർ**മ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് സ**ർ**ക്കാ**ർ** തയ്യാറാകുമോ; വിശദമാക്കാമോ?

## സർക്കാർ സംരക്ഷണം ഏറ്റെടുത്തവരുടെ ഇപ്പോഴത്തെ വിശദാംശങ്ങൾ

**2213.**
ശ്രീ. കെ.ബി. ഗണേഷ് കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ സർക്കാർ സംരക്ഷണം ഏറ്റെടുക്കുന്നതായി തീരുമാനം എടുത്തിട്ടുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും പേരുവിവരം, മേൽവിലാസം എന്നിവ ലഭ്യമാക്കാമോ;

( ബി )

ഇപ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ള വ്യക്തികളുടെ / കുടുംബങ്ങളുടെ പേരുവിവരം അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

( സി )

ഇവരിൽ ഓരോരുത്തരുടെയും ഇപ്പോഴത്തെ ജീവിതാവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

( ഡി )

ഇപ്രകാരം ഏറ്റെടുക്കപ്പെട്ടവരിൽ ചെറിയ കുട്ടികളോ വിദ്യാർഥികളോ ഉൾപ്പെട്ടിരുന്നുവെങ്കിൽ അവരിൽ ഓരോരുത്തർക്കും ലഭ്യമായ വിദ്യാഭ്യാസം, സ്വയം തൊഴിൽ പരിശീലനം, ലഭ്യമായ തൊഴിൽ, അവരുടെ ഇപ്പോഴത്തെ ജീവിതാവസ്ഥ എന്നിവ യഥാക്രമം പ്രത്യേകമായി ലഭ്യമാക്കുമോ;

( ഇ )

ഏറ്റെടുക്കപ്പെട്ടവരിൽ വിധവകൾ, നിരാലംബരായ സ്ത്രീകൾ എന്നിവർ ഉൾപ്പെട്ടിരുന്നുവെങ്കിൽ അവരുടെ ഇപ്പോഴത്തെ സാമൂഹിക സാമ്പത്തിക ജീവിതാവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

## വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണം

**2214.**

ശ്രീ . അബ്ദു**ൽ** ഹമീദ് .പി .

ശ്രീ . പാറക്ക**ൽ** അബ്ദുല്ല

ശ്രീ .പി. കെ. ബഷീ**ർ**

ശ്രീ എ**ൻ**. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ വൃദ്ധജനങ്ങൾക്ക് മാനസികോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള അവസരങ്ങൾ കുറവായതിനാൽ വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ആരോഗ്യവകുപ്പ് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

( ബി )

കോവിഡ് നിയന്ത്രണങ്ങൾ വൃദ്ധജനങ്ങളെ സമൂഹത്തിൽ നിന്ന് കൂടുതൽ ഒറ്റപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പരിഹാരമാർഗ്ഗങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ കണക്ക്

**2215.**

ശ്രീ. അ**ൻ**വ**ർ** സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്ന മുഴുവൻ റേഷൻ വിഹിതവും എഫ്.സി.ഐ. ഗോഡൗണിൽ നിന്നും സർക്കാർ കൈപ്പറ്റാറുണ്ടോ;

( ബി )

2020 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്തിന് അനുവദിച്ചതും, കൈപ്പറ്റിയതുമായ ഭക്ഷ്യധാന്യങ്ങളുടെ കണക്ക് ലഭ്യമാകുമോ;

( സി )

കോവിഡ് പ്രതിസന്ധിമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കേന്ദ്രം സംസ്ഥാനത്തിന് കൂടുതലായി ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്രം ഇപ്രകാരം അനുവദിച്ചതെന്ന് അറിയിക്കുമോ;

( ഡി )

ഇപ്രകാരം കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായിട്ടാണോ അനുവദിച്ചത്; വിശദമാക്കുമോ?

## വൈത്തിരി താലൂക്കിലെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

**2216.**

ശ്രീ .സി .കെ .ശശീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിന്റെ ഭാഗമായി വൈത്തിരി താലൂക്കിൽ ഓരോ മാസവും എത്ര ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു; ഇതിനായി ഓരോ മാസവും ചെലവായ തുകയെത്ര; വിശദമാക്കാമോ?

## പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പദ്ധതിയിലെ പയറുവർഗ്ഗങ്ങൾ

**2217.**

ശ്രീ എ**ൻ**. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ പരിധിയി**ൽ** വരുന്ന റേഷ**ൻ** കാ**ർ**ഡുടമക**ൾ** സംസ്ഥാനത്ത് എത്രയുണ്ടെന്നും പ്രസ്തുത പരിധിയി**ൽ** വരാനുള്ള മാനദണ്ഡങ്ങ**ൾ** എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

( ബി )

പ്രസ്തുത കാ**ർ**ഡുടമക**ൾ**ക്ക് ന**ൽ**കാ**ൻ** കേന്ദ്ര സ**ർ**ക്കാ**ർ** സൗജന്യ പയറുവ**ർ**ഗ്ഗങ്ങ**ൾ** അനുവദിച്ചിരുന്നോയെന്നും ഇത് ഈ കാ**ർ**ഡുടമക**ൾ**ക്ക് ന**ൽ**കിയോയെന്നും വ്യക്തമാക്കാമോ;

( സി )

പ്രധാനമന്ത്രി ഗരീബ് കല്യാ**ൺ** അന്ന യോജന (പി.എം.ജി.കെ.എ.വൈ.) പദ്ധതിയി**ൽ** ലഭിച്ച ഈ പയറുവ**ർ**ഗ്ഗങ്ങ**ൾ** (കടലയും പയറും) വക മാറ്റിയെന്ന വാ**ർ**ത്ത ശ്രദ്ധയി**ൽ**പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

( ഡി )

സംസ്ഥാന സ**ർ**ക്കാ**ർ** വിതരണം ചെയ്യുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റി**ൽ** പയറിനും കടലയ്ക്കും ക്ഷാമം വന്നപ്പോ**ൾ** പി.എം.ജി.കെ.എ.വൈ. പദ്ധതിയി**ൽ** ലഭിച്ച കടലയും പയറും വകമാറ്റിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

( ഇ )

നവംബ**ർ** മാസം വിതരണം ചെയ്യേണ്ട പയറുവ**ർ**ഗ്ഗങ്ങ**ൾ** ജനുവരിയായിട്ടും കാ**ർ**ഡുടമകളി**ൽ** ഭൂരിഭാഗത്തിനും ലഭിച്ചിട്ടില്ലെന്നത് ശരിയാണോ; എങ്കി**ൽ** അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേട്ടങ്ങൾ

**2218.**
ശ്രീ . മുഹമ്മദ് മുഹസി**ൻ** പി . : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സ**ർ**ക്കാ**ർ** വന്നതിനുശേഷം സിവി**ൽ** സപ്ലൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട പ്രവ**ർ**ത്തനങ്ങ**ൾ** വിശദീകരിക്കാമോ;
( ബി )
ഭക്ഷ്യ സിവി**ൽ** സപ്ലൈസ് വകുപ്പ് ഇനിയും എന്തെല്ലാം പുതിയ പ്രവ**ർ**ത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കാ**ൻ** ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ?

## ഭക്ഷ്യക്കിറ്റ് വിതരണം

**2219.**
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സർക്കാർ നൽകുന്ന സൗജന്യ കിറ്റ് വിതരണ പദ്ധതി 2021 ഏപ്രിൽ മാസം വരെ നീട്ടുമ്പോൾ വരുന്ന സാമ്പത്തിക ചെലവ് എത്രയാണ്; വിശദമാക്കുമോ;
( ബി )
കോവിഡ് കാലത്ത് എത്ര അതിഥി തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കുമോ?

## ഭക്ഷ്യ കിറ്റുകളുടെ ഗുണനിലവാരം

**2220.**
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സിവി**ൽ** സപ്ലൈസ് കോ**ർ**പ്പറേഷ**ൻ** വഴി റേഷ**ൻ** കാ**ർ**ഡ് ഉടമക**ൾ**ക്ക് വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളി**ൽ** ഗുണനിലവാരമില്ലാത്ത സാധനങ്ങ**ൾ** ഉ**ൾ**പ്പെട്ടിരുന്നുവെന്ന പരാതി ഉണ്ടായിട്ടുണ്ടോ;
( ബി )
ഭക്ഷ്യ കിറ്റുകളിലെ സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; ആയതിന്റെ

പരിശോധനാഫലം എന്താണെന്ന് അറിയിക്കുമോ?

## <u>ഭക്ഷ്യവസ്തുക്കളുടെ സംഭരണവും സംരക്ഷണവും</u>

**2221.**
ശ്രീ. സി. ദിവാകര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ വന്നശേഷം ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;
( ബി )
സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പുതിയ ഗോഡൗണുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## <u>സിവിൽ സപ്ലൈസ് ഡിപ്പോയുടെ പ്രവർത്തനം</u>

**2222.**
ശ്രീമതി ഇ. എസ്. ബിജിമോ**ൾ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
പീരുമേട് നിയോജക മണ്ഡലത്തി**ൽ** അടിസ്ഥാന സൗകര്യങ്ങ**ൾ** നിലവിലുള്ള സിവി**ൽ** സപ്ലൈസ് ഡിപ്പോയുടെ പ്രവ**ർ**ത്തനം പുനരാരംഭിക്കുവാ**ൻ** സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങ**ൾ** ലഭ്യമാക്കുമോ; തത്സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

## <u>വയനാട് ജില്ലയിലെ പുതിയ മാവേലി സ്റ്റോറുകൾ</u>

**2223.**
ശ്രീ ഒ . ആ**ർ**. കേളു : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ വന്നതിനുശേഷം വയനാട് ജില്ലയിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ;
( ബി )
ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;
( സി )
കൂടുതൽ മാവേലി സ്റ്റോറുകൾ വയനാട് ജില്ലയിൽ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

## <u>കുന്ദമംഗലം ലീഗൽ മെട്രോളജി ഓഫീസ്</u>

**2224.**
ശ്രീ പി .ടി .എ . റഹീം : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ലീഗൽ മെട്രോളജി കോഴിക്കോട് സർക്കിൾ മൂന്ന് ഓഫീസിന്റെ പരിധിയിലുള്ള ആറ് പഞ്ചായത്തുകൾ കുന്ദമംഗലം നിയോജക മണ്ഡലത്തിലും മൂന്ന് പഞ്ചായത്തുകൾ തിരുവമ്പാടി മണ്ഡലത്തിലുമാണെങ്കിലും ഓഫീസ് കോഴിക്കോട് സിവിൽ സ്റ്റേഷനിൽ തന്നെ തുടരുന്നത് പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
ഈ ഓഫീസ് കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്തേക്ക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>വിശപ്പ് രഹിത പദ്ധതി</u>

**2225.**
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി ഇരുപത്തിയഞ്ച് രൂപക്ക് ഊണ് നൽകുന്ന ആയിരം ഭക്ഷണശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;
( ബി )
ഇതിനായി റേഷൻ വിലയ്ക്ക് അരിയും, സഹായവിലക്ക് പലവ്യഞ്ജനവും സിവിൽ സപ്ലൈസ് കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ടോ;
( സി )
ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തെങ്കിലും സഹായം സർക്കാർ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>പാതയോരങ്ങളിലെ ലൈസൻസില്ലാത്ത ഭക്ഷ്യശാലകൾ</u>

**2226.**
ശ്രീ. ബി .സത്യ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സംസ്ഥാനത്തെ പാതയോരങ്ങളിൽ വ്യാപകമായി പ്രവർത്തിക്കുന്ന ലൈസൻസില്ലാത്ത ഭക്ഷ്യശാലകൾ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;
( ബി )
ഇത്തരം ഭക്ഷ്യശാലകളിൽ വിൽക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ

നിലവിലുണ്ടോ;

( സി )

ഇതുമായി ബന്ധപ്പെട്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

## സംസ്ഥാനത്തെ നിലവിലെ റേഷൻ കടകളുടെ വിവരം

**2227.**

ശ്രീ . ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കടകൾ ആണ് നിലവിലുള്ളത് (എആർഡി);

( ബി )

2016 ജൂൺ ഒന്നാം തീയതിക്കു മുൻപ് എത്ര കടകളാണ് ഉണ്ടായിരുന്നത്; കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച സംവരണ തത്വം പാലിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

( സി )

2016 ജൂൺ ഒന്നിനു ശേഷം എത്ര റേഷൻ കടകൾ ലൈസൻസി ഉപേക്ഷിച്ചു പോയിട്ടുണ്ട്; ലൈസൻസി ഉപേക്ഷിച്ചുപോയ കടകൾ ആർക്കാണ് നൽകുന്നത്;ഒരു ലൈസൻസിക്ക് ഒന്നിലേറെ കടകൾ നൽകിയിട്ടുണ്ടോ; ഇത്തരം എത്ര ലൈസൻസികളാണ് സംസ്ഥാനത്തുള്ളത്; അവ ഏതെല്ലാം ജില്ലകളിലായി എത്ര വീതമുണ്ട്; ലൈസൻസിയുടെ കുടുംബാംഗങ്ങൾക്കും ലൈസൻസി അനുവദിക്കുന്നതിന് തടസ്സമുണ്ടോ;

( ഡി )

ലൈസൻസി ഉപേക്ഷിച്ചുപോയ റേഷൻ കടകൾ സിവിൽ സപ്ലൈസ് കോർപ്പറേഷനു വിട്ടു നൽകാൻ നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇപ്രകാരം എത്ര കടകൾ സപ്ലൈകോ ഏറ്റെടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത്തരം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നത് ആരാണ്; ഇവയിലെ സ്റ്റോക്ക്, വാതിൽപ്പടി വിതരണം, ഗുണമേന്മാ പരിശോധന എന്നിവയുടെ ചുമതല ആർക്കാണ് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ബി.പി.എൽ. കാർഡ്

**2228.**

ശ്രീ . കെ . ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ എത്രപേർക്കാണ് ബി.പി.എൽ കാർഡ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ മുൻഗണനാറേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ

**2229.**
ശ്രീ . ജോർജ് എം .തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽ നിലവിൽ ഇപ്പോൾ എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;
( ബി )
അപേക്ഷകളിൽ തീർപ്പ് കൽപിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;
( സി )
അപേക്ഷകളിൽ തീർപ്പ് കൽപിക്കുന്നതിന് അദാലത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## റേഷൻ കാർഡ് ബി.പി.എൽ. ആയി മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ

**2230.**
ശ്രീ . കെ . ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
അർഹതപ്പെട്ട മുഴുവൻ പേർക്കും ബി.പി.എൽ. കാർഡ് നൽകാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; അതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;
( ബി )
ബി .പി.എൽ. കാർഡ് ആക്കി മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പുതിയ റേഷൻ കാർഡുകൾ

**2231.**
ശ്രീ യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
അപേക്ഷിച്ചാൽ 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഇതു നടപ്പിലാക്കിയതെന്ന് അറിയിക്കുമോ ?

## റേഷൻ കാർഡ് വിതരണം

**2232.**

ശ്രീ യു. ആര്‍. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങൾക്ക് പുതിയതായി റേഷൻ കാർഡ് നൽകി ഭക്ഷ്യധാന്യങ്ങള്‍ വിതരണം നടത്തി വരുന്നുണ്ട്;

( ബി )

ഈ സർക്കാർ അനർഹരായ എത്ര കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്;

( സി )

അർഹരായ എത്രപേരെ പുതിയതായി കണ്ടെത്തി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം നൽകി വരുന്നുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

## <u>മുൻഗണനാ വിഭാഗക്കാർക്കുള്ള റേഷൻ കാർഡ്</u>

**2233.**

ശ്രീ . ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽപെട്ട റേഷൻ കാർഡുടമകളിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി 2020 ൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

( ബി )

മലപ്പുറം ജില്ലയിലെ ഏറനാട്, കൊണ്ടോട്ടി താലൂക്കുകളിൽ 2020-ൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് മുൻഗണനാ റേഷൻ കാർഡ് അനുവദിച്ചുവെന്നും അറിയിക്കാമോ;

( സി )

മുൻഗണനാ വിഭാഗത്തിൽപെട്ട എത്ര റേഷൻ കാർഡുകൾ അവരുടെ അപേക്ഷ പ്രകാരം 2020-ൽ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റി (കൊണ്ടോട്ടി, ഏറനാട്) എന്നറിയിക്കാമോ;

( ഡി )

സർക്കാരിന്റെ പരിശോധനയിൽ അനർഹരെന്ന് കണ്ടെത്തിയ എത്രയാളുകളെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയെന്ന് (കൊണ്ടോട്ടി, ഏറനാട്) വെളിപ്പെടുത്താമോ?

## <u>റേഷൻ കാർഡ് ഉടമകളുടെ വിവരങ്ങൾ</u>

**2234.**

ശ്രീ . ഷാഫി പറമ്പില്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് എത്ര  റേഷൻ കാർഡ് ഉടമകളാണ് നിലവിലുള്ളത്; ഇതിൽ ഓരോ വിഭാഗത്തിലും എത്ര വീതം കാർഡുകൾ ഉണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

( ബി )

2016 ജൂൺ മുതൽ നാളിതുവരെ ഓരോ വർഷവും എത്ര പേർ പുതിയ റേഷൻ കാർഡിനായി അപേക്ഷ സമർപ്പിച്ചു; ഇതിൽ ഏതെല്ലാം വിഭാഗത്തിലായി എത്ര പേർക്ക് പുതുതായി കാർഡുകൾ അനുവദിച്ചു; ഇതിന്റെ ജില്ല/വിഭാഗം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ; 2016 ജൂൺ വരെ എത്ര റേഷൻ കാർഡുകളാണ് സംസ്ഥാനത്തുണ്ടായിരുന്നത്; ജില്ല/വിഭാഗം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

( സി )

2020 ജനുവരിക്ക ശേഷം എത്ര റേഷൻ കാർഡുകൾ പുതുതായി ഓരോ മാസവും അനുവദിച്ചു; പുതിയ റേഷൻ കാർഡുകളായി നൽകുന്നത് വെള്ള കാർഡുകൾ മാത്രമാണോ; വെള്ള റേഷൻ കാർഡ് ലഭിക്കുന്ന ദരിദ്രവിഭാഗത്തിലുള്ളവർക്കോ പാവപ്പെട്ടവർക്കോ പിന്നീട്ട മറ്റുവിഭാഗം കാർഡുകളിലേക്ക് മാറ്റം അനുവദിക്കാറുണ്ടോ; അതിന്റെ മാനദണ്ഡമെന്താണ്; 2016 ന് ശേഷം ഇങ്ങനെ വെള്ള വിഭാഗത്തിൽ നിന്നും നീല, പിങ്ക്, മഞ്ഞ വിഭാഗങ്ങളിലേക്ക് എത്ര കാർഡുകൾ മാറ്റി അനുവദിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

( ഡി )

റേഷൻ കാർഡ് അനുവദിച്ചശേഷം എത്ര ദിവസത്തിന് ശേഷമാണ് കാർഡ് ഉടമയെ ഇ-പോസ് മെഷീനിലെ സംവിധാനത്തിലേക്ക് അപ്ഡേറ്റ് ചെയ്യുന്നത്; ഇതിൽ കാലതാമസമുണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; അങ്ങനെ എങ്കിൽ ഈ കാലതാമസം പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## <u>ആദിവാസി കുടുംബങ്ങൾക്ക് റേഷൻകാർഡ്</u>

**2235.**

ശ്രീ .സി .കെ .ശശീന്ദ്ര**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

വൈത്തിരി താലൂക്കിൽ റേഷൻ കാർഡ് കിട്ടാത്ത എത്ര ആദിവാസി കുടുംബങ്ങൾ അവശേഷിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ ഇവർക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ;

( ബി )

ഈ സർക്കാർ വന്ന ശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് പുതുതായി റേഷൻകാർഡ് അനുവദിച്ചു നൽകി?

## <u>ബി.പി.എൽ കാർഡ്</u>

**2236.**

ശ്രീ . മുഹമ്മദ് മുഹസി**ൻ** പി . : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്ക ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സ**ർ**ക്കാ**ർ** അധികാരത്തി**ൽ** വന്നതിനു ശേഷം എത്ര കുടുംബങ്ങ**ൾ**ക്ക് ബി.പി.എ**ൽ**. കാ**ർ**ഡ്

അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പട്ടാമ്പി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്കാണ് ബി.പി. എൽ. കാർഡ് അനുവദിച്ചിട്ടുള്ളത്;

( ബി )

ബി.പി.എൽ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ ഏതെല്ലാം രീതിയിലുള്ള മുൻഗണനയാണ് അനുവദിച്ചു വരുന്നത്; വിശദമാക്കാമോ?

## റേഷൻ വ്യാപാരികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ

**2237.**

ശ്രീ . എൻ . ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ വന്നശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട റേഷൻ വ്യാപാരികളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

( ബി )

പ്രസ്തുത കേസുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## പൊതുവിതരണ കേന്ദ്ര ലൈസൻസിനായുള്ള അപേക്ഷകൾ

**2238.**

ശ്രീ . മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഒരു ലൈസൻസി തന്നെ ഒന്നിലധികം പൊതുവിതരണ കേന്ദ്രങ്ങൾ നടത്തി വരുന്ന കാര്യം സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ സംഭവിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ;

( ബി )

കൊല്ലം ജില്ലയിൽ എത്ര എ.ആർ.ഡി. ലൈസൻസുകൾ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് താലൂക്ക് തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ;

( സി )

കൊല്ലം ജില്ലയിൽ എ.ആർ.ഡി. നടത്തിപ്പ് ലൈസൻസിനായുള്ള എത്ര അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളുവാനുണ്ടെന്നും, പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## ഇ - പോസ് മെഷീൻ

**2239.**

പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സംസ്ഥാനത്ത് റേഷൻ പൊതുവിതരണ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇ - പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

( ബി )

ഇ - പോസ് മെഷീനുക**ൾ** ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിന് എന്തെങ്കിലും ഫണ്ട് മാറ്റിവെച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

( സി )

പ്രസ്തുത ഫണ്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഏതെങ്കിലും ഏജൻസികളെ എൽപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

( ഡി )

സർക്കാർ മാനദണ്ഡം അനുസരിച്ച് ഇ - പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിച്ച് അളവ് കൃത്യമായി പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം

**2240.**
ശ്രീ എ**ൻ**. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾ സംസ്ഥാനത്ത് എത്രയുണ്ടെന്നും ഈ പരിധിയിൽ വരാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

( ബി )

ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾക്ക് നൽകാൻ കേന്ദ്ര സർക്കാർ സൗജന്യ പയറുവർഗ്ഗങ്ങൾ അനുവദിച്ചിരുന്നോ എന്നും ആയത് മേ**ൽ**പ്പറഞ്ഞ കാർഡുടമകൾക്ക് നൽകിയോ എന്നും വ്യക്തമാക്കാമോ;

( സി )

പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്നയോജന (പി.എം.ജി.കെ.എ.വൈ) പദ്ധതിയിൽ ലഭിച്ച ഈ പയറുവർഗ്ഗങ്ങൾ (കടലയും പയറും) വക മാറ്റിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

( ഡി )

സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന സൗജന്യ ഭക്ഷ്യധാന്യക്കിറ്റിൽ പയറിനും കടലക്കും ക്ഷാമം വന്നപ്പോൾ പി.എം.ജി.കെ.എ.വൈ പദ്ധതിയിൽ ലഭിച്ച കടലയും പയറും വകമാറ്റിയിരുന്നോ; വ്യക്തമാക്കാമോ;

( ഇ )

നവംബർ മാസം വിതരണം ചെയ്യേണ്ട പയറുവർഗ്ഗങ്ങൾ ജനവരിയായിട്ടും കാർഡുടമകളിൽ ഭൂരിഭാഗത്തിനും ലഭിച്ചിട്ടില്ലെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

## സൗജന്യ ഭക്ഷ്യകിറ്റ്

**2241.**
ശ്രീ . ഐ .സി .ബാലകൃഷ്ണ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
2020 ഡിസംബറിൽ സൗജന്യ ഭക്ഷ്യകിറ്റ് എത്രപേർക്ക് നൽകുമെന്നാണ് പ്രഖ്യാപിച്ചത്; അതിൽ എത്ര പേർക്ക് ഇതിനകം കിറ്റ് വിതരണം നടത്തി;
( ബി )
നവംബർ മാസത്തെ സൗജന്യ കിറ്റ് ഇതിനകം എത്രപേർക്ക് വിതരണം നൽകി;
( സി )
ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം കിറ്റ് വിതരണത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വസ്തുക്കൾക്കാണ് ദൗർലഭ്യം ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ;
( ഡി )
തങ്ങൾക്ക് നൽകാത്ത കിറ്റ് സിവിൽ സപ്ലൈസ് വിഭാഗം കണക്കിൽ കൂട്ടുന്നതായും അത് കാർഡുടമകളുമായിട്ടുള്ള തർക്കത്തിന് ഇടയാക്കുമെന്നും കാണിച്ച് റേഷൻകട ഉടമകൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

## എ.പി.എൽ. ഗുണഭോക്താക്കൾക്കുള്ള അരി വിഹിതം

**2242.**
ശ്രീ . പി . ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
പ്രവാസികളായതിനാൽ റേഷൻ കാർഡ് എ.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ കോവിഡ് പശ്ചാത്തലത്തിലും മറ്റും ജോലി നഷ്ടപ്പെട്ട് പ്രവാസം മതിയാക്കി നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള സാഹചര്യത്തിൽ അവരുടെ റേഷൻ വിഹിതം വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;
( ബി )
അൽപം വില കൂട്ടിയിട്ടാണെങ്കിലും എ.പി.എൽ. ഗുണഭോക്താക്കൾക്ക് പ്രതിമാസം അരി വിഹിതം വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകൾ

**2243.**
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് കൊട്ടാരക്കര താലൂക്കിൽ എത്ര ഗോഡൗണുകൾ ഉണ്ട്; അവ എവിടെയെല്ലാമാണ്;

( ബി )

ഓരോ ഗോഡൗണുകളുടെയും ചുമതലയുള്ള ജീവനക്കാരുടെ തസ്തികയും എണ്ണവും വെളിപ്പെടുത്തുമോ;

( സി )

ഓരോ ഗോഡൗണിലും പ്രതിദിനം ശരാശരി എത്ര അളവിൽ ഭക്ഷ്യധാന്യം കൈകാര്യം ചെയ്യുന്നുവെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

( ഡി )

ഗോഡൗണുകളിലേക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് ഗോഡൗണിൽ രേഖപ്പെടുത്തുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

## ഭക്ഷ്യക്കിറ്റ് വാങ്ങാത്തവർക്ക് റേഷൻ നിഷേധിക്കുന്ന നടപടി

**2244.**

ശ്രീ . എ**ൻ** . ഷംസുദീ**ൻ**

ശ്രീ . പി . ഉബൈദുള്ള

ശ്രീ .പി. കെ. ബഷീ**ർ**

ശ്രീ. കെ എം ഷാജി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോവിഡ് കാലയളവിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകൾ വാങ്ങാത്തവർ ഉണ്ടോ;

( ബി )

പ്രസ്തുത കാർഡ് ഉടമകൾക്ക് റേഷൻ വിഹിതം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

( സി )

ഭക്ഷ്യഭദ്രതാനിയമപ്രകാരം റേഷൻ അവകാശമാണെന്നിരിക്കെ ഇത്തരം നടപടികൾ ഒഴിവാക്കുമോ എന്നറിയിക്കാമോ?

## ''വിശപ്പുരഹിത കേരളം പദ്ധതി''

**2246.**

ശ്രീ . പി . ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

"വിശപ്പുരഹിത കേരളം" പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

( ബി )

പൊതു മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

## ഭക്ഷ്യധാന്യക്കിറ്റ്

**2247.**
ശ്രീ ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി എത്ര പേർക്ക് ഭക്ഷ്യധാന്യക്കിറ്റ് സൗജന്യമായി നൽകുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;
( ബി )
ഭക്ഷ്യധാന്യക്കിറ്റ് സ്വീകരിക്കാത്ത കാർഡുടമകളുണ്ടെങ്കിൽ എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഉത്പന്നങ്ങൾ

**2248.**
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ വില കുറച്ച് സപ്ലൈകോ വഴി നൽകിയതിലൂടെ സർക്കാർ എത്ര രൂപയാണ് 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ സബ്സിഡി നൽകിയതെന്ന് അറിയിക്കുമോ;
( ബി )
ഏതെല്ലാം ഉത്പന്നങ്ങളാണ് സർക്കാർ സബ്സിഡി നൽകി സപ്ലൈകോ വഴി വിതരണം ചെയ്യുന്നത്; വിശദമാക്കുമോ?

## സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത

**2249.**
ശ്രീ. എ . പി . അനി**ൽ** കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
അരിയും പലവ്യഞ്ജനവും എത്തിച്ച വകയിൽ സപ്ലൈകോ, വിവിധ ഏജൻസികൾക്ക് നിലവിൽ എന്ത് തുക നൽകുവാനുണ്ട്; വിശദമാക്കുമോ;
( ബി )
സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;
( സി )
2020 ജനുവരി മുതൽ ഏപ്രിൽ വരെ ഉള്ള കാലയളവിൽ കൂടി ഭക്ഷ്യക്കിറ്റ് നൽകുന്നതിന്

തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്ത് ചെലവ് വരും;

( ഡി )

സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് സഹകരണ ബാങ്കുകളിൽ നിന്നും ക്ഷേമനിധി ബോർഡുകളിൽ നിന്നും പണം ട്രഷറിയിലേക്ക് നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എന്ത് തുക ട്രഷറിയിൽ എത്തി എന്ന് അറിയാമോ?

## ഓണക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട നടപടികൾ

**2250.**

ശ്രീ . എ**ൻ** . ഷംസുദീ**ൻ**

ശ്രീ . ടി. വി. ഇബ്രാഹിം

ശ്രീ . പി . ഉബൈദുള്ള

ശ്രീ എ**ൻ**. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഓണത്തിന് സപ്ലൈകോ വഴി വിതരണം ചെയ്ത ഓണക്കിറ്റിലെ ഏതെല്ലാം ഇനങ്ങളാണ് ഭക്ഷ്യയോഗ്യമായിരുന്നില്ലെന്ന് കണ്ടെത്തിയത് എന്നറിയിക്കാമോ;

( ബി )

ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

( സി )

ഗുണനിലവാരം പരിശോധിക്കാനുള്ള സമിതി എന്തെല്ലാം നടപടി സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്; വിശദമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച സപ്ലൈകോ ശാഖകൾ

**2251.**

ശ്രീ. കെ. ആ**ൻ**സല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2020 വരെ പുതിയതായി സപ്ലൈകോയുടെ എത്ര ശാഖകൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

( ബി )

അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ സപ്ലൈകോയുടെ പുതിയ വില്പന കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടി ഉള്ള നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## വള്ളിക്കുന്നിലെ പുതിയ മാവേലി സ്റ്റോറുകൾ

**2252.**

ശ്രീ . അബ്ദുൽ ഹമീദ് .പി . : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എത്ര നിവേദനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം സ്ഥലങ്ങളിലാണ് മാവേലിസ്റ്റോർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

( ബി )

പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

( സി )

കാലതാമസം ഒഴിവാക്കി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## വാണിമേൽ മാവേലി സ്റ്റോർ വിപുലീകരണം

**2253.**
ശ്രീ. ഇ കെ വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ മാവേലി സ്റ്റോർ വിപുലീകരണത്തിന് ശുപാർശ ലഭിച്ചിട്ടുണ്ടോ ;

( ബി )

ശുപാർശയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

( സി )

ശുപാർശ പരിഗണിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

( ഡി )

ശുപാർശ പരിഗണിക്കാൻ സത്വര നടപടി സ്വീകരിക്കാമോ ?

## നെല്ല് സംഭരണം

**2255.**
ശ്രീ . ടി . എ . അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

സപ്ലൈകോ നെല്ല് സംഭരണം വഴി കർഷകരുടെ നെല്ല് കയറ്റി അയച്ചതിനുള്ള തുക നൽകുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ;

( ബി )

ഇത്തരത്തിൽ മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കർഷകരുടെ അപേക്ഷ ലഭ്യമായതിൽ തുക നൽകുവാൻ കാലതാമസം നേരിട്ടിട്ടുണ്ടോ;

( സി )

ഇത്തരത്തിൽ കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക തുക എത്രയാണ്; കാലയളവ്, തുക എന്നിവ സംബന്ധിച്ച വിവരം മങ്കട നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## റേഷൻകടകൾ വഴി വ്യാജ മട്ട അരി വിതരണം

**2256.**

ശ്രീ . പാറക്ക**ൽ** അബ്ദുല്ല

ഡോ.എം.കെ . മുനീ**ർ**

ശ്രീ . എം . ഉമ്മ**ർ**

ശ്രീ .കെ .എ**ൻ** .എ. ഖാദ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിച്ച വില കുറഞ്ഞ അരി പോളിഷ് ചെയ്ത് റെഡ് ഓക്സൈഡ് ചേർത്ത് മട്ട അരി എന്ന വ്യാജേന റേഷൻ കടകളിലെത്തിക്കുകയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

( ബി )

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് അമ്പത്തിയാറ് സ്വകാര്യ മില്ലുകൾ സർക്കാരുമായി കരാറുണ്ടാക്കിയിട്ടുണ്ടോ;

( സി )

ഇതു പ്രകാരം നൂറ് കിലോ നെല്ല് നൽകുമ്പോൾ 64.5 കിലോ അരി തിരികെ സപ്ലൈകോയ്ക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

( ഡി )

എന്നാൽ കർഷകരിൽ നിന്ന് സംഭരിക്കുന്ന ഗുണമേന്മയുള്ള നെല്ല് അരിയാക്കി മില്ലുകൾ വൻ വിലക്ക് സ്വകാര്യ-മൊത്ത കച്ചവടക്കാർക്ക് മറിച്ചു വിൽക്കുകയും പകരം തമിഴ്നാട്, ആന്ധ്ര, മൈസൂരു എന്നിവിടങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന വിലകുറഞ്ഞ വെള്ള അരി തവിടുപയോഗിച്ച് യന്ത്രസഹായത്തോടെ പോളിഷ് ചെയ്ത് മട്ടയാക്കുകയും ചെയ്യുന്ന കാര്യം നേരത്തെ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ;

( ഇ )

എങ്കിൽ റേഷൻ വ്യാപാരികളും കാർഡ് ഉടമകളും ഇതു സംബന്ധിച്ച് നൽകിയ പരാതിയിൽ ഭക്ഷ്യ വകുപ്പ് ഇപ്പോൾ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## സൗജന്യ കിറ്റുകൾ

**2257.**
ശ്രീ എം. രാജഗോപാല**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
ഈ സർക്കാർ കേരളത്തിലെ പൊതുവിതരണത്തിനും സൗജന്യ കിറ്റുകൾക്കുമായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;
( ബി )
എത്ര കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നതെന്നുള്ളത് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## ഓണക്കിറ്റ്

**2258.**
ശ്രീ . പാറക്ക**ൽ** അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
സർക്കാരിന്റെ ഓണക്കിറ്റിലെ ശർക്കരക്ക് ഗുണനിലവാരമില്ലെന്നും തൂക്കത്തിൽ കൃത്രിമം ഉണ്ടെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
( ബി )
ഇതിനു പുറമേ ശർക്കരയിൽ നിന്ന് ചത്ത പാറ്റയുടെയും തവളയുടെയും അവശിഷ്ടങ്ങളും കൂടാതെ ജനങ്ങൾക്ക് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന ചില വസ്തുക്കളും കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;
( സി )
എങ്കിൽ ഇതു സംബന്ധമായി സർക്കാർ ഏതുതലത്തിലുള്ള അന്വേഷണമാണ് നടത്തിയത്; അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

## തീരദേശ പരിപാലന നിയമം

**2259.**
ശ്രീ . എം . മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

( എ )
തീരദേശ പരിപാലന നിയമ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ നിലവിൽ ബാധകമായിട്ടുള്ള നിയന്ത്രണങ്ങൾ എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ;
( ബി )
ഏതെല്ലാം പ്രവൃത്തികളെ/ നിർമ്മാണങ്ങളെയാണ് തീരദേശ പരിപാലന നിയമത്തിന്റെ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ;
( സി )
തീരദേശ മേഖലയിൽ 50 വർഷത്തിന് മുകളിലായി തലമുറകളായി അധിവസിച്ച് വരുന്ന മത്സ്യത്തൊഴിലാളികൾ അല്ലാത്ത കുടുംബങ്ങൾക്ക് തീരദേശ പരിപാലന നിയമത്തിൽ ഇളവ് അനുവദിച്ച്

ഭൂമിക്ക് പട്ടയം നൽകുന്നതിനും കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിനും സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വിഴിഞ്ഞം രാജ്യാന്തര തുറമുഖം - പുലിമുട്ട് നിർമ്മാണം

**2260.**
ശ്രീ . എം . വി**ൻ**സെ**ൻ**റ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
വിഴഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ്; എത്ര കി.മീ. ദൂരത്തിലാണ് പുലിമുട്ട് നിർമ്മിക്കേണ്ടത്; അതിൽ എത്ര കിലോമീറ്റർ പൂർത്തിയായി; വിശദമാക്കുമോ;
( ബി )
പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് ലഭിക്കുന്നതിന് ഉണ്ടായിരുന്ന തടസ്സം നീങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ;
( സി )
ഈ പദ്ധതിക്കായി കപ്പൽ വഴി കരിങ്കൽ നിക്ഷേപിക്കുന്ന പണി ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കും;വിശദമാക്കുമോ?

## കൊല്ലം തുറുമുഖത്തെ ചരക്ക്- ഗതാഗത സർവ്വീസ്

**2261.**
ശ്രീ . എം . മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )
കൊല്ലം തുറുമുഖത്തിലെ ചരക്ക് ഗതാഗത സർവ്വീസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും തുറമുഖത്തെ എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യമുള്ള എൻട്രി-എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിനുമായി കേന്ദ്രസർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് തുറുമുഖത്ത് ഏർപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നത് എന്നും ആയതിൻ മേൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ';
( ബി )
ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കൊല്ലം പാസഞ്ചർ ഷിപ്പ് ടെർമിനൽ നിർമ്മാണം

**2262.**
ശ്രീ . എം . മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഘട്ടത്തിൽ തുറമുഖത്ത് നിന്നും പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി കേരളാ മാരിടൈം ബോർഡ് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

( ബി )

പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിന് ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി-എക്സിറ്റ് പോയിന്റായി കൊല്ലം തുറമുഖത്തെ പ്രഖ്യാപിക്കുന്നതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെട്ട പ്രൊപ്പോസലാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇക്കാര്യം ഏത് ഫയലിലാണ് പരിശോധിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; ഫയൽ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ?

## <u>കോന്നിയിലെ ജില്ലാ പൈതൃക മ്യൂസിയം</u>

**2263.**

ശ്രീ. കെ.യു. ജനീഷ് കുമാ**ർ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കോന്നിയിൽ അനുവദിച്ച ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ആയതിന്റെ ഉദ്ഘാടനം എന്നത്തേക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>കൊച്ചിയിലെ അവർ ലേഡി ഓഫ് ഹോപ്പ് സംരക്ഷിതസ്മാരകമാക്കുന്നതിന് നടപടി</u>

**2264.**

ശ്രീ . ജോ**ൺ** ഫെ**ർ**ണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊച്ചിയിലെ വൈപ്പിനിൽ സ്ഥിതി ചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ആംഗ്ലോ ഇന്ത്യൻ പള്ളിയായ അവർ ലേഡി ഓഫ് ഹോപ്പിനെ സംരക്ഷിത സ്മാരകമാക്കുന്നതിനായുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

( ബി )

ഇല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

( സി )

പ്രസ്തുത വിജ്ഞാപനം എന്നത്തേയ്ക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>കല്ല്യാശ്ശേരി മാടായി പള്ളിയുടെ സംരക്ഷണം</u>

**2265.**

ശ്രീ റ്റി . വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ മാടായി പള്ളിയെ ചരിത്രസ്മാരകമായി സംരക്ഷിക്കുന്നത് സംബന്ധിച്ച് പഴശ്ശിരാജാ മ്യൂസിയം ചാർജ്ജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയുടെ പുനരുദ്ധാരണം

**2266.**
ശ്രീ . ജോ**ൺ** ഫെ**ർ**ണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊച്ചി നിയോജക മണ്ഡലത്തിലെ മട്ടാഞ്ചേരി വില്ലേജിലെ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം ചെയ്തിട്ടുള്ളതും 2019 സെപ്റ്റംബറിൽ ഭാഗികമായി തകർന്നു വീഴുകയും ചെയ്ത കറുത്ത ജൂതപ്പള്ളിയുടെ (സിനഗോഗ്) സ്ഥലമെടുപ്പിനും പുനരുദ്ധാരണത്തിനുമായി അനുവദിച്ച തുക എത്രയെന്നും പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

## കണ്ണൂർ ചന്തപ്പുരയിലെ തെയ്യം മ്യൂസിയം

**2267.**
ശ്രീ റ്റി . വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

7.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം നി**ർ**മ്മാണം ടെണ്ടർ നടപടി പൂർത്തിയാക്കി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ട്രാംവെ റെയിൽ മ്യൂസിയം

**2268.**
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

( ബി )

എന്തെല്ലാമാണ് നിർദ്ദിഷ്ട ട്രാംവെ റെയിൽ മ്യൂസിയം നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## മുസിരിസ് പൈതൃക ഗവേഷണ കേന്ദ്രം

**2269.**

ശ്രീ. വി. ആ**ര്‍**. സുനി**ല്‍** കുമാ**ര്‍** : താഴെ കാണുന്ന ചോദ്യങ്ങ**ള്‍**ക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊടുങ്ങല്ലൂര്‍ മണ്ഡലത്തില്‍ സ്ഥിതി ചെയ്യുന്ന മുസിരിസ് പൈതൃക ഗവേഷണ കേന്ദ്രത്തില്‍ നിന്നും ഈ സര്‍ക്കാര്‍ നിലവില്‍ വന്നതിന്ശേഷം എത്ര താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു എന്നറിയിക്കുമോ;

( ബി )

പിരിച്ചുവിട്ട ജീവനക്കാര്‍ക്ക് ശമ്പള കുടിശ്ശിക നല്‍കാനുണ്ടോ എന്നറിയിക്കുമോ;

( സി )

ശമ്പള കുടിശ്ശിക എന്നേത്തേക്ക് നല്‍കുമെന്ന് അറിയിക്കുമോ?

## പുകയില പണ്ടകശാലയുടെ സംരക്ഷണം

**2270.**

ശ്രീ . എം . മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങ**ള്‍**ക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

കൊല്ലം നഗരത്തിന്റെ വ്യാപാര-വാണിജ്യ ചരിത്രവുമായി ബന്ധപ്പെട്ടതും വാസ്തു ശില്‍പ ഭംഗിയുള്ളതുമായ പുകയില പണ്ടകശാലയുടെ ശോചനീയാവസ്ഥ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

( ബി )

സംസ്ഥാന വെയര്‍ഹൗസിംഗ് കോര്‍പ്പറേഷന്റെ ഗോഡൗണായി പ്രവര്‍ത്തിച്ച് വരുന്ന നൂറ് വര്‍ഷത്തിലേറെ പഴക്കമുള്ള ഈ സ്മാരകത്തിന്റെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുമോ?

## പ്രാചീന സ്മാരകങ്ങളുടെ സംരക്ഷണം

**2271.**

ശ്രീ. കെ. ആ**ന്‍**സല**ന്‍**

ശ്രീ. കെ. ജെ. മാക്സി

ശ്രീമതി വീണാ ജോ**ര്‍**ജ്ജ്

ശ്രീ കെ.വി.അബ്ദു**ള്‍** ഖാദ**ര്‍** : താഴെ കാണുന്ന ചോദ്യങ്ങ**ള്‍**ക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്ര സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളായി

പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

( ബി )

കേരള പ്രാചീനസ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കൂടുതൽ ചരിത്രസ്മാരകങ്ങൾ കണ്ടെത്തുന്നതിനും അവയെ സംരക്ഷിതസ്മാരകങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

( സി )

നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃകനിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തുന്നതിന് നവീനവും ശാസ്ത്രീയവുമായ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>ഇടനാട് തൂക്കുപാലത്തിന്റെ സംരക്ഷണം</u>

**2272.**

ശ്രീ. സജി ചെറിയാ**ൻ** : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

ചെങ്ങന്നൂർ മണ്ഡലത്തിലെ ചരിത്ര പൈതൃകങ്ങളോടുകൂടിയ പഴക്കം ചെന്ന പാലങ്ങൾ പുരാവസ്തു വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ;

( ബി )

ചെങ്ങന്നൂരിലെ ഇടനാട് തൂക്കുപാലം സംരക്ഷിക്കുന്ന വിഷയം പുരാവസ്തു വകുപ്പിന്റെ പരിഗണനയിൽ ഉൾപ്പെടുത്തുമോ?

## <u>പുരാവസ്തു വകുപ്പിനെ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടി</u>

**2273.**

ശ്രീ . സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങ**ൾ**ക്കു തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

( എ )

പുരാവസ്തു വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

( ബി )

വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുവാൻ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?